# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2020 മാർച്ച് വോള്യം: 8 ലക്കം:8

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള

കലാപത്തിന്റെ ലക്ഷ്യം
വംശഹത്യ



07

ഇന്ത്യ അമേരിക്കയുടെ
സാമന്ത രാജ്യമാകുന്നു



11

കുറയുന്ന വേതനം
മരവിക്കുന്ന വേതനം
സവേര 15

മഹാ ലയനങ്ങളും
യെസ് ബാങ്ക് പതനവും
സി ജെ നന്ദകുമാർ 18

22 അസ്ഥിത്വ പ്രതിസന്ധിയിൽ
മുതലാളിത്തം
ജോസഫ് ഇ സ്റ്റിഗ്ലിറ്റ്സ്

ലൈഫ് മിഷൻ
രണ്ടാം ഘട്ടം പൂർത്തിയായി



27

35 സിഐടിയു സംസ്ഥാന
പഠന സ്കൂൾ

കൊറോണയും
സാമ്പത്തികമാന്ദ്യവും



45
സജി വർഗ്ഗീസ്

49 സംഘടനാ വാർത്തകൾ

അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് &
പബ്ലിഷിംഗ് കമ്പനി, തിരുവനന്തപുരം

# ഡൽഹി കലാപം ആസൂത്രിതം

2020 മാർച്ച് 23 മുതലാണ് രാജ്യതലസ്ഥാനമായ ഡൽഹി നഗരത്തിൽ വർഗീയ കലാപം ആളിക്കത്തിയത്. മൂന്ന് ദിവസം കലാപകാരികൾ യഥേഷ്ടം അക്രമങ്ങൾ നടത്തി. ലഭ്യമായ വിവരമനുസരിച്ച് 53 മനുഷ്യർ മൃഗീയമായി കൊല്ലപ്പെട്ടു. ഇവരിൽ രണ്ട് പോലീസുദ്യോഗസ്ഥരും ഉൾപ്പെടും. ആയിരക്കണക്കിനാളുകൾക്ക് പരിക്കേറ്റു. നിരവധി വീടുകൾ അഗ്നിക്കിരയായി. കച്ചവട സ്ഥാപനങ്ങളും വാഹനങ്ങളും തകർക്കപ്പെട്ടു. കലാപം വരുത്തിവെച്ച നാശനഷ്ടങ്ങൾ ഇത് വരെ തിട്ടപ്പെടുത്തിയിട്ടില്ല. കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകിയിട്ടില്ല. ജനങ്ങൾ ഇപ്പോഴും പരിഭ്രാന്തിയിലാണ്.

വടക്ക് കിഴക്കൻ ഡൽഹിയിലെ ചാന്ദ്ബാഗ്, ജാഫറാബാദ്, കരവാൽനഗർ, മൗജ്പൂർ പ്രദേശങ്ങളിലാണ് കലാപം നടന്നത്. തലസ്ഥാന നഗരം കത്തിയെരിയുമ്പോൾ പ്രധാനമന്ത്രി അമേരിക്കൻ പ്രസിഡൻറിന് വരവേല്പ് നൽകുന്ന തിരക്കിലായിരുന്നു. ഡൽഹി പോലീസിൻറെ ചുമതലയുള്ള കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷായുടെ പൊടിപോലും ആ ദിവസങ്ങളിൽ ആരും കണ്ടില്ല. തെരഞ്ഞെടുപ്പിൽ ജയിച്ച് വീണ്ടും മുഖ്യമന്ത്രി പദമേറ്റെടുത്ത ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളും കലാപം നടക്കുന്ന സമയത്ത് മാറി നിന്നു. അക്രമികൾക്ക് യഥേഷ്ടം അഴിഞ്ഞാടാൻ അവസരമൊരുക്കി. ഡൽഹി പോലീസ് നിഷ്ക്രിയരായി നിന്നു കൊടുത്തു.

ഡൽഹി പോലീസിന്റെ നിയന്ത്രണം കേന്ദ്ര സർക്കാരിനാണ്. ലഫ്റ്റ്നൻറ് ഗവർണർക്കാണ് ചുമതല. ഡൽഹി പോലീസ് അംഗസംഖ്യ 80,000 ത്തോളം വരും. ഇതിനു പുറമെ 7600 കേന്ദ്ര സേനയും ഡൽഹിയിലുണ്ട്. ആവശ്യമെങ്കിൽ സൈന്യത്തിന്റെ സഹായവും തേടാം. എന്നാൽ, തലസ്ഥാന നഗരം നാല് ദിവസം തുടർച്ചയായി കലാപത്തിൽ അമർന്നപ്പോൾ ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കാൻ ആരുമുണ്ടായില്ല. ഭരണ സംവിധാനമാകെ, മുൻകൂട്ടി നിശ്ചയിച്ച പ്രകാരം നിർവികാരമായി നോക്കി നിൽക്കുകയായിരുന്നു.

ഫെബ്രുവരി 23 ന് ജാഫറാബാദ് മെട്രോസ്റ്റേഷന് മുമ്പിൽ പൗരത്വനിയമത്തിനെതിരായി നടക്കുന്ന പ്രതിഷേധ ധർണക്ക് നേരെ സംഘപരിവാർ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധ റാലിയാണ് അക്രമങ്ങൾക്ക് തിരി കൊളുത്തിയത്. റാലിയെ അഭിസംബോധന ചെയ്തുകൊണ്ട് ബിജെപി നേതാവ് കപിൽ മിശ്ര നടത്തിയ പ്രകോപന പ്രസംഗമാണ് അനുയായികളെ അക്രമത്തിലേക്ക് തള്ളിവിട്ടത്. പൗരത്വ നിയമത്തിനെതിരായി ധർണ നടത്തുന്നത് ഉടൻ അവസാനിപ്പിച്ചില്ലെങ്കിൽ തങ്ങൾ നേരിട്ടിടപെടുമെന്നായിരുന്നു മിശ്രയുടെ താക്കീത്. ഉയർന്ന പോലീസുദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ജനങ്ങളെ പ്രകോപിതരാക്കി അക്രമത്തിലേക്ക് പ്രേരിപ്പിച്ച പ്രസംഗം നടത്തിയ കപിൽ മിശ്രക്കെതിരെ നാളിതുവരെ ഒരു എഫ്ഐആർ പോലും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ കപിൽ മിശ്രക്ക് നേരെ നിയമാനുസൃതം നടപടി ഉണ്ടാവണമെന്ന് നിർദേശിച്ച ഡൽഹി ഹൈക്കോടതി ജഡ്ജി ആ ദിവസം അർധരാത്രി തന്നെ സ്ഥലം മാറ്റപ്പെട്ടു. രാജ്യം എങ്ങോട്ട് പോകുന്നു എന്നതിന്റെ ദിശാസൂചികയാണ് ഈ സംഭവങ്ങൾ.

2019 ഡിസംബറിൽ പൗരത്വ ഭേദഗതി നിയമം പാർലമെന്റ് പാസാക്കിയത് മുതൽ ഈ നിയമത്തിനെതിരെ രാജ്യ വ്യാപകമായി പ്രതി

ഷേധമുയർന്നു. വിദ്യാർത്ഥികളും യുവാക്കളും ഈ പ്രക്ഷോഭത്തിന്റെമുൻനിരയിലുണ്ടായിരുന്നു. സർവകലാശാലകളും കോളേജുകളും സമരകേന്ദ്രങ്ങളായി. ചരിത്രകാരന്മാർ, കലാകാരന്മാർ സാഹിത്യകാരന്മാർ തുടങ്ങിയവരെല്ലാം ഈ സമരത്തിൽ അണി ചേർന്നു. ഈ പ്രക്ഷോഭത്തിലണിനിരന്നവർ ഒരു കയ്യിൽ ഇന്ത്യൻ ഭരണഘടനയും മറു കയ്യിൽ ത്രിവർണ പതാകയും ഏന്തി. തികച്ചും മതനിരപേക്ഷമായ മുന്നേറ്റമാണ് എങ്ങും ദൃശ്യമായത്. കേരളത്തിൽ എൽഡിഎഫ് സർക്കാർ പ്രതിപക്ഷത്തെയാകെ യോജിപ്പിച്ച്, പൗരത്വ നിയമത്തിനെതിരെ ശബ്ദമുയർത്തി. ഏഴ് ദശലക്ഷം പേർ പങ്കെടുത്ത കേരളത്തിലെ മനുഷ്യമഹാ ശൃംഖല ചരിത്രമായി മാറി.

ഈ പ്രക്ഷോഭത്തിന് നേരെ ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ക്രൂരമായ അടിച്ചമർത്തലുണ്ടായി. യുപിയിൽ 23 പേരും കർണാടകത്തിൽ 2 പേരും ആസാമിൽ 5 പേരും കൊല്ലപ്പെട്ടു. നൂറുകണക്കിനാളുകളെ കേസിൽ കുടുക്കി ജിയിലിലടച്ചു. പൗരത്വ നിയമത്തിനെതിരെ പ്രതിഷേധിച്ച ജാമിയ - മിലിയ, അലിഗഡ്, ജെഎൻയു സർവകലാശാല വിദ്യാർത്ഥികൾക്ക് നേരെ അതിനിഷ്ഠൂരമായ അക്രമമാണ് പോലീസ് നടത്തിയത്. ക്ലാസ് മുറികളിലും ഹോസ്റ്റലുകളിലും വിദ്യാർത്ഥികളെ തല്ലിച്ചതച്ചു. പെൺകുട്ടികളോട് പോലും ദാക്ഷിണ്യം കാണിച്ചില്ല. 2019 ലെ ലോകസഭാ തെരഞ്ഞെടുപ്പിൽ വലിയ വിജയം നേടിയ ബിജെപിയുടെ എല്ലാ കണക്ക് കൂട്ടലും തെറ്റിച്ച ജനരോഷത്തെ ചോരയിൽ മുക്കിക്കൊല്ലാനാണ് ഭരണകൂടം ശ്രമിച്ചത്.

ഈ പ്രക്ഷോഭങ്ങളുടെ തുടർച്ചയാണ് ഡൽഹിയിൽ 'ഷഹീൻബാഗിൽ' സ്ത്രീകളുടെ വലിയ പ്രതിഷേധ സമരം ആരംഭിക്കുന്നത്. വിദ്യാർത്ഥിനികൾ മുതൽ പ്രായമായ സ്ത്രീകൾ വരെ, ഈ പ്രക്ഷോഭത്തിൽ അണിനിരന്നു. ഈ സമരം രാജ്യത്തിന്റെ നാനാ ഭാഗത്തേക്കും പടർന്നു. 'ഷഹീൻ ബാഗ്' ജനകീയ പ്രതിരോധത്തിന്റെ പര്യായപദമായി മാറി. 2019ലെ തെരഞ്ഞെടുപ്പിലെ ജനവിധി, തങ്ങളുടെ 'ഹിന്ദുത്വ' രാഷ്ട്രീയ അജണ്ടകൾ നടപ്പാക്കാനുള്ള ലൈസൻസായി കണക്കാക്കി, ഭരണഘടനയും മതനിരപേക്ഷതയും ജനാധിപത്യ മൂല്യങ്ങളും തകർത്ത് മുന്നേറിയ സംഘപരിവാറിനെ പ്രതിരോധത്തിലാക്കിയ ജനങ്ങളുടെ യോജിച്ച പ്രസ്ഥാനം അവരെ അമ്പരപ്പിച്ചു. ജാർഖണ്ഡ്, ഡൽഹി സംസ്ഥാനങ്ങളിലെ അസംബ്ലി തെരഞ്ഞെടുപ്പുകളിലെ തോൽവിയും കൂടിയായപ്പോൾ മോഡി ഷാ സംഘം പ്രതിരോധത്തിലായി. വർഗീയ കലാപങ്ങളിലൂടെ ജനങ്ങളെ ഭിന്നിപ്പിക്കുക എന്ന അറ്റകൈ പ്രയോഗത്തിന് സംഘപരിവാറിനെ പ്രേരിപ്പിച്ചത് ഈ സാഹചര്യമാണ്.

വികസനം മുദ്രാവാക്യമാക്കി, 2016- ൽ അധികാരത്തിൽ വന്ന മോഡി ഭരണത്തിന് കീഴിൽ, രാജ്യം ഗുരുതരമായ സാമ്പത്തിക മാന്ദ്യത്തിലായി. സാമ്പത്തിക വളർച്ച കുറഞ്ഞു. വ്യവസായ മേഖല തകർന്നു. ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. തൊഴിലില്ലായ്മ നിരക്ക്, കഴിഞ്ഞ അരനൂറ്റാണ്ടിനിടയിലെ ഉയർന്ന നിരക്കിലെത്തി. വരുമാനം നഷ്ടപ്പെട്ട ജനങ്ങളുടെ വാങ്ങൽ കഴിവ് ഇടിഞ്ഞപ്പോൾ രാജ്യം ആകെ മാന്ദ്യത്തിലേക്ക് നീങ്ങി. ജീവിത പ്രശ്നങ്ങളുയർത്തി, തൊഴിലാളി-കർഷക ജനത പ്രക്ഷോഭത്തിനിറങ്ങി. 2020 ജനുവരി 8 ന്റെ ദേശീയ പണിമുടക്കം ചരിത്ര വിജയമായി മാറി. ഈ ജനകീയ ഐക്യത്തെ തകർക്കുക എന്നതായി സംഘപരിവാറിന്റെ ലക്ഷ്യം.

ഈ പശ്ചാത്തലത്തിൽ വേണം ഡൽഹി കലാപത്തെ കാണാൻ. ഈ കലാപം ഭരണകൂടം നേതൃത്വം നൽകിയ കലാപമാണ്. അതാണ്, പോലീസിന് നിഷ്ക്രിയമാകാൻ കാരണം. ഡൽഹി കലാപത്തിൽ പങ്കെടുത്ത ക്രിമിനലുകൾ അധികവും സമീപ സംസ്ഥാനങ്ങളിൽ നിന്നെത്തിയവരായിരുന്നു. കലാപത്തിൽ കൊല്ലപ്പെട്ടവരിൽ ഭൂരിപക്ഷവും വെടിയേറ്റാണ് മരണപ്പെട്ടത്. അക്രമികൾ വ്യാപകമായി തോക്കുകൾ ഉപയോഗിച്ചു. മുൻകൂട്ടി തയാറെടുപ്പ് നടത്താതെ ഇത്രയധികം ആയുധങ്ങൾ ഉപയോഗിക്കാൻ കഴിയുമായിരുന്നില്ല. ഏൽപിച്ച ദൗത്യം നിറവേറ്റിയ ക്രിമിനലുകൾ എല്ലാവരും തങ്ങളുടെ താവളങ്ങളിലേക്ക് രക്ഷപ്പെടുകയും ചെയ്തു.

കലാപം നടന്ന പ്രദേശങ്ങളിലെ നിവാസികളിൽ മഹാഭൂരിപക്ഷവും പാവപ്പെട്ടവരാണ്. അസംഘടിത മേഖലാ തൊഴിലാളികളാണ് ഭൂരിപക്ഷവും. അക്രമികളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കാൻ ഹിന്ദു മുസ്ലീം വ്യത്യാസമില്ലാതെ, ജനങ്ങൾ ഇടപെട്ട അനുഭവങ്ങളുണ്ട്. തങ്ങളുടെ അയൽവാസികളെയും സുഹൃത്തുക്കളെയും രക്ഷിക്കാൻ മതവ്യത്യാസമില്ലാതെ ഇടപെട്ട സംഭവങ്ങളുണ്ട്. ആരാധനാലയങ്ങൾ സംരക്ഷിക്കാൻ മതവ്യത്യാസമില്ലാതെ ജനങ്ങൾ അണിനിരന്ന അനുഭവങ്ങളുമുണ്ട്.

കലാപ സമയത്ത് സ്ഥലത്തെത്തിയ മാധ്യമ പ്രവർത്തകർക്ക് നേരെയും ഗുണ്ടകൾ ആക്രമണം നടത്തി. മാധ്യമ പ്രവർത്തരെ തടഞ്ഞ് വെച്ച് ഏത് മതക്കാരാണെന്ന് തിരക്കുന്ന അനുഭവങ്ങളുണ്ടായി. സാമൂഹ്യ മാധ്യമങ്ങൾ

വഴിയാണ് പല വാർത്തകളും പുറം ലോകത്തെത്തിയത്. പരിക്കേറ്റ് കിടന്നവരെ ആശുപത്രിയിലെത്തിക്കാൻ വാഹനങ്ങൾ ലഭിച്ചില്ല. പോലീസിനോട് സഹായമഭ്യർത്ഥിച്ചിട്ടും നിരസിക്കപ്പെട്ടു. കലാപ ദിവസങ്ങളിൽ വിവിധ പോലീസ് സ്റ്റേഷനുകളിലേക്ക് ചെന്ന 13000ത്തിലേറെ ടെലിഫോൺ വിളികൾ അധികൃതർ ശ്രദ്ധിച്ചില്ല. കലാപകാരികളുടെ ദൗത്യം പൂർത്തീകരിക്കുന്നത് വരെ നിഷ്ക്രിയരായി നിൽക്കാനുള്ള കല്പന അനുസരിക്കുകയായിരുന്നു നിയമപാലകർ. കലാപം നടന്ന മൂന്നാം ദിവസം പ്രധാനമന്ത്രിയുടെ രാജ്യരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ സംഭവ സ്ഥലം സന്ദർശിച്ചു. 'സംഭവിച്ചത് സംഭവിച്ചു' എന്നായിരുന്നു അദ്ദേഹത്തിന്റെ തൽസമയത്തെ പ്രതികരണം. കൊലയാളികളെയും അക്രമികളെയും പിടികൂടുമെന്ന ഒരുവാക്കുപോലും അദ്ദേഹം പറഞ്ഞില്ല. രാജ്യത്തെ ഞെട്ടിപ്പിച്ച ഈ സംഭവത്തിൽ ദുഖ പ്രകടനം നടത്താൻ പ്രധാനമന്ത്രിയും ആഭ്യന്ത്യര മന്ത്രിയും തയാറായില്ല. ഇവരെല്ലാം നൽകുന്ന സൂചന ഈ കലാപം ആസൂത്രിതമായിരുന്നു എന്നാണ്.

ഡൽഹി കലാപത്തിൽ കൊല്ലപ്പെട്ടവരിൽ ഇരു സമുദായക്കാരുണ്ടെങ്കിലും ബഹുഭൂരിപക്ഷവും മുസ്ലീങ്ങളാണ്. കൊച്ചുകുട്ടികൾ മുതൽ വൃദ്ധർവരെ അക്കൂട്ടത്തിൽ പെടും. ചില മൃതദേഹങ്ങൾ തിരിച്ചറിഞ്ഞിട്ടില്ല. വാഹനങ്ങൾ, കച്ചവട സ്ഥാപനങ്ങൾ മുതലായ സ്വത്തുവകകൾ നഷ്ടപ്പെട്ടവരിലും മഹാഭൂരിപക്ഷവും മുസ്ലീങ്ങളാണ്. പരിക്കേറ്റവരും മരണമടഞ്ഞവരുടെ ബന്ധക്കളും നൽകുന്ന പരാതികൾ സ്വീകരിച്ച് കേസ് രജിസ്റ്റർ ചെയ്യാൻ പോലും പോലീസ് സന്നദ്ധമാകുന്നില്ല എന്ന പരാതിയുമുണ്ട്. ഇതെല്ലാമാണ് ഭരണകൂട പ്രേരിത കലാപമെന്ന സ്വഭാവം ഡൽഹി കലാപത്തിന് കൈവരുന്നത്.

കലാപത്തിനു ശേഷം മാർച്ച് രണ്ടിനാണ് പാർലമെന്റ് സമ്മേളനം ചേർന്നത്. ആദ്യ ദിവസം തന്നെ ഡൽഹി കലാപം സംബന്ധിച്ച് പാർലമെന്റ് ചർച്ച ചെയ്യണമെന്ന പ്രതിപക്ഷ ആവശ്യം സർക്കാർ അംഗീകരിച്ചില്ല. തുടർന്ന് ഒരാഴ്ക്കാലം പാർലമെൻറ് സമ്മേളനം തടസപ്പെട്ടു. ഇന്ത്യക്ക് പുറത്ത് പല രാജ്യങ്ങളിലും ഡൽഹി കലാപം ചർച്ചയായി. ബ്രിട്ടീഷ് പാർലമെന്റിൽ ഈ പ്രശ്നം ചർച്ച ചെയ്യപ്പെട്ടു. എന്നിട്ടും രാജ്യ തലസ്ഥാനത്ത് നടന്ന ഒരു സംഭവം ഇന്ത്യൻ പാർലമെന്റിൽ ചർച്ച ചെയ്യാൻ മോഡി സർക്കാർ സന്നദ്ധമായില്ല. ഡൽഹി കലാപം സംബന്ധിച്ച് ചർച്ച ചെയ്തതിനു ശേഷമേ സഭാ നടപടികളുമായി സഹകരിക്കൂ എന്ന പ്രതിപക്ഷത്തിന്റെ ഉറച്ച നടപടികൾക്കു മുന്നിൽ ഒടുവിൽ സർക്കാരിന് വഴങ്ങേണ്ടി വന്നു. മാർച്ച് 11 ന് ലോക സഭയിലും 12 ന് രാജ്യ സഭയിലും ഈ പ്രശ്നം ചർച്ച ചെയ്തു. ഈ ചർച്ചകളിൽ വർഗീയ ഭ്രാന്ത് പ്രകടിപ്പിക്കുന്ന പ്രസംഗങ്ങളാണ് ബിജെപി അംഗങ്ങൾ നടത്തിയത്. മനുഷ്യ ജീവൻ നഷ്ടപ്പെട്ടതിൽ ഒരു ദുഖവും അവരിൽ കണ്ടില്ല. ചർച്ചകൾക്ക് മറുപടി പറഞ്ഞ ആഭ്യന്തര മന്ത്രി അമിത്ഷാ ഡൽഹി പോലീസിനെ ന്യായീകരിക്കുകയാണ് ചെയ്തത്. ഇത്രയും ഭീകരമായ ഒരു സംഭവം നടന്നതിനെ കുറിച്ച് പാര്ലമെൻറിൽ ഒരക്ഷരം പറയാൻ പ്രധാനമന്ത്രി കൂട്ടാക്കിയില്ല.

ഡൽഹി കലാപം അന്വേഷിക്കാൻ മൂന്ന് പോലീസ് ഓഫീസർമാരെയാണ് സർക്കാർ ചുമതല ഏല്പിച്ചത്. അവരാകട്ടെ ജാമ്യയ, ജെഎൻയു സമരക്കാർക്കു നേരെ അതിക്രമം കാണിച്ച് കുപ്രസിദ്ധി നേടിയവരുമാണ്. സംഭവത്തെ കുറിച്ച് ജുഡിഷ്യൽ അന്വേഷണം വേണമെന്ന് ഇടതുപക്ഷം പാർലമെന്റിൽ ആവശ്യപ്പെട്ടെങ്കിലും സർക്കാർ അംഗീകരിച്ചില്ല. 2002 ലെ ഗുജറാത്ത് വംശഹത്യക്ക് നേതൃത്വം നൽകിയവർ കേന്ദ്ര ഭരണത്തിന് നേതൃത്വം നൽകുമ്പോൾ ഇതിലപ്പുറം പ്രതീക്ഷിക്കേണ്ടതില്ല. ജനാധിപത്യവും മതനിരപേക്ഷതയും ഭരണഘടനാമൂല്യങ്ങളും സംരക്ഷിക്കാൻ ജനങ്ങളുടെ ഐക്യം ദൃഢമാക്കൽ മാത്രമാണ് പോംവഴി. ജീവിത പ്രശ്നങ്ങളെ ആസ്പദമാക്കി നടത്തുന്ന തുടർച്ചയായ സമരങ്ങളിലൂടെ മാത്രമെ ഈ ഐക്യം കെട്ടിപ്പടുക്കാനാവൂ.



# കലാപത്തിന്റെ ലക്ഷ്യം വംശഹത്യ



ജനാധിപത്യ മതനിരപേക്ഷ ഇന്ത്യയുടെ ഭാവി അപകടത്തിലാണെന്ന് ആവർത്തിച്ച് ഓർമിപ്പിച്ചുകൊണ്ട് വടക്കുകിഴക്കൻ ഡൽഹി വർഗീയ കലാപത്തിൽ അമർന്നു. പൗരത്വ ഭേദഗതി നിയമത്തിനെതിരെ തുടരുന്ന പ്രതിഷേധത്തെ തകർക്കാൻ ലക്ഷ്യമിട്ട് സംഘപരിവാർ തുടങ്ങിയ കലാപത്തിൽ 57 പേർക്ക് ജീവൻ നഷ്ടപ്പെട്ടു. നേരത്തെ യുപിയിൽ 21 പേരും കർണാടകത്തിൽ രണ്ടുപേരും കൊല്ലപ്പെട്ടിരുന്നു. ഡൽഹിയിൽ കൊല്ലപ്പെട്ടവരിൽ ഒരു പോലീസ് ഉദ്യോഗസ്ഥനും ഉൾപ്പെടും. ഒരു മതവിഭാഗത്തിന്റെ മാത്രം കടകളും വീടുകളും വാഹനങ്ങളും തെരഞ്ഞുപിടിച്ച് കത്തിക്കുകയും നശിപ്പിക്കുകയുമായിരുന്നു. പെട്രോൾ പമ്പുകളും അഗ്നിക്കിരയാക്കി. ജഫ്രബാദിൽ പള്ളി കത്തിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളും ഫാക്ടറികളും അടഞ്ഞുകിടന്നു. ഇതര സംസ്ഥാന തൊഴിലാളികളും മുസ്ലീങ്ങളും വടക്കു കിഴക്കൻ ഡൽഹിയിൽ നിന്നു കൂട്ടത്തോടെ പാലായനം ചെയ്തു. തോക്കുകളുമായി 'ജയ്ശ്രീരാം' വിളിച്ചാണ് കലാപകാരികൾ അഴിഞ്ഞാടിയത്. മാധ്യമപ്രവർത്തകർ പോലും ആക്രമിക്കപ്പെട്ടു. രാജ്യതലസ്ഥാനത്ത് നിയമവാഴ്ച പൂർണമായും തകർന്നു. എന്നിട്ടും അമിത്ഷായും ഡൽഹി പോലീസും പറഞ്ഞത് സ്ഥിതി നിയന്ത്രണ വിധേയമാണെന്നാണ്. ഗുജറാത്ത് മോഡലിലുള്ള കലാപമാണ് ഡൽഹിയിലും ആവർത്തിക്കുന്നത്. രണ്ട് ഗുജറാത്തുകാർ കേന്ദ്രഭരണത്തിന്റെ ചുക്കാൻ പിടിക്കുന്ന വേളയിലാണ് ഇത്.

കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ കീഴിലുള്ള ഡൽഹി പോലീസാകട്ടെ കലാപം അടിച്ചമർത്തുന്നതിനു പകരം കലാപകാരികളെ സഹായിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. സിഎഎ വിരുദ്ധ പ്രക്ഷോഭകർക്കു നേരെ കല്ലെറിയാൻ കലാപകാരികളോട് പോലീസ് ആവശ്യപ്പെടുന്നതായി റോയിട്ടർ റിപ്പോർട്ട് ചെയ്തു. കലാപകാരികൾ കൊലയും കൊള്ളിവയ്പ്പും നടത്തുമ്പോൾ അമിത്ഷായുടെ പോലീസ് കാഴ്ചക്കാരായി നോക്കി നിൽക്കുകയായിരുന്നു. ജനങ്ങൾ ചൂണ്ടിക്കാട്ടിയിട്ടും തടയാൻ പോലീസ് തയാറാകുന്നില്ലെന്ന പരാതി വ്യാപകമാണ്. ഉത്തർപ്രദേശിലെ കുപ്രസിദ്ധ പിഎസിയെപ്പോലെ ഡൽഹി പോലീസും വർഗീയവൽക്കരിക്കപ്പെട്ടിരിക്കുന്നു എന്നതിനുള്ള ഏറ്റവും അവസാനത്തെ ഉദാഹരണമാണ് ഇത്.

ജാമിയ മിലിയ വിദ്യാർഥികളെ മർദിച്ചപ്പോഴും ജെഎൻയുവിലെ വിദ്യാർത്ഥികളെ സംഘപരിവാർ ഗുണ്ടകൾ ആക്രമിച്ചപ്പോഴും കാഴ്ചക്കാരായതും ഡൽഹി പോലീസിന്റെ കാവിയണിയൽ പ്രക്രിയയിലേക്കാണ് വിരൽ ചൂണ്ടുന്നത്. അമേരിക്കൻ പ്രസിഡൻറ് ഇന്ത്യ സന്ദർശിക്കുന്ന വേളയിലാണ് കലാപം ആരംഭിച്ചത് എന്നത് രാജ്യത്തിന്റെ പ്രതിച്ഛായ നഷ്ടത്തിനു കാരണമായി. കലാപസ്ഥലത്തു നിന്ന് 20 കിലോമീറ്റർ അകലെ അമേരിക്കൻ പ്രസിഡന്റും പ്രതിനിധി സംഘവും താമസിച്ചിരുന്ന ദിവസം തന്നെയാണ് കലാപത്തിനു തുടക്കമായത്.

എന്നിട്ടു പോലും കലാപം നിയന്ത്രിക്കാൻ ചെറുവിരലനക്കാൻ മോഡി അമിത്ഷാ കൂട്ടുകെട്ട് തയാറായില്ല.

കലാപത്തിനു പിന്നിൽ കൃത്യമായ ആസൂത്രണം ഉണ്ടായിരുന്നുവെന്നതിന് നിരവധി സൂചന ലഭ്യമാണ്. കലാപം അടിച്ചമർത്താൻ പോലീസ് തയാറാകാത്തതു മാത്രമല്ല പ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയും തുടരുന്ന മൗനവും ഈ സംശയം ബലപ്പെടുത്തുന്നു. രാജ്യം മുഴുവൻ സിഐഐ വിരുദ്ധ പ്രക്ഷോഭം ശക്തമാകുന്ന സാഹചര്യമാണ് ഉള്ളത്. ആം ആദ്മി പാർടിയിൽ നിന്നു കൂറുമാറി ബിജെപിയിൽ എത്തിയ കപിൽ മിശ്ര നടത്തിയ പ്രസ്താവന തന്നെ സംഘപരിവാർ ആസൂത്രണത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ്.

മൂന്നു ദിവസത്തിനകം സിഎഎ വിരുദ്ധ പ്രക്ഷോഭകരെ നീക്കം ചെയ്യാൻ പോലീസ് തയാറാകണമെന്നും അല്ലാത്തപക്ഷം പോലീസ് പറയുന്നതൊന്നും തങ്ങൾ കേൾക്കില്ലെന്നുമാണ് കപിൽ മിശ്ര പറഞ്ഞത്. മാത്രമല്ല, അമേരിക്കൻ പ്രസിഡൻറ് ട്രംപ് ഇന്ത്യയിൽ നിന്ന് പോകുന്നതുവരെ കാത്തുനിൽക്കുകയാണെന്നും കപിൽ മിശ്ര പറയുകയുണ്ടായി. കലാപത്തിനുള്ള പരസ്യമായ ആഹ്വാനമായിരുന്നു അത്.

ഡൽഹി നിയമസഭയിലേക്ക് മൽസരിച്ചു തോറ്റ കപിൽ മിശ്ര സംസ്ഥാന ബിജെപിയിൽ കടുത്ത വിമർശനത്തിനു വിധേയമാകുന്ന വേളയിലാണ് കലാപാഹ്വാനവുമായി രംഗത്തെത്തിയത്. മാത്രമല്ല, ഹരിയാനയിൽ നിന്നും ഉത്തർ പ്രദേശിൽ നിന്നും വൻതോതിൽ ബജ്രംഗ്ദൾ പ്രവർത്തകർ ഡൽഹിയിൽ എത്തി. അത് അമിത്ഷാ തന്നെ സമ്മതിച്ചിട്ടുണ്ട്.



സിഎഎ വിരുദ്ധ പ്രക്ഷോഭത്തെ തകർക്കുന്നതിനുള്ള വലിയ പദ്ധതിയുടെ ഭാഗമായാണ് വർഗീയ കലാപത്തിനു തിരികൊളുത്തിയിട്ടുള്ളത്. സിഎഎ പാർലമെന്റ് പാസാക്കിയിട്ട് മൂന്നു മാസമായിട്ടും അതിനെതിരെയുള്ള ജനകീയ പ്രതിഷേധം ശമനമില്ലാതെ തുടരുകയാണ്. ഇത് അവസാനിപ്പിക്കാൻ രാജ്യത്തെ വർഗീയാഗ്നിയിലേക്ക് തള്ളിയിടുകയാണ്. വർഗീയ ധ്രുവീകരണം ശക്തമാക്കി അധികാരം നിലനിർത്തുകയും രാജ്യത്തെ ഹിന്ദു രാഷ്ട്രമാക്കി മാറ്റുകയുമാണ് ലക്ഷ്യം. അതിനെതിരെ എല്ലാ ജനാധിപത്യ മതനിരപേക്ഷ വിശ്വാസികളും അണിനിരക്കേണ്ട സമയമാണ് ഇത്.

വർഗീയ ശക്തികൾക്കെതിരെ മതനിരപേക്ഷതയിൽ ഊന്നിനിന്നുകൊണ്ടുള്ള യോജിച്ച പോരാട്ടമാണ് രാജ്യം ഇന്ന് ആവശ്യപ്പെടുന്നത്. ■



# നീതി പീഠവും സമ്മർദ്ദത്തിൽ



ഡൽഹി കലാപത്തിന് കാരണമായ വിദ്വേഷ പ്രസംഗം നടത്തിയ ബിജെപി നേതാക്കൾക്കെതിരെ കേസെടുക്കാൻ നിർദേശിച്ച ഡൽഹി ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എസ് മുരളീധറിനെ രായ്ക്കു രാമാനം പഞ്ചാബ് ഹരിയാന ഹൈക്കോടതിയിലേക്ക് സ്ഥലം മാറ്റി. ആയിരക്കണക്കിനാളുകളെ തീരാദുരന്തത്തിലേക്ക് വലിച്ചെറിഞ്ഞ കലാപത്തിന് ആഹ്വാനവും പിന്തുണയും നൽകിയവരെ നിയമത്തിനു മുന്നിലെത്തിക്കാൻ കോടതികളെപ്പോലും അനുവദിക്കില്ലെന്ന് വ്യക്തമാക്കിയിരിക്കുകയാണ് കേന്ദ്ര സർക്കാർ. ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ ഭാവിയെക്കുറിച്ച് വലിയ ചോദ്യങ്ങളും ഏറെ ആശങ്കകളും ഉയർത്തുന്നതുമാണ് കോടതികളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങൾക്കു മേലുള്ള ഈ കടന്നാക്രമണം.



നിരവധി പേരുടെ മരണത്തിനിടയാക്കിയ കലാപം അമർച്ച ചെയ്യാൻ പോലീസും കേന്ദ്ര സർക്കാരും ബോധപൂർവ്വം മടിച്ചു നിൽക്കുമ്പോഴാണ് കലാപത്തിനു പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിനു മുന്നിലെത്തിക്കാൻ ബുധനാഴ്ച ഡൽഹി ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഉറച്ച ശബ്ദത്തിൽ നിർദേശിച്ചത്. കേന്ദ്ര മന്ത്രി അനുരാഗ് താക്കൂർ, പർവേശ് വർമ എംപി, അഭയ് വർമ എംഎൽഎ, കപിൽ മിശ്ര എന്നിവർ നടത്തിയ വിദ്വേഷ പ്രസംഗങ്ങൾക്കെതിരെയും എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ ജസ്റ്റിസ് എസ് മുരളീധർ അധ്യക്ഷനായ ഡിവിഷൻ ബെഞ്ച് ആവശ്യപ്പെട്ടത്. 25ാം തീയതി അർധരാത്രി സ്വന്തം വീട്ടിൽ മറ്റൊരു ഹർജിയിൽ വാദം കേട്ട ജസ്റ്റിസ് എസ് മുരളീധറും ജസ്റ്റിസ് തല്വന്ത് സിങ്ങും കലാപത്തിൽ പരിക്കേറ്റവരെ ആശുപത്രിയിലെത്തിക്കുന്നതിന് സുരക്ഷയൊരുക്കാനും പോലീസിനോട് നിർദേശിച്ചിരുന്നു.

നരേന്ദ്ര മോഡി മുഖ്യമന്ത്രിയായിരിക്കെ ഗുജറാത്തിൽ പരീക്ഷിച്ച കൂട്ടക്കൊലയുടെ ഇന്ത്യൻ പതിപ്പ് തയാറാക്കുന്ന പണിയാണ് യഥാർഥത്തിൽ ഡൽഹി കലാപത്തിൽ കണ്ടത്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലെ വിജയത്തോടെ സംഘപരിവാർ കൂടുതൽ പ്രാകൃതമായ അതിക്രമങ്ങളിലേക്കും കലാപങ്ങളിലേക്കും നീങ്ങിത്തുടങ്ങി. പൗരത്വ ഭേദഗതി നിയമത്തെ എതിർക്കുന്നവരെ പോലീസിന്റെ സഹായത്തോടെ കടന്നാക്രമിച്ച് ഉത്തർപ്രദേശിലും മംഗലാപുരത്തും ഏറ്റവുമൊടുവിൽ ഡൽഹിയിലും അതിന്റെ പരീക്ഷണമാണ് നടത്തിയത്. ജനാധിപത്യത്തിന്റെ അടിസ്ഥാന ശിലകളും തൂണുകളുമെല്ലാം പഴുതെറിഞ്ഞും മാറ്റിപ്പണിതും ഇന്ത്യയെന്ന ആശയത്തെ തരിപ്പണമാക്കുകയാണ് മോഡി സർക്കാർ. ■

### ഗാന്ധി വധം



മഹാത്മാഗാന്ധിക്കു നേരെ ഹിന്ദുമഹാസഭാ അംഗം നാഥുറാം വിനായക് ഗോഡ്സെ നിറയൊഴിച്ചത് 1948 ജനുവരി 30 ന് ബിർലാ ഹൗസിൽ പ്രാർഥനയ്ക്കായി വേദിയിലേക്ക് കയറുമ്പോഴാണ് വെടിവച്ചത്. മൂന്ന് വെടിയുണ്ടകൾ ശരീരത്തിൽ തുളച്ചു കയറി.

### ഗുജറാത്ത് വംശഹത്യ 2002



2002 ലെ ഗുജറാത്ത് വംശഹത്യയിൽ 1044 പേർ കൊല്ലപ്പെട്ടു. 233 പേരെ കാണാതായി. എന്നാൽ മരണസംഖ്യ 2000 ത്തിലധികമാണെന്നും റിപ്പോർട്ടുകളുണ്ട്. കലാപം തടയുന്നതിന് ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന നരേന്ദ്ര മോഡി നടപടിയൊന്നും കൈക്കൊണ്ടില്ല.

### മുസഫർ നഗർ കലാപം 2013



2013 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ ഉത്തർപ്രദേശിലെ മുസഫർ നഗർ ജില്ലയിൽ നടന്ന കലാപത്തിൽ 62 പേർ കൊല്ലപ്പെട്ടെന്നാണ് ഔദ്യോഗിക കണക്ക്. എന്നാൽ മരണം 200 ലേറെയെന്നാണ് മനുഷ്യാവകാശ സംഘടനകൾ പറയുന്നത്.

### സമരക്കാരെ വെടിവെച്ച് കൊല്ലണമെന്ന് അനുരാഗ് താക്കൂർ



ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണ വേദിയിലാണ് കേന്ദ്ര ധന സഹമന്ത്രി അനുരാഗ് താക്കൂർ വിവിദ പ്രസ്താവനയുമായി രംഗത്തെത്തിയത്. രാജ്യത്തെ വഞ്ചിക്കുന്നവരെ വെടിവച്ചു കൊല്ലണമെന്നായിരുന്നു ആഹ്വാനം. വിവാദ പ്രസ്താവനയുടെ പശ്ചാത്തലത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ അനുരാഗ് താക്കുറിനെ പ്രചാരണത്തിൽ നിന്ന് 72 മണിക്കൂർ വിലക്കി. താക്കുറിൻറെ പ്രസംഗത്തിനു ശേഷമാണ് ഡൽഹിയിൽ വിദ്യാർഥികൾക്കു നേരെ സംഘപരിവാർ പ്രവർത്തകൻ വെടിയുതിർത്തത്.

### പർവേശ് വർമ എംപി



ഡൽഹിയിൽ ബിജെപി അധികാരത്തിലെത്തിയാൽ സർക്കാർ ഭൂമിയിൽ നിൽക്കുന്ന മുസ്ലീം പള്ളികളെല്ലാം പൊളിച്ചുകളയുമെന്നായിരുന്നു ബിജെപി എംപി പർവേശ് വർമയുടെ പ്രസ്താവന. ഡൽഹി മുൻ മുഖ്യമന്ത്രി സാഹിബ് സിങ് വർമയുടെ മകനാണ് പർവേശ് വർമ എംപി. ജനുവരി 28 ന് ഷഹീൻ ബാഗിലെ പ്രതിഷേധക്കാരെ പറ്റി പർവേശ് വർമ നടത്തിയ പരാമർശമാണ് വിവാദമായത്.

### കപിൽ മിശ്ര



അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് ഇന്ത്യയിൽ നിന്ന് പോകുന്നതുവരെ ഞങ്ങൾ സംയമനം പാലിക്കും. അതുകഴിഞ്ഞ് റോഡിൽ നിന്ന് പ്രതിഷേധക്കാർ മാറിയില്ലെങ്കിൽ ഞങ്ങൾ തെരുവുകളിൽ ആഞ്ഞടിക്കും. പോലീസ് പറയുന്നത് കേൾക്കാൻ ഞങ്ങൾ തയാറാകില്ല.

ഫെബ്രുവരി 23 നാണ് മോജ്പൂരിൽ പൗരത്വ നിയമ ഭേദഗതി അനുകൂല റാലിയെ അഭിസംബോധന ചെയ്ത് കപിൽ മിശ്ര വർഗീയ പരാമർശം നടത്തിയത്.

ട്രംമ്പിന്റെ ഇന്ത്യ സന്ദർശനം

# ഇന്ത്യ അമേരിക്കയുടെ സാമന്ത രാജ്യമാകുന്നു



ട്രംമ്പിന്റെ സന്ദർശനത്തിലൂടെ അമേരിക്കയുടെ മേഖലാ രാഷ്ട്രീയ തന്ത്രത്തിന് ഇന്ത്യയെ പൂർണമായും അടിയറ വച്ചിരിക്കുകയാണ് മോഡി. അമേരിക്കയുടെ ലക്ഷ്യം നിറവേറ്റാൻ ഇന്ത്യയുടെ എല്ലാ താൽപര്യവും മോഡി ബലികഴിച്ചു. സന്ദർശനത്തിൻറെ അവസാനം ഇരു നേതാക്കളും പുറത്തിറക്കിയ സംയുക്ത പ്രസ്താവന പ്രതിഫലിക്കുന്നത് ഇതാണ്. അമേരിക്കയുടെ ലക്ഷ്യം നിറവേറ്റാൻ ഇന്ത്യയുടെ എല്ലാ താൽപര്യവും മോഡി ബലികഴിച്ചു. സന്ദർശനത്തിന്റെ അവസാനം ഇരുനേതാക്കളും പുറത്തിറക്കിയ സംയുക്ത പ്രസ്താവന പ്രതിഫലിക്കുന്നത് ഇതാണ്. അമേരിക്കയുടെ തന്ത്രപരവും പ്രതിരോധ സുരക്ഷാ താൽപര്യങ്ങളുമായി ഇന്ത്യയെ പൂർണമായും സംയോജിപ്പിക്കുകയാണ് 'സമഗ്ര' ആഗോളതന്ത്രപരമായ പങ്കാളിത്തംപ്രഖ്യാപനത്തിലൂടെ.

> ”
>
> **അമേരിക്കയുടെ മേഖലാ രാഷ്ട്രീയ തന്ത്രത്തിന് ഇന്ത്യയെ പൂർണമായും അടിയറ വച്ചിരിക്കുകയാണ് മോഡി.**

ഇന്ത്യയെ അമേരിക്കയുടെ വിശ്വസ്ത പ്രതിരോധ പങ്കാളിയാക്കുകയെന്ന ഏക ലക്ഷ്യത്തോടെയാണ് ഇന്തോ അമേരിക്കൻ ആണവ കരാർ ഒപ്പുവച്ചത്. ആണവ കരാർ ഒപ്പുവച്ചതുമുതൽ ഇത് വ്യക്തമായിരുന്നു. അമേരിക്കഇന്ത്യയുടെ മുൻനിര പ്രതിരോധ പങ്കാളിയായിരിക്കുമെന്നും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത് എന്നുമാണ് അഹമ്മദാബാദിലെ പ്രസംഗത്തിൽ ട്രംപ് പറഞ്ഞത്. കഴിഞ്ഞ ഒരു ദശകത്തിനിടയിൽ ഇന്ത്യ അമേരിക്കയിൽ നിന്ന് 1500 മുതൽ 1800 കോടി ഡോളറിന്റെ ആയുധങ്ങളും പ്രതിരോധ സാമഗ്രികളും വാങ്ങിയിട്ടുണ്ട്. ഇന്ത്യയുമായുള്ള ഏതൊരു വ്യാപാര കരാറിനെക്കുറിച്ച് ട്രംപ് ചർച്ച നടത്തുമ്പോഴും ആയുധമാണ് മുന്നിൽ നിൽക്കുക. അമേരിക്കൻ ആയുധ നിർമാതാക്കളിൽ നിന്നും വിലപിടിപ്പുള്ള കൂടുതൽ ആയുധം വാങ്ങാൻ ഇന്ത്യയുടെ മേൽ തുടർച്ചയായി സമ്മർദം ചെലുത്തുകയാണ്. ട്രംപിന്റെ കഴിഞ്ഞ ദിവസത്തെ സന്ദർശനത്തിനിടയിൽ 300 കോടി ഡോളറിന്റെ ആയുധം വാങ്ങാൻ കരാർ ഒപ്പിട്ടു. 2 എംഎച്ച് 60 ആർ നാവിക ഹെലികോപ്റ്ററും ആറ് അപ്പാചെ ഹെലികോപ്റ്റർ വാങ്ങാനുമാണ് കരാർ ഒപ്പിട്ടത്.

പ്രതിരോധ അടിത്തറ കരാറുകളെന്ന് അറിയപ്പെടുന്നതിൽ രണ്ടെണ്ണം ഒപ്പുവച്ചു കഴിഞ്ഞു. ഇതിന്റെ തുടർച്ചയായുള്ള മൂന്നാം ഘട്ട കരാറായ അടിസ്ഥാന കൈമാറ്റ സഹകരണ കരാർ ഉടൻ തന്നെ ഒപ്പിടുമെന്നാണ് കഴിഞ്ഞ ദിവസത്തെ സംയുക്ത പ്രസ്താവന വ്യക്തമാക്കുന്നത്. ഈ മൂന്നു കരാറും യാഥാർഥ്യമാകുന്നതോടെ ഇന്ത്യൻ സായുധസേന ഏഷ്യയിലെ അമേരിക്കൻ സഖ്യകക്ഷികളായ ജപ്പാൻ തെക്കൻ കൊറിയ എന്നിവയുടെ സായുധസേനയെപ്പോലെയായി




മാറും. സംയുക്ത പ്രവർത്തനത്തിലും പരസ്പര സഹകരണത്തിലും അമേരിക്കക്ക് കീഴ്പ്പെട്ടു പ്രവർത്തിക്കേണ്ടി വരും ഇന്ത്യൻ സേന. അമേരിക്കയുടെ ഇന്തോ പസഫിക് സഖ്യത്തിൽ മോഡി സർക്കാർ ഇന്ത്യയെ പൂർണമായും പങ്കാളിയാക്കിയിരിക്കുകയാണെന്ന് സംയുക്ത പ്രസ്താവനയിൽ നിന്ന് വ്യക്തമാകും. അമേരിക്ക, ഇന്ത്യ, ജപ്പാൻ എന്നീ ത്രികക്ഷി സഖ്യവും ഇതോടൊപ്പം ഓസ്ട്രേലിയയെക്കൂടി ഉൾപ്പെടുത്തി ചതുർകക്ഷി സഖ്യം ശക്തിപ്പെടുത്താനുള്ള ചർച്ചകൾ തുടരുന്നു.

ആഭ്യന്തര സുരക്ഷക്കായി അമേരിക്കൻ ആഭ്യന്തര ഏജൻസിയുമായുള്ള സഹകരണം കൂടുതൽ ശക്തിപ്പെടുത്തും. ഇതോടെ ഇന്ത്യയുടെ ആഭ്യന്തര സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അമേരിക്കൻ സുരക്ഷാ ഏജൻസികളുടെ ഇടപെടൽ വർധിക്കും. ഇന്തോ അമേരിക്കൻ ബന്ധത്തെ ബാധിക്കുന്ന യഥാർത്ഥ പ്രശ്നം വ്യാപാര ബന്ധമാണ്. ഇന്ത്യൻ ഉൽപന്നങ്ങൾക്കുള്ള തീരുവ വർധിപ്പിച്ചിട്ടും ഇന്ത്യക്കുള്ള വ്യാപാര പൊതു പരിഗണനാ പദവി എടുത്തുകളഞ്ഞും പലവിധത്തിലും ഇന്ത്യയോട് ശത്രുതാപരമായ സമീപനമാണ് ട്രംപ് സർക്കാർ സ്വീകരിച്ചത്. ഇത്തരം നടപടികൾ എടുത്തശേഷം ഇന്ത്യ ഉൾപ്പെടെയുള്ള വികസിത രാജ്യങ്ങളെ ഇനിമുതൽ ഈ ഗണത്തിൽ ഉൾപ്പെടുത്താൻ കഴിയില്ലെന്ന് നിലപാടാണ് ലോക വ്യാപാര സംഘടനയിൽ (ഡബ്ല്യൂടിഒ) അമേരിക്ക ആവർത്തിക്കുന്നത്.

ഈ വാണിജ്യത്തിൽ അസന്തുലിതമായ കരാർ ഒപ്പിടാൻ അമേരിക്ക ഇന്ത്യക്കുമേൽ തുടർച്ചയായി സമ്മർദ്ദം ചെലുത്തുകയാണ്. വൈദ്യശാസ്ത്ര ഉപകരണങ്ങൾക്ക് വില നിയന്ത്രണം ഏർപ്പെടുത്തുന്ന നയത്തെയും അമേരിക്ക ശക്തമായി എതിർക്കുന്നു. ഇന്ത്യാ സന്ദർശനത്തിനിടയിലെ പ്രസ്താവനകളിലും ഇന്ത്യയുടെ നിലപാട് അംഗീകരിക്കാൻ കഴിയില്ലെന്നാണ് ആവർത്തിച്ചത്. നിർദിഷ്ട ഉഭയകക്ഷി വ്യാപാര കരാറിന്റെ ഒന്നാം ഘട്ടത്തിനുള്ള ചർച്ചകൾ തുടരുമെന്ന് മാത്രമാണ് സംയുക്ത പ്രസ്താവനയിൽ പറഞ്ഞത്. വ്യാപാരം, ഇ-വാണിജ്യം, പ്രാദേശിക ഡിജിറ്റൽവൽക്കരണം ഉൾപ്പെടെ ഇന്ത്യയുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള എല്ലാ ചർച്ചകൾക്കുമുള്ള അവസരങ്ങൾ മോഡി സർക്കാർ ഉപേക്ഷിച്ചിരിക്കുകയാണ്.

തന്ത്രപരമായ ബന്ധം സ്ഥാപിക്കുന്നതിന്റെ അവസാന ഘട്ടത്തിൽ എത്തിയിരിക്കുകയാണ് ഇരു രാഷ്ട്രങ്ങളും. ഇന്ത്യയുടെ തന്ത്രപരമായ സ്വയം നിർണയാവകാശവും സ്വതന്ത്ര വിദേശനയം പിന്തുടരാനുള്ള ശേഷിയും പൂർണമായും നഷ്ടപ്പെടുകയാണ്. അടുത്തിടെ ഇറാനിലെ ഉന്നത സൈനിക കമാൻഡറായ സുലൈമാനിയെ വിധിച്ചപ്പോൾ അതിനെ അപലപിക്കാൻ പോലും ഇന്ത്യക്ക് കഴിഞ്ഞില്ല.

മുൻപ് ഇറാനിൽ നിന്നുള്ള എണ്ണ ഇറക്കുമതി നിർത്തിവയ്ക്കണമെന്ന് അമേരിക്ക ആവശ്യപ്പെട്ടപ്പോൾ അത് അക്ഷരം പ്രതി അനുസരിച്ചു. പൂർണമായും ഏകപക്ഷീയമായ ഇസ്രയേൽ



പ്രതിരോധ അടിത്തറ കരാറുകളെന്ന് അറിയപ്പെടുന്നതിൽ രണ്ടെണ്ണം ഒപ്പുവച്ചു കഴിഞ്ഞു. ഇതിൻറെ തുടർച്ചയായുള്ള മൂന്നാം ഘട്ട കരാറായ അടിസ്ഥാന കൈമാറ്റ സഹകരണ കരാർ ഉടൻ തന്നെ ഒപ്പിടുമെന്നാണ് കഴിഞ്ഞ ദിവസത്തെ സംയുക്ത പ്രസ്താവന വ്യക്തമാക്കുന്നത്. ഈ മൂന്നു കരാറും യാഥാർഥ്യമാകുന്നതോടെ ഇന്ത്യൻ സായുധസേന ഏഷ്യയിലെ അമേരിക്കൻ സഖ്യകക്ഷികളായ ജപ്പാൻ തെക്കൻ കൊറിയ എന്നിവയുടെ സായുധസേനയെപ്പോലെയായി മാറും. സംയുക്ത പ്രവർത്തനത്തിലും പരസ്പര സഹകരണത്തിലും അമേരിക്കക്ക് കീഴ്പ്പെട്ടു പ്രവർത്തിക്കേണ്ടി വരും ഇന്ത്യൻ സേന.

പാലസ്തീൻ സമാധാന കരാറിനെ വിമർശിക്കാനും തയാറായില്ല. ഇസ്രയേൽ അധിനിവേശപ്പെടുത്തിയിരിക്കുന്ന പലസ്തീൻ ഭൂപ്രദേശം ഇസ്രയേലിന്റേതാക്കി മാറ്റുന്ന സമാധാന കരാറാണ് ട്രംപ് മുന്നോട്ട് വച്ചത്. ട്രംപിന്റെ ഈ സമാധാന കരാറിനെ അംഗീകരിക്കണമെന്ന വിദേശ മന്ത്രാലയത്തിന്റെ പ്രഖ്യാപനം ഞെട്ടൽ ഉളവാക്കി. ഇത്തരത്തിൽ ഇന്ത്യയെ അമേരിക്കയുടെ സാമന്ത രാഷ്ട്രമാക്കി മാറ്റുന്നതിനായി സ്വീകരിക്കുന്ന ഓരോ നടപടികളെയും സർക്കാരും കോർപറേറ്റ് മാധ്യമങ്ങളും പുകഴ്ത്തുകയാണ്. ട്രംപിന് വിടുവേല ചെയ്യുന്ന മോഡിയുടെ സമീപനം ഇന്ത്യക്ക് കടുത്ത പരിക്കേല്പിക്കുകയാണ്. ■





# ബെക്കാ കരാറിന് വഴങ്ങുന്നു

ഇന്ത്യൻ മഹാസമുദ്രമേഖലയിലെ അമേരിക്കയുടെ സാമന്തരാജ്യമായി ഇന്ത്യയെ മാറ്റുന്ന കരാർ വേഗത്തിലാക്കുന്ന കരാർ ട്രംപ് മോഡി കൂടിക്കാഴ്ചയിലുണ്ടായി. തന്ത്ര പ്രധാന ഭൂപടങ്ങളും ഉപഗ്രഹ ചിത്രങ്ങളുമടക്കം കൈമാറേണ്ടി വരുന്ന അടിസ്ഥാന കൈമാറ്റ സഹകരണ കരാർ (ബെക്കാ) ഒപ്പിട്ടു. ബെക്കാ നിലവിൽ വന്നാൽ നാറ്റോ രാജ്യങ്ങൾക്കു പുറമെ അമേരിക്കയുമായി പ്രതിരോധ മേഖലയിലെ 4 അടിത്തറ കരാറുകളിലും ഒപ്പു വയ്ക്കുന്ന ആദ്യ രാജ്യമാകും ഇന്ത്യ. ജിസോമിയ, ലെമോവ, കോംകാസ എന്നീ മൂന്ന് അടിത്തറ കരാറുകളിൽ ഇന്ത്യ ഇതിനോടകം ഒപ്പുവച്ചു.

ബെക്കാ ഒപ്പുവയ്ക്കാൻ 2018 മുതൽ ചർച്ച പുരോഗമിക്കുകയാണെങ്കിലും ഇന്ത്യയുടെ ഉപഗ്രഹ രഹസ്യങ്ങൾ അമേരിക്കയുടെ പക്കലാകുമെന്ന കാരണത്താൽ മോഡി സർക്കാർ മടിച്ചു നിൽക്കുകയായിരുന്നു. എന്നാൽ കാശ്മീരും, പൗരത്വ നിയമ ഭേദഗതി വിഷയങ്ങൾ ഉയർത്തിയും വ്യാപാര രംഗത്ത് കർക്കശ നിലപാട് തുടർന്നും അമേരിക്ക മോഡിക്കു മേൽ സമ്മർദ്ദം ചെലുത്തി ബെക്കയിലേക്ക് അടുപ്പിക്കുകയായിരുന്നു. ഈ കരാർ ഇന്ത്യക്ക് തന്ത്രപരമായി അപകടം ചെയ്യുമെന്ന് പ്രതിരോധ വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു.

### ജിസോമിയ

പ്രതിരോധ അടിത്തറ കരാറുകളിലെ ജിസോമിയ എന്ന ആദ്യ കരാർ 2002 ൽ വാജ്പെയ് സർക്കാരിന്റെ കാലത്താണ് ഒപ്പിട്ടത്. സൈനിക ഇൻറലിജൻസ് വിവരങ്ങളുടെ കൈമാറ്റമാണ് ഈ കരാറിലൂടെ ഉറപ്പുവരുത്തിയത്.

### ലെമോവ

മോഡി അധികാരത്തിലെത്തിയ ശേഷം 2016 ആഗസ്റ്റിൽ രണ്ടാമത്തെ അടിത്തറ കരാറായ ലൊമോവ (ലോജിസ്റ്റിക്സ് കൈമാറ്റ കരാർ) ഒപ്പുവച്ചു. ഈ കരാർ നിലവിൽ വന്നതോടെ ഇരു രാജ്യങ്ങൾക്കും പ്രതിരോധ സംവിധാനങ്ങൾ പരസ്പരം ഉപയോഗിക്കാമെന്നായി. വിമാനങ്ങൾക്ക് ഇന്ധനം നിറക്കൽ, പടക്കപ്പലുകൾക്ക് നങ്കൂരമിടൽ എന്നിവക്ക് ഇരു രാജ്യങ്ങളും പരസ്പരം സഹകരിക്കണം. ചുരുക്കത്തിൽ ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ ഇന്ത്യയുടെ പ്രതിരോധ പശ്ചാത്തല സൗകര്യങ്ങൾ അമേരിക്കൻ സേനക്ക് യഥേഷ്ടം ഉപയോഗിക്കാൻ വഴിയൊരുങ്ങി.

### കോംകാസ

മൂന്നാമത്തെ കരാറായ കോംകാസ 2018 സെപ്തംബറിലാണ് ഒപ്പിട്ടത്. പ്രതിരോധ ആവശ്യങ്ങൾക്കുള്ള വാർത്താവിനിമയ സംവിധാനങ്ങളുടെ പരസ്പര ഉപയോഗവും സഹകരണവുമാണ് ഇതിലൂടെ ഉറപ്പിച്ചത്. റഷ്യഅടക്കമുള്ള രാജ്യങ്ങളുടെ പ്രതിരോധ ഉപകരണങ്ങൾ ഇന്ത്യ ഉപയോഗിക്കുന്ന പശ്ചാത്തലത്തിൽ ഇവയുടെ സാങ്കേതിക രഹസ്യങ്ങൾ അമേരിക്കക്ക് എളുപ്പത്തിൽ ലഭ്യമാക്കാൻ കോംകാസ വഴിയൊരുക്കുമെന്നാണ് വിമർശനം.

# കുറയുന്ന വേതനം
# മരവിക്കുന്ന വേതനം

സവേര



വണപ്പെരുപ്പവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള വേതനം വർധിക്കാതിരിക്കുകയോ അല്ലെങ്കിൽ കുറച്ചു വർഷങ്ങളായി കുറയുകയോ ചെയ്യുകയാണ്. ഈ സാഹചര്യത്തിൽ തന്നെയാണ് ഇന്ത്യയിലെ എല്ലാ വിഭാഗത്തിൽപ്പെട്ട തൊഴിൽ മേഖലയിലെയും തൊഴിലാളികളുടെ വേതനം ഗണ്യമായി കുറയുകയാണെന്ന ഔദ്യോഗികമായ സ്ഥിതിവിവരക്കണക്കുകൾ പുറത്തുവരുന്നത്. നിലവിൽതന്നെ കുറഞ്ഞ വേതനം കിട്ടുന്ന ഈ തൊഴിലാളികളുടെയും അവരുടെ കുടുംബത്തിന്റെയും ജീവിതസാഹചര്യം തകരുക മാത്രമല്ല, ജനങ്ങളുടെ ക്രയശേഷി അപര്യാപ്തമായതുമൂലം മൊത്തം സമ്പദ്ഘടന താഴേക്കുപോകുകയും ചെയ്യുന്നു. അതേസമയം ഇന്ത്യൻ സമൂഹത്തിലെ വരേണ്യ വിഭാഗങ്ങളുടെ ലാഭവും വരുമാനവും ആസ്തിയുമെല്ലാം ഉയർന്നു പോകുകയാണ്. നാഷണൽ സാംപിൾ സർവേ ഓഫീസ് (ഇപ്പോഴതിന്റെ പേര് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, എൻഎസ്ഒ എന്നാണ്)തൊഴിലിനെക്കുറിച്ചും തൊഴിലില്ലായ്മയെക്കുറിച്ചും നടത്തിയ സർവേയെ അടിസ്ഥാനമാക്കി ആർ ശ്രീവാസ്തവയും ബി പാഥിയുമാണ് ഈ വിശകലനം നടത്തിയത്. വീടുകളിൽ കയറിയുള്ള ഈ ഈ സർവേ നടന്നത് 2004/2005 മുതൽ 2017/2018 കാലയളവ് വരെയാണ്.

### ഏഴുവർഷത്തിൽ വർധിച്ചത് ഒരു ശതമാനം മാത്രം

യഥാർഥ വേതനത്തിൽ 2004/2005 കാലയളവിൽ ഉണ്ടായ വർധന 5.5 ശതമാനമായിരുന്നെങ്കിൽ 2011-2012 കാലയളവിലുണ്ടായ വർധന വെറും 1.05 ശതമാനം മാത്രം. അതായത് ഒരു വ്യക്തിക്ക് ഒരു വർഷം 10000 രൂപ ലഭിക്കുന്നുവെങ്കിൽ ഈ കാലയളവിൽ ആ വ്യക്തിയുടെ വരുമാനത്തിലു

ണ്ടായ വർധന വെറും നൂറു രൂപയാണ്. 10000ൽ നിന്ന് 10100 ആയെന്ന് ചുരുക്കം! ദീർഘമായ ഏഴു വർഷത്തെ ശരാശരിയാണിത്. വേതനത്തിൽ ഓരോ വർഷവുമുണ്ടായ വർധനവാണ് ഈ തു




ച്ഛമായ സംഖ്യ.

ഏഴുവർഷത്തിനുള്ളിലെ യഥാർഥ വേതനത്തിന്റെ പ്രതിവർഷ ശരാശരി ഗ്രാമീണ മേഖലയിൽ വർധന അൽപ്പം മെച്ചപ്പെട്ട് 2.9 ശതമാനത്തിലെത്തിയപ്പോൾ നഗരങ്ങളിൽ അത് 1.49 ശതമാനത്തിലേക്ക്താഴ്ന്നു. താഴെ കാണിക്കുന്ന പട്ടികയിൽ അതു കാണിക്കുന്നുണ്ട്. മുൻകാലങ്ങളിലെ വേതനവുമായുള്ള താരതമ്യവുമായി താരതമ്യം ചെയ്യുമ്പോൾ ചെറിയ വർധനവുണ്ടെങ്കിലും മാന്യമായ ഒരു ജീവിതം നയിക്കാൻ ഈ വേതനം ഒരുതരത്തിലും പര്യാപ്തമല്ല.



സാമ്പത്തിക നയം സൃഷ്ടിച്ചതാണ് ഈ അവസ്ഥയെന്ന് വ്യക്തമാണ്. തൊഴിലെടുക്കുന്നവരെ ഞെക്കിപ്പിഴിഞ്ഞ് അവരുടെ വേതനം ബോധപൂർവം വെട്ടിക്കുറച്ച് ലാഭം വർധിപ്പിക്കാനുള്ള നയങ്ങളുടെ ഫലം എന്നർഥം. കൊട്ടിഘോഷിക്കപ്പെട്ട സാമ്പത്തിക വളർച്ച അല്ലെങ്കിൽ ജിഡിപി വളർച്ച ഇതേ കാലത്ത് 7.3 ശതമാനമാകുകയും പല സർക്കാരുകളും ഇന്ത്യയെ അതിവേഗം വളരുന്ന സമ്പദ്ഘടനയെന്ന നിലയിൽ അഭിനന്ദിക്കുകയുംചെയ്തു.

സമ്പത്തിലെ അന്തരം ഗണ്യമായി വർധിച്ച കാലം കൂടിയാണിത്. 2018ലെ കണക്കു പ്രകാരം അതിധനാഢ്യരായ ഒരു ശതമാനം മനുഷ്യർ രാജ്യത്തിന്റെ 52 ശതമാനം സ്വത്തിന് അവകാശികളാകുന്നതും ഇക്കാലത്താണ്. ഇതിനിടയാക്കുന്ന നവലിബറൽ സാമ്പത്തിക നയത്തിന്റെ ചൂഷണത്തിന് ആക്കം കൂട്ടുന്ന നടപടികളാണ് നരേന്ദ്ര മോഡി സർക്കാർ കൈക്കൊണ്ടത്. സമ്പദ്ഘടനയെയാകെ സ്വകാര്യവൽക്കരിച്ചും പൊതുമേഖലയിലെ ഓഹരികൾ വിറ്റും ആരോഗ്യ വിദ്യാഭ്യാസ മേഖലകൾ സ്വകാര്യവൽക്കരിച്ചും രാജ്യത്തിൻറെ വിഭവങ്ങൾ വിദേശകമ്പനികൾക്ക് ദാനം ചെയ്തും തൊഴിലാളികൾക്ക് സംരക്ഷണ കവചമായി നിന്ന തൊഴിൽ നിയമങ്ങളെ ദുർബലമാക്കിയും ക്ഷേമ പരിപാടികൾ തകർത്തുമാണ് നവലിബറൽ പദ്ധതി തീവ്രമാക്കിയത്.

### കൊടിയ ചൂഷണം സ്വകാര്യ മേഖലയിൽ

ഏറ്റവും രൂക്ഷമായി തൊഴിലാളികളുടെ വേതനം പിഴിഞ്ഞെടുക്കുന്നത് സ്വകാര്യ മേഖലയിലാണെന്ന് വിശകലനവിദഗ്ധർ കണ്ടെത്തുന്നു. സ്വകാര്യ സംരംഭങ്ങളിൽ പ്രതിവർഷം ശരാശരി വേതനം 3 ശതമാനത്തോളം കുറഞ്ഞിരിക്കുന്നു. സർക്കാർ മേഖലയിലും പൊതുമേഖലയിലും വേതനനഷ്ടം ഒരു ശതമാനത്തിൽ താഴെയാണ്. പങ്കാളിത്ത സംരംഭവും വ്യക്തിഗത തൊഴിലുടമകളും പോലുള്ള 'മറ്റ്' വിഭാഗങ്ങളിൽ മാത്രമാണ് വേതനം അൽപ്പം വർധിച്ചിട്ടുള്ളത്. സ്വകാര്യമേഖലയിൽ 2004/2005 മുതൽ 2011/12 വരെയുള്ള മുൻകാലങ്ങളെക്കാൾ 3.3 ശതമാനം വേതനം വർധിച്ചതായി ഈ വിദഗ്ധർ കണ്ടെത്തുന്നു. എന്നാൽ തുടർന്നുള്ള ഓരോ വർഷവും 3.3 ശതമാനം വർധന ഉണ്ടായി എന്നാൽ കൊട്ടിഘോഷിക്കപ്പെടുന്ന സ്വകാര്യമേഖലയിൽ മൊത്തത്തിൽ ആറുശതമാനത്തിൻറെ നഷ്ടം വന്നുവെന്ന് മനസ്സിലാക്കണം.

### ഉപഭോഗച്ചെലവിനെ തകർച്ച

വേതനത്തിലെ ഈ മരവിപ്പ് കുടുംബങ്ങളിലുണ്ടാക്കുന്ന തളർച്ചമൂലം ഉപഭോഗച്ചെലവിൽ വൻ ഇടിവുണ്ടാകുന്നു. ഓരോ മാസത്തെയും പ്രതി ശീർഷ



ഉപഭോഗച്ചെലവ് 201112 കാലത്തെ 1501 രൂപയിൽ നിന്ന് 201718 കാലമാകുമ്പോഴേക്കും മൂന്നു ശതമാനം ഇടിഞ്ഞ് 1446 രൂപയായിരിക്കുന്നു ഗ്രാമീണ മേഖലയിൽ പ്രതിശീർഷ ഉപഭോഗച്ചെലവ് 2011/12 കാലത്തേതിൽനിന്ന് 2017/18 എത്തുമ്പോഴേക്കും മൂന്നു ശതമാനത്തിൻറെ ഇടിവു സംഭവിക്കുന്നതായി ഈയിടെ ചേർന്ന എൻഎസ്ഒ റിപ്പോർട്ട് വെളിപ്പെടുത്തിയിരുന്നു. നഗരമേഖലയിൽ ഈ ആറു വർഷക്കാലളവയിലെ ഇടിവ് 2 ശതമാനമാണ്.

ഇതിലേറെ ദുരിതപൂർണമായത് ഭക്ഷ്യഉപഭോഗത്തിൽ ഇക്കാലയളവിലുള്ള ഇടിവാണ്. ഗ്രാമീണ മേഖലയിൽ ഭക്ഷണത്തിനായുള്ള പ്രതിശീർഷ ചെലവിൽ 10 ശതമാനം ഇടിവാണുണ്ടായത്. എന്നാൽ നഗരങ്ങളിൽ ഇത് വലിയ മാറ്റമില്ലാതെ തുടരുന്നുണ്ട്. ഇതാദ്യമായാണ് കുടുംബങ്ങളുടെ ഉപഭോഗച്ചെലവിൽ ഇടിവുണ്ടാകുന്നത്. വലിയ സാമ്പത്തിക തകർച്ചയിലേക്കു വിരൽ ചൂണ്ടുന്ന ഈ പ്രതിഭാസത്തെ നരേന്ദ്ര മോഡി സർക്കാർ തീർത്തും അവഗണിക്കുകാണ്.



**തൊഴിലില്ലായ്മ**

വേതന മരവിപ്പിനൊപ്പം തൊഴിലില്ലായ്മയും വർധിച്ചതോടെ തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും പ്രതിസന്ധി അങ്ങേയറ്റം രൂക്ഷമായിരിക്കയാണ്. തൊഴിൽ രഹിതരുടെ പട രൂപപ്പെടുന്നത് വാസ്തവത്തിൽ വേതന മരവിപ്പ് സൃഷ്ടിക്കുന്നതിൽ ഒരു ഘടകമാണ്. രാജ്യത്തെ 15 വയസ്സിനു മുകളിലുള്ളവരിൽ 2011/12 മുതൽ 2015/16വരെയുള്ള കാലത്ത് 1.92 ശതമാനം തൊഴിലാണ് നഷ്ടപ്പെട്ടത്.

ഇതേ കാലയളവിൽ പ്രതിവർഷം പ്രായപരിധിയില്ലാത്ത മൊത്തം തൊഴിൽ ശക്തിയിൽ 0.24 ശതമാനത്തിന്റെ ഇടിവ് സംഭവിച്ചു.

ഇതുകൂടാതെ തൊഴിലില്ലായ്മ നിരക്കിൻറെ തൽസ്ഥിതി 2011/12 മുതൽ 2017/2018 വരെയുള്ള കാലത്ത് 6.2 ശതമാനത്തിന്റെ ഇടിവുണ്ടായി. തൊഴിലില്ലായ്മ 45 വർഷത്തെ ഏറ്റവും കൂടിയ നിരക്കിലെത്തിയിരിക്കയാണ്. സാമ്പത്തിക തകർച്ചയും അതിന്റെ തുടർച്ചയായുള്ള അസന്തുഷ്ടിയും ഓരോ ദിവസം വർധിച്ചവരുകയാണ്.

പല തരത്തിലാണ് ഇത് പ്രകടമാകുന്നത്. ഒന്ന്: വ്യവസായ സേവന മേഖലയിൽ മാത്രമല്ല, കാർഷികമേഖലയിൽപ്പോലും തൊഴിലെടുക്കുന്ന എല്ലാ വിഭാഗം മനുഷ്യരുടെയും രണോത്സുകമായ സമരപരമ്പരകളും പണിമുടക്കുകയും തുടർച്ചയാകുന്നു. എല്ലാവരും ആവശ്യപ്പെടുന്നത് വേതനം വർധിപ്പിക്കണമെന്നും തൊഴിൽ നഷ്ടത്തിന് കാരണമാകുന്ന നയങ്ങൾ തിരുത്തണമെന്നുമാണ്.

2018 നുശേഷം നടന്ന നിയമസഭാ തെരഞ്ഞെടുപ്പുകളിൽ മോഡി നയിക്കുന്ന ബിജെപി ഏറ്റുവാങ്ങേണ്ടി വന്ന തിരിച്ചടികളാണ് ഈ അസന്തുഷ്ടിയുടെ മറ്റൊരാവിഷ്കാരം. ഒടുവിൽ ഡൽഹി തെരഞ്ഞെടുപ്പിൽ ബിജെപി പരാജയപ്പെട്ടു. ബിജെപിയുടെ സാമ്പത്തിക നയത്തിൽ അസന്തുഷ്ടരായ ജനങ്ങൾ, ഇപ്പോഴത്തെ സാമ്പത്തിക നയങ്ങൾ അവസാനിപ്പിക്കാൻ കഴിയുന്ന ഒരു ജനപക്ഷ ബദൽ അന്വേഷിക്കുകയാണ്. ■




# മഹാ ലയനങ്ങളും യെസ് ബാങ്ക് പതനവും

സി. ജെ. നന്ദകുമാർ

ഒറ്റനോട്ടത്തിൽ പരസ്പര ബന്ധമില്ലാത്ത രണ്ടു വിഷയങ്ങളാണെന്നു തോന്നിയേക്കാം. എന്നാൽ പലപ്പോഴും അസ്വാഭാവിക രീതിയിൽ വളർച്ച നേടുന്നതിനും വലുപ്പം വർദ്ധിപ്പിക്കുന്നതിനുമുള്ള ആർത്തിയാണ് വൻ ബാങ്കു പതനങ്ങളുടെ പല കാരണങ്ങളിലൊന്ന് എന്ന് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ചലനമറ്റു കിടക്കുന്ന സമ്പദ്‌വ്യവസ്ഥയിൽ കൃത്രിമ ചോദനം സൃഷ്ടിക്കുവാൻ, അർഹത പരിഗണിക്കാതെ വായ്പകളൊഴുക്കി ഉണ്ടാക്കിയ 'കുമിളകൾ' പൊട്ടിയതാണ് 2008 ലെ ആഗോള ബാങ്കിംഗ് തകർച്ചക്ക് കാരണമായത്. ഇവിടെ യെസ് ബാങ്കിന്റെ ചിത്രം പരിശോധിക്കുമ്പോൾ കേവലം 15 വർഷം കൊണ്ടാണ് 4.34 ലക്ഷം കോടി രൂപയുടെ ബിസിനസ്സ് സ്ഥാപനമായി അത് വളർന്നത്. 2004 ൽ ആരംഭിച്ച യെസ് ബാങ്ക് 2014 നും 2019 നുമിടയിൽ 400 ശതമാനം വായ്പാ വളർച്ച നേടി എന്ന അസ്വഭാവികത ബന്ധപ്പെട്ട റെഗുലേറ്റർമാരുടെ ശ്രദ്ധയിൽപ്പെട്ടില്ല. അതിൽ തന്നെ 80 ശതമാനം വളർച്ച നേടിയത് നോട്ടു നിരോധനത്തിന്റെയും ചരക്കു സേവന നികുതിയുടേയും ഫലമായി സമ്പദ്ഘടന മന്ദീഭവിച്ച കാലഘട്ടത്തിലായിരുന്നു എന്ന വിരോധാഭാസവും പരിഗണിക്കപ്പെട്ടില്ല.

**ആറു പൊതുമേഖലാ ബാങ്കുകൾകൂടി അടച്ചുപൂട്ടുന്നു**

യെസ് ബാങ്ക് മൊറട്ടോറിയം പ്രഖ്യാപിച്ചതിന് ഒരു ദിവസം മുമ്പാണ് ഇന്ത്യയിലെ പത്തു പൊതുമേഖലാ ബാങ്കുകളെ ലയിപ്പിച്ച് നാലാക്കി ചുരുക്കുന്നതിനുള്ള വിജ്ഞാപനത്തിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നല്കിയത് എന്നത് യാദൃശ്ചികമാകാം. ഏപ്രിൽ ഒന്നു മുതൽ അലഹബാദ് ബാങ്ക്, ആന്ധ്രാ ബാങ്ക്, കോർപ്പറേഷൻ ബാങ്ക്, ഓറിയൻറൽ ബാങ്ക് ഓഫ് കൊമേഴ്സ്, സിൻഡിക്കേറ്റ് ബാങ്ക്, യുണൈറ്റഡ് ബാങ്ക് ഓഫ് ഇന്ത്യാ എന്നീ ആറു പൊതുമേഖലാ ബാങ്കുകൾകൂടി അടച്ചുപൂട്ടപ്പെടുകയാണ്. 2017 ഏപ്രിൽ മുതൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അടക്കം അഞ്ചു അസോസിയേറ്റ് ബാങ്കുകൾ അടച്ചുപൂട്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിച്ചിരുന്നു. ലോകത്തിലെ 50 വൻകിട ബാങ്കുകളുടെ പട്ടികയിൽ എസ്.ബി.ഐ ക്ക് ഇടം ലഭിച്ചു എന്നതിനപ്പുറം മറ്റു നേട്ടങ്ങൾ പറയാനില്ല എന്നു മാത്രമല്ല, ചരിത്രത്തിലാദ്യമായി നഷ്ടങ്ങളുടെ ബാലൻസ് ഷീറ്റുകളും, ആയിര കണക്കിനു ശാഖകൾ അടച്ചുപൂട്ടലും, പതിനായിരക്കണക്കി

നു തൊഴിലവസരങ്ങൾ കുറഞ്ഞതും സർവോപരി സാധാരണ ഇടപാടുകാരെ കൂട്ടത്തോടെ പുറം തള്ളിയതും കോട്ടങ്ങളുടെ പട്ടികക്ക് നീളം കൂട്ടുകയും ചെയ്തു. വൻകിട ശിങ്കിടി മുതലാളിമാർക്ക് എസ്.ബി.ഐ വിഹാര രംഗമായി മാറും എന്നതിന്റെ മറ്റൊരു സൂചനകൂടിയാണ് ഇപ്പോൾ പ്രതിസന്ധിയിലായ നവസ്വകാര്യ ബാങ്കായ യെസ് ബാങ്കിനെ ജാമ്യത്തിലെടുക്കാൻ എസ്.ബി.ഐ.യെ ചുമതലപ്പെടുത്തിയതിൽ നിന്നും വ്യക്തമാകുന്നത്.

2019 ഏപ്രിൽ മുതൽ ബാങ്ക് ഓഫ് ബറോഡയിൽ വിജയ ബാങ്കും ദേനാ ബാങ്കും ലയിപ്പിച്ച് ഒരു വർഷം പിന്നിട്ടിട്ടും ലയന പ്രക്രിയ ഇപ്പോഴും പൂർത്തിയായിട്ടില്ല. ഇടപാടുകാരും ജീവനക്കാരും ഇന്ത്യൻ ബാങ്കും, വിജയ ബാങ്കും അതിൽ വിജയാ ബാങ്കിനെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ബാങ്ക് ഓഫ് ബറോഡയിൽ ലയിപ്പിക്കുന്നതിന് എന്തു നീതികരണമാണുള്ളത്?

### പൊള്ളയായ അവകാശ വാദങ്ങൾ

പൊതുമേഖലാ ബാങ്കുകളുടെ കിട്ടാക്കടങ്ങളുടെ ഉത്തരവാദിത്വം മുൻ യു.പി.എ സർക്കാരിനു മുകളിൽ ചാരി, തങ്ങളിതാ പൊതുമേഖലാ ബാങ്കുകളിലെ കിട്ടാക്കടം കുറച്ചുകൊണ്ടു വന്നു എന്ന അവകാശ വാദമാണ് നരേന്ദ്ര മോഡി സർക്കാർ ഉയർത്തുന്നത്. എന്നാൽ വാസ്തവമെന്താണ്? കേന്ദ്ര ധനമന്ത്രിയുടെ താഴെപ്പറയുന്ന പ്രസ്താവനയിലെ കണക്കുകൾ പരിശോധിക്കാം. സെപ്തംബർ

| | |
|---|---|
| പൊതുമേഖലാ ബാങ്കുകളുടെ കിട്ടാക്കടം | 895601 കോടി |
| 201819 ൽ കൂട്ടിച്ചേർത്ത കടം | 216763 കോടി |
| ഇക്കാലയളവിലെ തിരിച്ചുവരവ് | 133844 കോടി |
| ഇക്കാലയളവിലെ എഴുതിതള്ളൽ | 183391 കോടി |
| 31.03.2019 ലെ കിട്ടാക്കടം | 739541 കോടി |

അനിശ്ചിതത്വത്തിൽ തുടരുമ്പോഴാണ് വീണ്ടുവിചാരമില്ലാതെ മറ്റൊരു മഹാലയനവുമായി കേന്ദ്രം മുന്നോട്ടു പോകുന്നത്.

### ലാഭക്ഷമത, പ്രവർത്തന മികവ് മാനദണ്ഡങ്ങളല്ല.

ലയനങ്ങൾക്കായി ബാങ്കുകളെ തെരഞ്ഞെടുക്കുന്നതിന് ശാസ്ത്രീയമായ മാനദണ്ഡങ്ങളൊന്നുമില്ല. ലയനങ്ങൾക്കു വേണ്ടിയുള്ള ലയനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. മോഡി സർക്കാർ അധികാരത്തിൽ വരുമ്പോൾ 27 പൊതുമേഖലാ ബാങ്കുകൾ പ്രവർത്തിച്ചിരുന്നത് ഇപ്പോൾ 12 ആയി ചുരുങ്ങുകയാണ്. പൊതുമേഖലയോടുള്ള ബി.ജെ.പി സർക്കാരിന്റെ പ്രഖ്യാപിത നയം തന്നെയാണ് ഇവിടെ നടപ്പാക്കുന്നത്. 1969 വരെ ഏകദേശം 736 സ്വകാര്യ ബാങ്കുകളാണ് നിക്ഷേപകരെ വഞ്ചിച്ച് ഇവിടെ തകർന്നു വീണത്. എന്നാൽ ദേശസാൽക്കരണ ശേഷം ഇന്ത്യൻ ബാങ്കിംഗ് വ്യവസായം അഭൂതപൂർവ്വമായ വികാസം കൈവരിച്ചു എന്ന് നരസിംഹം കമ്മിറ്റി റിപ്പോർട്ട് പോലും അടിവരയിടുന്നുണ്ട്. 1991 നു ശേഷം ഇതുവരെ 36 സ്വകാര്യ ബാങ്കുകളാണ് ഇന്ത്യയിൽ തകർന്നു വീണത്. യെസ് ബാങ്ക് 37-ാമത്തെതാണ്. ഈ യാഥാർത്ഥ്യങ്ങൾക്കു നേരെ കണ്ണടച്ചു കൊണ്ടുള്ള നീക്കം അപകടങ്ങൾ ക്ഷണിച്ചു വരുത്തും. 2019 ൽ രാജ്യത്ത് ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവച്ച രണ്ടു പൊതുമേഖലാ ബാങ്കുകളാണുണ്ടായിരുന്നത്.

2019 ൽ പൊതുമേഖലാ ബാങ്കുകളിലെ കിട്ടാക്കടം 7.27 ലക്ഷം കോടി രൂപയായി കുറച്ചുകൊണ്ടു വന്നത് ഐ.ബി.സി എന്ന നിയമം പാസ്സാക്കിയതു വഴി വൻതോതിൽ കിട്ടാക്കടങ്ങൾ തിരിച്ചുപിടിക്കാൻ കഴിഞ്ഞതു കൊണ്ടാണ് എന്നാണ് അവകാശവാദം.

### റിസർവ്വ് ബാങ്കിന്റെ 'Operation and perfomence commercial banks' Dec 2019 റിപ്പോർട്ടു പ്രകാരം 31.03.2018 ൽ

ഇതാണ് സെപ്തംബറായപ്പോൾ 7.27 ലക്ഷം കോ



ടിയായി കുറച്ചത് നേട്ടമായി ചൂണ്ടിക്കാണിക്കുന്നത്. തിരിച്ചുപിടിച്ചതിനേക്കാളധികം എഴുതി തള്ളി.

### ഭാവി യാത്രയും അപകട വഴികളിലൂടെ

ലയിപ്പിച്ച് വലുതാക്കി തകരാൻ അനുവദിക്കാൻ കഴിയാത്തത്ര വലിപ്പമുള്ള വിഭാഗത്തിൽപ്പെ

ടുന്ന പൊതുമേഖലാ ബാങ്കുകൾ പിന്തുടരേണ്ട വായ്പാ നയത്തെപ്പറ്റി പുതിയ പണനയം പ്രഖ്യാപിച്ചുകൊണ്ട് റിസർവ്വ് ബാങ്ക്ഓഫ് ഇന്ത്യ മുന്നോട്ടു വച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സസൂക്ഷ്മം പരിശോധിക്കേണ്ടതുണ്ട്. ഒരു വർഷത്തിനുള്ളിൽ 135 ബേസിസ് പോയിൻറ് റിപ്പോ നിരക്കിൽ കുറവു വരുത്തിയിട്ടും ബാങ്കുകളിലെ വായ്പാ വളർച്ച ഒറ്റ അക്കത്തിൽ തന്നെ തുടരുകയാണ്. ആഗോളവും, ആഭ്യന്തരമായി സർക്കാർ നയങ്ങൾ സൃഷ്ടിച്ച കാരണവും കൂടിചേർന്ന് ഇന്ത്യൻ സമ്പദ്വ്യവസ്ഥ ദശാബ്ദത്തിലെ കടുത്ത വെല്ലുവിളി നേരിടുകയാണ്. നിക്ഷേപവും ഉപഭോഗവും കുറഞ്ഞ് നാണയപ്പെരുപ്പം ഉയർന്ന് സ്റ്റാഗ്ഫ്ളേഷൻ എന്ന അവസ്ഥയിലാണ് സമ്പദ്വ്യവസ്ഥ.




മാർഗ്ഗം രണ്ട് LTRO (ലോങ്ങ് ടേം റിപ്പോ ഓപ്പറേഷൻസ്). പൊതുമേഖലാ ബാങ്കുകൾ റിസർവ്വ് ബാങ്കിൽ നിന്നും എടുക്കുന്ന വായ്പയാണ് റിപ്പോ നിരക്കായ 5.15 ശതമാനത്തിൽ ലഭിക്കുന്നതുക. സാധാരണ ഒരു മാസം കാലാവധിയിൽ വരുന്ന അത്യാവശ്യ പണ ആവശ്യത്തിനാണ് റിപ്പോ വാതായനം അനുവദിക്കാറ്. പുതിയ തീരുമാന പ്രകാരം ഒരു വർഷം മുതൽ മൂന്നു വർഷം വരെ കാലാവധിക്ക് ഒരു ലക്ഷം കോടി രൂപ വരെ LTRO വഴി റിസർവ് ബാങ്ക് ബാങ്കുകൾക്ക് നല്കുകയാണ്. ഇപ്പോൾ ഇതിന്റെ മൂന്നാം ഘട്ട ഓപ്പറേഷൻ പൂർത്തിയാകാൻ പോകുന്നു. അതായത് ബാങ്കുകൾക്ക് ഒരു ലക്ഷം കോടി രൂപ 5.15 ശതമാനം പലിശക്ക് റിസർവ്വ് ബാങ്ക് നല്കുമ്പോൾ കുറഞ്ഞ പലിശക്ക് വായ്പ നല്കാൻ ബാങ്കുകൾ തയ്യാറാവും എന്നാണ് കണക്കു കൂട്ടൽ. നിക്ഷേപകരുടെ വയറ്റത്തടിക്കുന്ന നടപടി എന്ന കാര്യവും മറക്കരുത്. അധിക പണലഭ്യതയുടെ മുകളിലിരിക്കുന്ന ബാങ്കുകൾ സമ്മർദ്ദങ്ങൾക്കു വഴങ്ങി വീണ്ടും കരുതലില്ലാത്ത, മുൻപിൻ നോക്കാത്ത വായ്പകൾ നൽകാൻ നിർബ്ബന്ധിക്കപ്പെടുന്ന സാഹചര്യമാണ് സൃഷ്ടിക്കപ്പെടുന്നത്. സമ്പദ്വ്യവസ്ഥയുടെ തകർച്ചക്കുള്ള യഥാർത്ഥ കാരണങ്ങൾ മനസ്സിലാക്കി പരിഹാരം കാണുന്നതിനു പകരം ഇരുട്ടുകൊണ്ട് ഓട്ടയടക്കുന്ന ഇത്തരം നയങ്ങൾ ബാങ്കുകളെ വീണ്ടും അപകട പാതയിലേക്കു തള്ളിവിടുകയാണ്.

**നയങ്ങൾ തന്നെ വില്ലൻ**

ഭൂരിപക്ഷം കൃഷിക്കാർക്ക് ഔപചാരിക ബാങ്കിംഗ് സംവിധാനത്തിൽ നിന്ന് വായ്പ ലഭിക്കുന്നില്ല. കൃഷി വായ്പയായിപ്പോകുന്നത് വൻകിട കാർഷിക ബിസിനസ്സ് കോർപ്പറേറ്റുകൾക്കാണ്. രാജ്യത്ത് പശ്ചാത്തല വികസന മേഖലയിൽ ലക്ഷം കോടി രൂപയുടെ ആവശ്യമുണ്ട്. ഗ്രാമീണ മേഖലയിലെ സാധാരണക്കാർക്ക് മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളും നിഷ്കർഷിക്കുന്ന കഴുത്തറപ്പൻ പലിശക്കു വിധേയമാകേണ്ടി വരുന്നു.

ഈ യാഥാർത്ഥ്യങ്ങൾക്കു നേരെ കണ്ണടച്ചുകൊണ്ടാണ് പൊതുമേഖലാ ബാങ്കുകളുടെ എണ്ണം കുറച്ച്, ശാഖകൾ പൂട്ടി, വൻ ബാങ്കുകളാക്കി മാറ്റി ശിങ്കിടി മുതലാളിത്ത താല്പര്യ സംരക്ഷകരായി അവയെ പരിവർത്തനപ്പെടുത്തുന്നത്. ഇത് ഒരു ഭരണ നയത്തിന്റെ ഭാഗം തന്നെയാണ് എന്ന തിരിച്ചറിവാണ് പൊതു സമൂഹത്തിൽ ഉയർന്നു വരേണ്ടത്. ബാങ്കു ലയനങ്ങളും യെസ് ബാങ്ക് പതനവും വീണ്ടും ഈ യാഥാർത്ഥ്യങ്ങളിലേക്ക് ഏവരുടേയും കണ്ണുതുറപ്പിക്കുന്നതാകട്ടെ. ■

# യെസ് ബാങ്ക് തകർച്ച- നാൾവഴി

- യെസ് ബാങ്ക് റാണാ കപൂറും അശോക് കപൂറും ചേർന്ന് ജനുവരി 2004 ൽ ആരംഭിച്ചു. അശോക് കപൂർ 2008 ലെ മുംബൈ ഭീകരാക്രമണത്തിൽ മരണമടഞ്ഞു. യെസ് ബാങ്ക് പൂർണമായി റാണാ കപൂറിന്റെ നിയന്ത്രണത്തിൽ.
- യെസ് ബാങ്കിന്റെ മുഴുവൻ പേര് (Youth Exterprise Schemme Bank-Yes ) യുവ സംരംഭക രുടെ പദ്ധതി ബാങ്ക് എന്ന് മലയാളത്തിൽ പറയാം.
- പേര് യുവ സംരംഭകരുടെ പദ്ധതിക്കുള്ള ബാങ്ക് എന്നാണെങ്കിലും വായ്പകൾ കൂടുതലും നൽകിയത് ഇന്ത്യയിലെ സാമ്പത്തിക- വ്യാവസായിക മേഖലകളിലെ കുപ്രസിദ്ധരാവയവർക്ക്.
- അനിൽ അംബാനിയുടെ കമ്പനികൾ, ഐഎൽ &എഫ്എസ്, ദിവാൻ ഹൗസിങ്, ഇന്ത്യാ ബുൾസ് , ജെറ്റ് എയർവെയ്സ്, കഫേ കോഫിഡേ, സി ജി പവർ, കോക്സ് & കിങ്സ് തുടങ്ങി തകർച്ചയുടെ വക്കിൽ നിന്ന കമ്പനികൾക്കാണ് വായ്പകൾ നൽകിയത്.
- ഇന്ത്യയിലെ പല ബാങ്കുകളും വായ്പ നൽകാൻ മടിച്ച കമ്പനികൾക്ക് യെസ് ബാങ്ക് വാരിക്കോരി വായ്പ നൽകി.
- ഭരണത്തിലിരിക്കുന്ന ബിജെപിയുമായുള്ള ബന്ധമാണ് വായ്പകളുടെ അടിസ്ഥാനം. അല്ലാതെ കമ്പനികളുടെ സാമ്പത്തിക അടിത്തറയല്ല.
- ലോക സാമ്പത്തിക ഫോറത്തിൽ പ്രധാനമന്ത്രിയോടൊപ്പം പങ്കെടുത്ത പ്രധാനിയായിരുന്നു റാണാ കപൂർ.
- 2014 മുതൽ 2019 വരെയുള്ള ബാങ്കിന്റെ വായ്പയുടെ വളർച്ച പരിശോധിച്ചാൽ യെസ് ബാങ്ക് തകർച്ചയുടെ കാരണം കാണാം. 2014 ൽ 55,633 കോടി രൂപയയായിരുന്ന വായ്പ 2019 തോടെ 2,41,499 കോടി രൂപയായി കുതിച്ചുയർന്നു.

| | | | |
|---|---|---|---|
| മാർച്ച് 2014 | 55,633 | മാർച്ച് 2017 | 1,32,263 |
| മാർച്ച് 2015 | 75,550 | മാർച്ച് 2018 | 2,03,534 |
| മാർച്ച് 2016 | 98,210 | മാർച്ച് 2019 | 2,41,499 |

- യെസ് ബാങ്ക് തകർച്ചയുടെ ഉത്തരവാദിത്വത്തിൽ നിന്ന് റിസർവ് ബാങ്കിനും ഒഴിഞ്ഞു നിൽക്കാൻ കഴിയില്ല. മറച്ചു വെച്ചകിട്ടാകടങ്ങളും തട്ടിപ്പുകളും കണ്ടെത്തി റിസർവ് ബാങ്കിന് തക്ക സമയത്ത് നടപടിയെടുക്കാൻ കഴിയാതിരിക്കുകയോ അറിഞ്ഞിട്ടും നടപടി എടുക്കാതിരിക്കുകയോ ചെയ്തു.
- റാണ കപൂർ നടത്തിയ തട്ടിപ്പ് 5000 കോടി രൂപയിൽ കൂടുതലാണെന്ന് ഇപ്പോൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കണ്ടെത്തി.
- പല കമ്പനികൾക്കും വായ്പ നൽകാൻ റാണാ കപൂർ ആ കമ്പനികളിൽ നിന്ന് ഭാര്യയുടെയും മകളുടെയും കമ്പനികളിലേക്ക് കൈക്കൂലിയായി വായ്പ സംഘടിപ്പിച്ചു.
- ദിവാൻ ഹൗസിങ്ങിന് 3700 കോടി രൂപ വായ്പ നൽകിയപ്പോൾ ദിവാൻ ഹൗസിംഗ് 600 കോടി രൂപ റാണാകപൂറിന്റെ ഭാര്യയുടെ കടലാസു കമ്പനിക്കു നൽകിയെന്ന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കണ്ടെത്തി.
- മാർച്ച് 6 ന് യെസ് ബാങ്കിനു മേൽ റിസർവ് ബാങ്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു.
- ഈ കൂട്ടു കമ്പനി തട്ടിപ്പുകളുടെയെല്ലാം ഭാരം അവസാനം നിക്ഷേപകരുടെയും എസ്ബിഐയുടെയും തോളിൽ.
- ഐസിഐസിഐ ബാങ്ക് ചന്ദ്രാ കൊച്ചാർ നടത്തിയ അതേ രീതിയാണ് റാണാ കപൂറും തട്ടിപ്പുകൾ നടത്തിയത്.
- എല്ലാം കമ്പോള ശക്തികൾക്ക് വിട്ടുകൊടുത്താൽ അവസാനം സംഭവിക്കുന്നത് ഇത്തരം തകർച്ചകൾ. ഭാരം ജനങ്ങളുടെ ചുമലിലും.

# അസ്ഥിത്വ പ്രതിസന്ധിയിൽ മുതലാളിത്തം

ജോസഫ് ഇ സ്റ്റിഗ്ലിറ്റസ്

**പതിറ്റാണ്ടുകളായി ദേശ രാഷ്ട്രങ്ങൾ നവലിബറൽ നയങ്ങൾ പിൻതുടരുകയായിരുന്നു. എന്നാൽ ഈ കാലത്ത് പൊതുമേഖലതകർന്നു. കാലാവസ്ഥ വ്യതിയാനം രൂക്ഷമായി, സാമ്പത്തിക അസമത്വം കുതിച്ചുയർന്നു. ജനാധിപത്യ സംവിധാനങ്ങൾ അഭൂതപൂർവമായ പ്രതിസനധിയിലുമായി. മുന്നോട്ടു പോകാനുള്ള ഒരേ ഒരു വഴി കാലഹരണപ്പെട്ട പഴയ ഈ സാമ്പത്തിക ഒറ്റമൂലി വലിച്ചെറിയുകയാണ്**



കാലാവസ്ഥ വ്യതിയാനം അസമത്വങ്ങൾ സാമ്പത്തിക രാഷ്ട്രീയ സ്ഥാപനങ്ങളിൽ വിശ്വാസം നഷ്ടപ്പെടൽ തുടങ്ങി ലോകം നാനാതരം പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. മുതലാളിത്ത വ്യവസ്ഥിതി തന്നെ ഒരു അസ്ഥിത്വ പ്രതിസന്ധിയിലാണ്. പല രാജ്യങ്ങളും അവരുടേതായ പല പ്രതിസന്ധികളുമായും ഏറ്റുമുട്ടിക്കൊണ്ടിരിക്കുന്ന സ്ഥിതിയാണ്. അമേരിക്ക മയക്കുമരുന്നു ഉപയോഗ പ്രതിസന്ധി ബാലപ്രമേഹ പ്രതിസന്ധി, രാഷ്ട്രീയ പ്രതിസന്ധി തുടങ്ങിയവയെല്ലാം നേരിട്ടുകൊണ്ടിരിക്കുകയാണ്. ചൈന അമേരിക്കയുമായുള്ള വ്യാപാര സാങ്കേതികയുദ്ധത്തിൻറെ ഫലമായി സാമ്പത്തിക വളർച്ച നിലനിർത്താൻ ബുൂദ്ധിമുട്ടുകയാണ്. കൊറോണ വൈറസ് പ്രശ്നം  ചൈനയെ കൂടുതൽ ബുദ്ധിമുട്ടിലാക്കുന്നു. അർജൻറീന വീണ്ടും ഒരു കട (ഉലയേ) പ്രതിസന്ധിയിലെത്തിയിരിക്കുകയാണ്. ലോകമാകെ വലിയ പ്രതിഷേധ പ്രകടനങ്ങളും അലയടിക്കുന്നുണ്ട്.

പശ്ചാത്തലത്തിൽ ഒരു ധാർമിക പ്രതിസന്ധി തന്നെ ഉരുണ്ടു കൂടുകയാണ്. അതിൻറെ അലയടികൾ എല്ലായിടത്തും കാണാം. സങ്കുചിത മനസുള്ള വ്യവസായ വ്യാപാര മേധാവികൾ അവരുടെ ലാഭത്തിൽ മാത്രമാണ് ശ്രദ്ധയൂന്നുന്നത്. അവർ ധാർമികമായ ദുഷ്ടതായണ് പ്രചരിപ്പിക്കുന്നത്. സാമ്പത്തിക സ്ഥാപനങ്ങൾ കൊള്ള നടത്തുകയാണ്. കമ്പോളത്തിൽ അവർ പല കൃത്രിമങ്ങളും കാണിക്കുന്നു. മോട്ടോർ വ്യവസായികൾ കാലാവസ്ഥ നിയമങ്ങൾ ലംഘിക്കുകയാണ്. ലോകമാകെ ഭക്ഷ്യപാനീയ വ്യവസായികൾ കുട്ടികളുടെ അമിതവണ്ണത്തിനു കാരണമാകുന്ന സാധങ്ങൾ കച്ചവടം നടത്തുന്നു. ഔഷധ കമ്പനികൾ ആശ്രിതത്വം (അററശരശേീ) വളർത്തുന്ന മരുന്നുകൾ കച്ചവടം ചെയ്യുന്നു. അങ്ങനെ ചെയ്യുന്നില്ലെന്നാണ് അവർ അവകാശപ്പെടുന്നത്. ലോകത്തെ തന്നെ ഏറ്റവും വലിയ ഒരു വാർത്താവിനിമയ മാധ്യമ കമ്പനിയായ 'ഫെയ്സ്ബുക്ക്' കഴിഞ്ഞ വർഷം വ്യാജമായ രാഷ്ട്രീയ പ്രചരണം അവരുടെ പ്ലാറ്റ്ഫോമിലൂടെ നടത്തിയതിൽ യാതൊരു വിഷമവും രേഖപ്പെടുത്തിയില്ല. അത് ജനാധിപത്യ സംവിധാനത്തിന് ഏല്പിച്ച പരിക്കും അവർക്ക് പ്രശ്നമല്ല.

ഈ രൂപത്തിൽ ഇന്നത്തെ സ്ഥാപനങ്ങളും സംവിധാനങ്ങളും മുതലാളിത്ത വ്യവസ്ഥ തന്നെ വലിയ അസ്ഥിത്വ പ്രതിസന്ധിയിലാണെന്ന് നോബൽ പ്രൈസ് ജേതാവായ സ്റ്റിഗ്ലിറ്റ്സ് സമീപകാലത്ത് തുടങ്ങിയ 'ടീഹഗശറമ്യശേ ചീം' എന്ന ലേഖനത്തിൽ നിരീക്ഷിക്കുന്നു. ■

> **കാലാവസ്ഥ വ്യതിയാനം അസമത്വങ്ങൾ സാമ്പത്തിക രാഷ്ട്രീയ സ്ഥാപനങ്ങളിൽ വിശ്വാസം നഷ്ടപ്പെടൽ തുടങ്ങി ലോകം നാനാതരം പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. മുതലാളിത്ത വ്യവസ്ഥിതി തന്നെ ഒരു അസ്ഥിത്വ പ്രതിസന്ധിയിലാണ്.**

# അമേരിക്കൻ തൊഴിലാളികളുടെ മരണ നിരക്ക് ഉയരുന്നു



2015ൽ അമേരിക്കൻ സമൂഹത്തിൽ ആനി കേയ്സും ആൻഗൂസ് ഡേറ്റണും ചേർന്ന് നടത്തിയ ഒരു പഠനത്തിൽ കണ്ടത് അമേരിക്കയിലെ തൊഴിലാളികളുടെ മരണ നിരക്ക് കുറയുന്നില്ല എന്നാണ്. നിരാശ മൂലമുള്ള മരണം ഈ വിഭാഗം ജനങ്ങളുടെ ഇടയിൽ ഉയർന്നിരിക്കുന്നു എന്നും അവർ കണ്ടെത്തി. വെള്ളക്കാരായ അനേകം അമേരിക്കൻ തൊഴിലാളികൾ ആത്മഹത്യ, മദ്യാസക്തി, മയക്കുമരുന്നുപയോഗം തുടങ്ങിയവ മൂലം മരണമടയുന്നു എന്ന് അവരുടെ പഠനം കണ്ടെത്തി.

ആനി കെയ്സും ആൻ ഗൂസ് ഡേറ്റനും അവരുടെ പഠനം കൂടുതൽ ആഴത്തിൽ തുടർന്നുകൊണ്ടിരുന്നു. സമീപകാലത്ത് അവർ കണ്ടെത്തിയത് ഈ പ്രശ്നം മധ്യവയസ്കർക്ക് ഇടയിൽ മാത്രമായി ഒതുങ്ങുന്നില്ല എന്നാണ്. യുവജനങ്ങൾ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങളിലും ഈ പ്രവണത വർധിക്കുകയാണെന്ന് അവർ കണ്ടെത്തി. നാലുവർഷ കോളേജു ഡിഗ്രി ഇല്ലാത്ത എല്ലാ തൊഴിലാളികൾക്കിടയിലും ആത്മഹത്യയും മദ്യാസക്തിയും മയക്കുമരുന്നുപയോഗവും അതുമൂലമുള്ള മരണവും വർധിക്കുന്നതായി അവരുടെ പഠനത്തിൽ നിന്നും തെളിഞ്ഞു. 1990 കൾ വരെ കോളേജു ഡിഗ്രി ഇല്ലാത്ത വെള്ളക്കാരായ തൊഴിലാളികളുടെ നിരാശ മൂലമുള്ള മരണം ഉയർന്നു കൊണ്ടിരിക്കുകയാണ്. 50 വയസിൽ താഴെ പ്രായമുള്ളവരുടെ ഇടയിൽ ഈ പ്രവണത കൂടുതലാണ്.

എന്നാൽ കോളേജു ഡിഗ്രി ഉള്ള തൊഴിലാളികൾക്കിടയിൽ ഈ പ്രവണത ദൃശ്യമല്ല. ആനി കേസും ആൻഗൂസും ഡേറ്റണും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ 'നിരാശമൂലമുള്ള മരണങ്ങളും മുതലാളിത്തവും' എന്നു ഒരു ഗ്രന്ഥവും പ്രസിദ്ധീകരിക്കുകയുണ്ടായി. അമേരിക്കൻ തൊഴിലാളികളുടെ ദുരിതപൂർണമായ ജീവിതമാണ് ഈ പ്രവണതക്കു കാരണമെന്നാണ് അവരുടെ നിരീക്ഷണം. അമേരിക്കൻ സമൂഹത്തിൽ അസമത്വങ്ങൾ കുത്തനെ ഉയരുകയാണ്. മധ്യവർഗ തൊഴിലാളികളുടെ വരുമാനത്തിൽ യാതൊരു വർധനവുമില്ല. വലിയ കോർപറേറ്റുകളുടെ വരുമാനത്തിന്റെ തോത് ഉയരുമ്പോൾ തൊഴിലാളികളുടെ വരുമാനം ഇടിയുകയാണ്. തൊഴിലാളി സംഘടനകളുടെ ശക്തിയും ഇടിയുകയാണ്. അതിനാൽ തൊഴിലാളികളുടെ വിലപേശൽ കഴിവും ഇടിഞ്ഞു. പുറം കരാർവൽക്കരണം വർധിക്കുകയാണ്.

അമേരിക്കയിലെ ആരോഗ്യ സംരക്ഷണം സംവിധാനം ഏറ്റവും ചിലവു കൂടിയതാണ്. ആരോഗ്യ സംരക്ഷണത്തിലെ ചിലവു വർധനവും മരണ നിരക്കു കൂടാൻ കാരണമാണ്.

പുറം കരാർവൽക്കരണം മൂലം തൊഴിലാളികൾക്ക് ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്ന അഭിമാന ബോധവും സാമൂഹ്യബന്ധവും നഷ്ടമാകുന്നു. കരാർ ജോലി മൂലം അടിത്തയാഴ്ച പണിയുണ്ടാകുമോ എന്ന അനിശ്ചിതത്വവും തൊഴിലാളികളെ വേട്ടയാടുന്നു. ഈ സ്ഥിതിഗതികളാണ് അമേരിക്കയിലെ തൊഴിലാളികളുടെ നിരാശ ബോധത്തിനു കാരണം.■

# കൊറോണ ആഘാതം



**ആഗോള സമ്പദ് രംഗത്ത് ലഭ്യതയുടെയും ആവശ്യകതയുടെയും ഇരട്ട പ്രഹരം**

കൊറോണ വൈറസ് ആഗോള സമ്പദ് വ്യവസ്ഥക്ക് ലഭ്യതയുടെയും ആവശ്യകതയുടെയും ഇരട്ട പ്രഹരം ഏല്പിച്ചിരിക്കുകയാണ്. ചൈനയിൽ അനേകം ഫാക്ടറികൾ അടച്ചുപൂട്ടി കിടക്കുകയാണ്. ചൈനീസ് ഉല്പന്നങ്ങൾ ഉപയോഗിച്ച് ഉല്പാദനം നടത്തുന്ന പല കമ്പനികളും പ്രതിസന്ധിയിലാണ്. ഇത് ഒരു ഹ്രസ്വകാല പ്രതിസന്ധിയായി അവസാനിക്കും എന്നാണ് കരുതിയിരുന്നത്.

എന്നാൽ ചരക്കുകളുടെ ഉല്പാദനത്തിലും ലഭ്യതയിലും മാത്രമായിനിന്ന പ്രതിസന്ധി ആവശ്യകതയിലേക്കും വ്യാപിച്ചിരിക്കുകയാണ്. കൊറോണ ലോകത്തെ 150 ലധികം രാജ്യങ്ങളിലേക്കു പടർന്നതോടെ ആവശ്യകത കുത്തനെ ഇടിഞ്ഞിരിക്കുകയാണ്. ജനങ്ങൾ യാത്ര ചെയ്യാനും കടകളിൽ പോകാനും പുറത്തു നിന്നും ഭക്ഷണം കഴിക്കാനും വിമുഖരാണ്.

കമ്പോളത്തിൽ ആവശ്യകത കുറയുന്നതോടെ കമ്പനികൾ ഉല്പാദനം കുറക്കും, തൊഴിലാളികളെ കുറക്കും, നിക്ഷേപം കുറക്കും. അത് വീണ്ടും കമ്പോളത്തിലെ ആവശ്യകത കുറക്കും. ലഭ്യതയിലും ആവശ്യകതയിലും ഒരേ പോലെ ഉണ്ടാകുന്ന ഈ ചുരുക്കം ആഗോള സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേക്കു നയിക്കാം. ഹുണ്ടായി, സാംസങ്, ടൊയോട്ട തുടങ്ങിയ വമ്പൻ കമ്പനികളും ഹയാത്ത് തുടങ്ങിയ ഹോട്ടൽ ശൃംഖലകളും അവരുടെ വരുമാനത്തിന്റെ അനുപാതത്തിൽ കുറവു വരുത്തിക്കഴിഞ്ഞു. വിനോദ സഞ്ചാരം, ഹോട്ടൽ എയർലൈൻസ് തുടങ്ങിയ മേഖലകളെല്ലാം പ്രതിസന്ധിയിലാണ്.

**മാന്ദ്യം വരാം : ഒഇസിഡി**

ആഗോള സാമ്പത്തിക മാന്ദ്യം വരാമെന്ന് ഓർഗനൈസേഷൻ ഫോർ ഇക്കണോമിക് കോ ഓപ്പറേഷൻ ആൻഡ് ഡെവലപ്മെന്റ് (ഒഇസിഡി) ഒരു പ്രത്യേക റിപ്പോർട്ടിൽ മുന്നറിയിപ്പു നൽകി.

കോവിഡ് 19 (കൊറോണ) നീണ്ടു നിന്നാൽ ഈ ത്രൈമാസത്തിലെ ലോക സമ്പദ്ഘടന ചുരുങ്ങും. 2008-09 നു ശേഷം ആദ്യമായിട്ടായിരിക്കും ഇങ്ങനെ സംഭവിക്കുന്നത്. ഈ ത്രൈമാസം കൊണ്ട് പ്രശ്നം തീർന്നാൽ ലോക സാമ്പത്തിക വളർച്ച 2020 ൽ 2.4% ആയിരിക്കും. നേരത്തെ പ്രതീക്ഷിച്ചത് 2.9% ആണ്. രോഗ ബാധ നീണ്ടു നിന്നാൽ വളർച്ച 1.5% വരെ കുറയാം എന്ന് ഒഇസിഡി മുന്നറിയിപ്പു നൽകുന്നു. ■

# ലോകമാകെ കോടീശ്വരന്മാരുടെ എണ്ണം ഉയർന്നുകൊണ്ടിരിക്കുന്നു



ലോകമാകെ വൻ കോടീശ്വരന്മാരുടെ എണ്ണം ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇംഗ്ലണ്ട് ആസ്ഥാനമായി പ്രവർത്തിക്കുന്ന നൈറ്റ് ഫ്രാങ്ക് കൺസൾട്ടിങ് ഏജൻസി മാർച്ച് ആദ്യവാരം പ്രസിദ്ധീകരിച്ച അവരുടെ റിപ്പോർട്ടിൽ പറയുന്നു. 2019 ൽ ലോകത്ത് 3 കോടി ഡോളറിൽ കൂടുതൽ സമ്പത്തുള്ളവർ 5,13,244 ആണ്. മുൻ വർഷത്തിൽ നിന്നും 6% വളർച്ച. 2024 ൽ ഈ വിഭാഗക്കാരുടെ എണ്ണം 27% വളർന്ന് 6, 50,000 കടക്കും എന്നാണ് നൈറ്റ് ഫ്രാങ്ക് അനുമാനം, ഏറ്റവും കൂടുതൽ കോടീശ്വരന്മാർ ഉള്ളതു അമേരിക്കയിലാണ് 2, 40, 575 പേർ, ചൈനയാണ് രണ്ടാം സ്ഥാനത്ത് 61,587 പേർ. ജർമനി മൂന്നാം സ്ഥാനത്ത് 23,078 കോടീശ്വരന്മാരായി നിൽക്കുന്നു. ഫ്രാൻസ് 18776, ജപ്പാൻ 17,013, യു കെ 14,367, ഇറ്റലി 10701, കാനഡ 93254. റഷ്യ 8924, സ്വിറ്റ്സർലാന്റ് 8395 എന്നിങ്ങനെയാണ് കോടീശ്വരന്മാരുടെ ഓരോ രാജ്യത്തെയും എണ്ണം. കോടീശ്വരന്മാരുടെ എണ്ണം അമേരിക്കയിലും യൂറോപ്പിലുമാണ് ഏറ്റവും കൂടുതലെങ്കിലും കോടീശ്വരന്മാരുടെ എണ്ണത്തിലെ വളർച്ച കൂടുതൽ ഏഷ്യയിലും ആഫ്രിക്കയിലും ആസ്ട്രേലിയയിലുമാണ്. ഇന്ത്യയിൽ കോടീശ്വരന്മാരുടെ എണ്ണം അടുത്ത 5 വർഷത്തിൽ 77% വളരും എന്നാണ് അനുമാനം. ഈജിപ്തിലെ വളർച്ച 66% വും വിയറ്റ്നാമിൽ 64 % ലും ചൈനയിൽ 55% വും ആണ് കോടീശ്വരന്മാരുടെ വളർച്ച പ്രതീക്ഷിക്കുന്നത്. ഇൻസ്റ്റോപീഡിയ കണക്കാക്കുന്നത് കോടീശ്വരന്മാരുടെ എണ്ണം ലോക ജനസംഖ്യയുടെ 0.003% മാത്രമാണെന്നും അവർ കയ്യാളുന്ന സമ്പത്ത് ലോക സമ്പത്തിന്റെ 13% ആണെന്നുമാണ്. ലോകത്തെ മൊത്തം സമ്പത്ത് 360.6 ട്രില്യൻ ഡോളറാണെന്നു കണക്കാക്കപ്പെടുന്നു. അതിൽ 46.9 ട്രില്യൻ കോടീശ്വരന്മാരുടെ കയ്യിലാണ്.

ലോകബാങ്കിന്റെ കണക്കനുസരിച്ച് ഇന്ത്യ, വിയറ്റ്നാം, ചൈന മലേഷ്യ എന്നീ രാജ്യങ്ങളിൽ പ്രതിദിനം 5.50 ഡോളറിൽ കുറവു വരുമാനമുള്ളവരുടെ ശതമാനം ഇന്ത്യയിൽ 37% വിയറ്റ്നാമിൽ 29% ചൈനയിൽ 27% മലേഷ്യയിൽ 2.7% എന്നീ നിലയിലാണ്.ആഗോള സാമ്പത്തിക രംഗം താഴേക്കാണെങ്കിലും കോടീശ്വരന്മാരുടെ സമ്പത്ത് മേലേക്കാണ്.

# എച്ച് എസ് ബി സി 35,000 ജീവനക്കാരെ വെട്ടിക്കുറക്കും



ബ്രിട്ടൻ ആസ്ഥാനമായ ബഹുരാഷ്ട്ര നിക്ഷേപക ബാങ്കായ എച്ച് എസ് ബിസി ആഗോള തലത്തിൽ 35,000 ജീവനക്കാരെ വെട്ടിക്കുറക്കും. അമേരിക്കയിലും ബ്രിട്ടനിലുമുള്ള പ്രവർത്തനം കുറക്കും. ബാങ്കിന്റെ ലാഭവിഹിതം കുത്തനെ ഇടിഞ്ഞതോടെയാണ് പുതിയ നീക്കം. ഏഷ്യൻ മേഖലയിൽ വൻകിട സ്ഥാപനങ്ങൾക്കും ബാങ്കുകൾക്കും പണം വായ്പ നൽകുന്ന സ്ഥാപനം കടുത്ത പ്രതിസന്ധിയാണ് നേരിടുന്നത്.

അമേരിക്ക- ചൈന വ്യാപാര യുദ്ധവും, ബ്രെക്സിറ്റും, കോറോണ വൈറസ് ആശങ്കയുമാണ് ബാങ്കിനെ പ്രതിസന്ധിയിലാക്കിയതെന്നാണ് റിപ്പോർട്ട്. ലോകമെമ്പാടുമുള്ള കേന്ദ്രങ്ങളിലായുള്ള ജീവനക്കാരുടെ എണ്ണം മൂന്ന് വർഷത്തിനുള്ളിൽ 2,35,000 ൽ നിന്ന് രണ്ടു ലക്ഷത്തിലേക്ക് ചുരുക്കാനാണ് നീക്കം.

# ഇന്ത്യയിൽ തൊഴിലില്ലായ്മ നിരക്ക് ഉയരുന്നു

സമ്പദ് വ്യവസ്ഥ മാന്ദ്യത്തിലേക്കും രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് ഫെബ്രുവരി മാസത്തിൽ വീണ്ടും ഉയർന്നു. 2020 ജനുവരി മാസത്തിൽ 7.16% ആയിരുന്നു തൊഴിലില്ലായ്മ. ഫെബ്രുവരി മാസത്തിൽ തൊഴിലില്ലായ്മ 778% ആയി ഉയർന്നു. സെൻറർ ഫോർ മോണിട്ടറിംഗ് ഇന്ത്യൻ എക്കണോമിയിലാണ് ഈ കണക്കുകൾ പുറത്തുവിട്ടത്. ഗ്രാമീണ മേഖലയിൽ തൊഴിലില്ലായ്മ ജനുവരി മാസത്തിൽ 5.97 ശതമാനമായിരുന്നത് ഫെബ്രുവരി മാസമായപ്പോൾ 7.37 ശതമാനമായി ഉയർന്നു.



## മൂന്നാം പാദത്തിൽ സാമ്പത്തിക വളർച്ച 4.7% മാത്രം

2019-20 സാമ്പത്തിക വർഷത്തിന്റെ മൂന്നാം പാദത്തിൽ (ഒക്ടോബർ ഡിസംബർ) ജിഡിപി വളർച്ച 4.7% മാത്രമായിരുന്നു എന്ന് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്. ഈ സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ (ജൂലൈ-സെപ്തംബർ) ജിഡിപി വളർച്ച 4.5 ശതമാനമായിരുന്നു. 2019-20 സാമ്പത്തിക വളർച്ച 5% ത്തിൽ താഴെയാകാനാണ് സാധ്യത എന്നും നാഷണൽ സ്റ്റാറ്റിക്കൽ ഓഫീസ് പറയുന്നു. ജിഡിപി വളർച്ച 5% ആയാൽ പോലും അത് കഴിഞ്ഞ പതിനൊന്ന് വർഷത്തെ ഏറ്റവും കുറഞ്ഞ നിരക്കാണ്.

ഇന്ത്യയിൽ ഇപ്പോൾ ജിഡിപി കണക്കാക്കുന്നത് യാഥാർത്ഥ്യത്തിൽ നിന്നും വളരെ ഉയർന്ന നിലയിലാണെന്ന് ബിജെപി സർക്കാരിന്റെ തന്നെ ചീഫ് ഇക്കണോമിക് അഡ്വൈസറായിരുന്ന അരവിന്ദ് സുബ്രമണ്യം തന്നെ പറഞ്ഞത്. അരവിന്ദ് സുബ്രഹ്മണ്യത്തിന്റെ അനുമാനത്തിൽ ജിഡിപി കണക്കാക്കുന്നത് യഥാർത്ഥത്തിൽ നിന്നും 2.5 ശതമാനം വരെ ഉയർന്ന നിലയിലാണ്. അങ്ങിനെ പരിശോധിച്ചാൽ ഇന്ത്യയുടെ സാമ്പത്തിക വളർച്ച 2019 -20 ൽ മൂന്നു ശതമാനം മാത്രമായിരിക്കും.

ബിജെപി സർക്കാർ ജിഡിപി മാത്രമല്ല എല്ലാ കണക്കുകളും കൃത്യമായല്ല, കൃത്രിമമായാണ് കണക്കാക്കുന്നത്.ജിഡിപി വളർച്ച ഇത്തരത്തിൽ ഇടിയുന്നത് കാണിക്കുന്നത് ഇന്ത്യൻ സമ്പദ് വ്യവസ്ഥ മാന്ദ്യത്തിലേക്കു വഴുതി വീണു കഴിഞ്ഞു എന്നാണ്.

# റെയിൽവേ കയ്യടക്കാൻ കോർപറേറ്റുകൾ

മോഡി സർക്കാർ വിൽപനക്കു വച്ച റെയിൽവേ മേഖലയിലേക്ക് കടന്നുകയറാൻ കണ്ണുംനട്ട് വിദേശ കമ്പനികളടക്കം ഇരുപതിലേറെ വൻകിട കോർപറേറ്റുകൾ. 100 പാതയിലായി 150 ട്രെയിനാണ് ആദ്യഘട്ടത്തിൽ സ്വകാര്യ വൽക്കരിക്കുന്നത്. ഇതിനു പുറമെ 100 റെയിൽവെ സ്റ്റേഷനും സ്വകാര്യവൽക്കരിക്കും.



ആൾസ്റ്റോം, സീമെൻ, ബോംബാർഡിയർ, ബുണ്ടായ്, ടാൽഗോ, മിത്സുയ്, മേധ, അദാനി, ടാറ്റ, എസ്സൽ, ബിഇഎംഎൽ തുടങ്ങിയ കമ്പനികളാണ് രംഗത്തുള്ളത്. റെയിൽവെക്ക് ലാഭ വിഹിതത്തിൽ എത്ര നൽകുമെന്നതിനെ ആശ്രയിച്ചാകും കമ്പനികളെ തെരഞ്ഞെടുക്കുക. രണ്ടുമൂന്ന് മാസത്തിനുള്ളിൽ ലേലം ഉറപ്പിച്ചേക്കും.

അടുത്ത സാമ്പത്തിക വർഷം തന്നെ സ്വകാര്യ ട്രെയിനുകളെ ട്രാക്കിലിറക്കും. ആദ്യഘട്ടം വിജയകരമായാൽ 350 പാതകൂടി സ്വകാര്യകമ്പനികൾക്കായി തുറന്നുകൊടുക്കും. സ്വകാര്യ കമ്പനികളെ ക്ഷണിക്കുക വഴി ആദ്യഘട്ടത്തിൽ 22,500 കോടി രൂപയുടെ നിക്ഷേപമാണ് റെയിൽവേ പ്രതീക്ഷിക്കുന്നത്. ലേല പ്രക്രിയയിലൂടെ റൂട്ടുകൾ പിടിക്കുന്ന സ്വകാര്യ കമ്പനികൾക്ക് നിരക്ക് നിശ്ചയിക്കുന്നതിന് പൂർണ അധികാരം മുണ്ടാകും. വരുമാനത്തിന്റെ ഒരു പങ്ക് റെയിൽവേക്ക് നൽകണമെന്ന് മാത്രം.



# ലൈഫ് മിഷൻ രണ്ടാം ഘട്ടം പൂർത്തിയായി

കേരളം വീണ്ടും ലോകത്തിന് മാതൃക. രണ്ട് ലക്ഷത്തിലേറെ വീടുകൾ അഭിമാനത്തോടെ പുതു ജീവിതം തുടങ്ങിയ 10 ലക്ഷം പേരുടെ പ്രതിനിധി മാധവിക്കുട്ടിഅമ്മ കൈമാറിയ ജ്വാല മുഖ്യമന്ത്രി പിണറായി വിജയൻ തിരിവിളക്കിലേക്ക് പകർന്നു. പുത്തരിക്കണ്ടം മൈതാനത്തിൽ തടിച്ചുകൂടിയ ജനസാഗരം ഇതിന് സാക്ഷ്യമായി. സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ ലൈഫ് മിഷനിലൂടെ 2,14,262 വീടുകൾ കൈമാറിയതായി മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

എന്റെ വീട് എന്ന അവകാശ ബോധത്തോടെ അന്തസാർന്ന ജീവിതത്തിന്റെ അടിത്തറയിലേക്ക് നടന്നു കയറിയ കുടുംബങ്ങൾ. ഒരിക്കലും നിറവേറ്റില്ലെന്ന് കരുതിയ സ്വപ്നം സാക്ഷാത്കരിച്ചതിന്റെ വിസ്മയം വിട്ടുമാറാത്ത മുഖങ്ങൾ. എല്ലാവർക്കും വീടെന്ന സ്വപ്ന ലക്ഷ്യത്തിലേക്ക് കുതിക്കുന്ന കേരളം ഉത്സവാന്തരീക്ഷത്തിലാണ് ലൈഫ് മിഷന്റെ നേട്ടങ്ങൾ വരവേറ്റത്. എല്ലാ ജില്ലകളിലും ഗുണഭോക്താക്കളുടെ സംഗമത്തിൽ വൻ ജനാവലി. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നൂറുകണക്കിന് കേന്ദ്രങ്ങളിൽ സംഗമങ്ങൾ നടത്തി. വീടു കൈമാറുന്നതോടെ അവസാനിക്കുന്നതല്ല ലൈഫ് മിഷൻ പദ്ധതിയെന്നും മെച്ചപ്പെട്ട ജീവിതത്തിനായി തുടർ ഇടപെടൽ ഉണ്ടാകുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

**കേരളം വീണ്ടും ലോകത്തിന് മാതൃക. രണ്ട് ലക്ഷത്തിലേറെ വീടുകൾ അഭിമാനത്തോടെ പുതു ജീവിതം തുടങ്ങിയ 10 ലക്ഷം പേരുടെ പ്രതിനിധി മാധവിക്കുട്ടിഅമ്മ കൈമാറിയ ജ്വാല മുഖ്യമന്ത്രി പിണറായി വിജയൻ തിരിവിളക്കിലേക്ക് പകർന്നു. പുത്തരിക്കണ്ടം മൈതാനത്തിൽ തടിച്ചുകൂടിയ ജനസാഗരം ഇതിന് സാക്ഷ്യമായി. സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ ലൈഫ് മിഷനിലൂടെ 2,14,262 വീടുകൾ കൈമാറിയതായി മുഖ്യമന്ത്രി പ്രഖ്യാപിച്ചു.**

2017 ൽ ആരംഭിച്ച ലൈഫ് മിഷൻ പദ്ധതി മൂന്നു ഘട്ടമായയാണ് നടപ്പാക്കുന്നത്. ഒന്നാം ഘട്ടത്തിൽ 52,050 വീടുകൾ പൂർത്തിയാക്കി. പല കാരണങ്ങളാൽ പൂർത്തിയാക്കാതിരുന്ന വീടുകളാ



ണ് ഈ ഘട്ടത്തിൽ പൂർത്തിയാക്കിയത്. ഒന്നാം ഘട്ടത്തിൽ സർക്കാർ 670 കോടി രൂപ ചെലവാക്കി. രണ്ടാം ഘട്ടത്തിലാണ് ബാക്കി വീടുകൾ പണിതത്. ഈ ഘട്ടത്തിൽ സർക്കാർ 5851 കോടി രൂപ ചെലവാക്കി. മൂന്നാം ഘട്ടത്തിൽ ഭവന സമുച്ചയങ്ങളാണ് പണിയുന്നത്. 448 കോടിയുടെ ഭവന സമുച്ചയങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. കേരളത്തിന്റെ സാമൂഹ്യക്ഷേമ പുരോഗതിക്കും വികസനത്തിനും അടിസ്ഥാനമായി നിൽക്കുന്ന എല്ലാ ഘടകവും സംഭാവന ചെയ്യുന്നത് ഇടതുപക്ഷ ഭരണങ്ങളാണ്. ഭൂപരിഷ്കരണം, മെച്ചപ്പെട്ട കൂലി ,ആരോഗ്യവിദ്യാഭ്യാസ സൗകര്യങ്ങൾ, റേഷൻ വിതരണം, ക്ഷേമ പെൻഷനുകൾ, അധികാരവികേന്ദ്രീകരണം, സാക്ഷരതാ മുന്നേറ്റം എന്നിവയെല്ലാം ഇടതുപക്ഷത്തിന്റെ ഇടപെടലിനെ തുടർന്നുണ്ടായ നേട്ടങ്ങളാണ്. ഐക്യകേരളത്തിൽ 1957 ൽ നടന്ന ആദ്യ നിയമസഭാ തെരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർടി നേടിയ വിജയം ചരിത്രത്തിലെ നാഴികക്കല്ലാണ്. 1957 ഏപ്രിൽ 5 ന് ഇഎംഎസ് നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായപ്പോൾ അന്നോളമുണ്ടായിട്ടില്ലാത്ത പുരോഗമനപരമായ നടപടികൾക്ക് തുടക്കമായി. കേരളത്തിൽ സാമൂഹ്യനീതിയുള്ള ജനാധിപത്യസമൂഹത്തിന് അടിസ്ഥാനമിട്ടത്



ഈ സർക്കാരാണ്. 22 മാസത്തെ ചെറിയ കാലയളവിൽ തന്നെ ഇഎംഎസ് സർക്കാർ ഭൂപരിഷ്കരണത്തിനുള്ള ആദ്യ ചുവടുകൾ വച്ചു. തൊഴിലാളികളുടെ കൂലികൾ കൂട്ടി. വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റമുണ്ടായി. ഇപ്പോഴിതാ എൽഡിഎഫ് സർക്കാർ സംസ്ഥാനത്തിന്റെ സാമൂഹ്യ നേട്ടങ്ങളാകെ സംരക്ഷിച്ച് പുതിയ വികസന മാതൃക സൃഷ്ടിക്കുന്നു. കേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന 4 മിഷൻ പ്രഖ്യാപിച്ചുകൊണ്ടാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. അതിലൊന്നാണ് ലൈഫ് മിഷൻ.



രണ്ട് മഹാപ്രളയം, ഓഖി, നിപ്പ പകർച്ചവ്യാധി, കേന്ദ്രം സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധികൾ ഇവയ്ക്കു നടുവിലാണ് സർക്കാർ നേട്ടങ്ങൾ കൈവരിക്കുന്നത്. ധനപരമായ ഏതു വൈഷമ്യത്തിനു നടുവിലും ബദൽ വഴികൾ തേടി ജനക്ഷേമ നടപടികളും സമഗ്ര വികസന പദ്ധതികളുമായി മുന്നോട്ടു പോവുകയാണ് സർക്കാർ. ■

# ക്രിപ്റ്റോ കറൻസി

# റിസർവ് ബാങ്കിന്റെ സർക്കുലർ സുപ്രീം കോടതി റദ്ദാക്കി

ബാങ്കുകളും മറ്റു ധനകാര്യ സ്ഥാപനങ്ങളും വെർച്വൽ കറൻസി (ക്രിപ്റ്റോകറൻസി) ഇടപാടുകളിലും അനുബന്ധ സേവനങ്ങളിലും ഏർപ്പെടുന്നതു വിലക്കി റിസർവ് ബാങ്ക് 2018 ഏപ്രിൽ 6 ഇറക്കിയ സർക്കുലർ സുപ്രീം കോടതി റദ്ദാക്കി. ഉത്തരവു പഠിച്ച ശേഷം മാത്രം സർക്കാർ നിലപാട് വ്യക്തമാക്കുമെന്നു ധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞു.

വെർച്വൽ കറൻസി (വിസി) നിരോധിക്കുകയല്ല, അവയുമായി ബന്ധപ്പെട്ട് ബാങ്കുകളും മറ്റു ധനകാര്യ സ്ഥാപനങ്ങളും സേവനങ്ങൾ ലഭ്യമാക്കുന്നതു തടയുകയാണ് റിസർവ് ബാങ്ക് ചെയ്തത്. ഇവ ഫലത്തിൽ വിസി എക്സ്ചേഞ്ചുകളുടെ പ്രവർത്തനം സ്തംഭിപ്പിച്ചു. എന്നാൽ, വിസി എക്സ്ചേഞ്ചുകളുടെ പ്രവർത്തനത്തിൽ എന്തെങ്കിലും പിഴവുള്ളതായി റിസർവ് ബാങ്ക് കണ്ടെത്തിയിട്ടില്ല. ഈ-ഓൺലൈൻ എക്സ്ചേഞ്ചുകൾക്കു സേവനം നൽകിയതിനാൽ ബാങ്കുകൾക്കോ മറ്റു ധനകാര്യ സ്ഥാപനങ്ങൾക്കോ നാളിതുവരെ എന്തെങ്കിലും നഷ്ടം നേരിട്ടതായും റിസർവ് ബാങ്കിനു വാദമില്ല.

രാജ്യത്തെ പണമിടപാടു മേഖലയെ നിയന്ത്രിക്കാൻ റിസർവ് ബാങ്കിന് അധികാരമുണ്ട്. മുൻകരുതലായും പിഴവുതിരുത്തലിനും നടപടികളെടുക്കാം. എന്നാൽ, വിസി എക്സ്ചേഞ്ചുകൾ ബാങ്കുകൾക്കും മറ്റും നഷ്ടമുണ്ടാക്കിയതായി തെളിവില്ലാത്തപ്പോൾ റിസർവ് ബാങ്കിന്റെ നടപടി ആനുപാതികമല്ലെന്ന് ജഡ്ജിമാരായ റോൻറൻ നരിമാൻ, അനിരുദ്ധ ബോസ്, വി സുബ്രഹ്മണ്യൻ എന്നിവരുടെ ബെഞ്ച് വിധിച്ചു. റിസർവ് ബാങ്കിന്റെ സർക്കുലറും വിസിയുമായി ബന്ധപ്പെട്ട മറ്റു ചില നിർദേശങ്ങളും ചോദ്യം ചെയ്ത് ഇൻരനെറ്റ് ആൻഡ് മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യയും ഏതാനും വിസി എക്സ്ചേഞ്ച് കമ്പനികളും നൽകിയ ഹർജികളിലാണ് വിധി. വിസി വിനിമയത്തിൽ കേന്ദ്ര സർക്കാരിനു തന്നെ വ്യക്തതയില്ലെന്നും കോടതി ചൂണ്ടിക്കാട്ടി.

### റിസർവ് ബാങ്ക് സ്വതന്ത്രം: സുപ്രീം കോടതി

നിയമത്തിലൂടെ രൂപീകരിച്ച മറ്റേതു സ്ഥാപനവും പോലെയല്ല റിസർവ് ബാങ്കെന്നും രൂപീകരിച്ചവരിൽ നിന്നു സ്വതന്ത്രമാണ് അതെന്നും സുപ്രീം കോടതി. യജമാനനെ സേവിക്കുന്ന നിയമപരമായ മറ്റേതു സ്ഥാപനത്തെയും പോലെയല്ല റിസർവ് ബാങ്ക്. കേന്ദ്ര സർക്കാരിന്റെ നിലപാടുകളിൽ നിന്നു വ്യത്യസ്തമായ കാര്യങ്ങൾ ചെയ്യാനും റിസർവ് ബാങ്കിന് അധികാരമുണ്ടെന്നും വെർച്വൽ കറൻസി സംബന്ധിച്ച് വിധിയിൽ കോടതി വിശദീകരിച്ചു.



റിസർവ് ബാങ്ക് ബോർഡിന്റെ കാലാവധി നിശ്ചയിക്കാൻ കേന്ദ്രസർക്കാരിനാണ് അധികാരമെന്നത് പൂർണമായ പ്രവർത്തനത്തെ ഒരു പരിധിവരെ ബാധിക്കുന്നതാണ്. എന്നാൽ 1934 ലെ നിയമത്തിലൂടെ റിസർവ് ബാങ്കിന് പൂർണമായ പ്രവർത്തനമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് കോടതി പറഞ്ഞു. കരുതൽ ധനം കൈമാറുന്നതിലുൾപ്പെടെ കേന്ദ്ര സർക്കാരിന്റെ താൽപര്യങ്ങൾക്ക് വഴങ്ങുന്നതായി വിമർശനമുള്ളപ്പോഴാണ് റിസർവ് ബാങ്കിന്റെ സ്വതന്ത്ര സ്വഭാവത്തെക്കുറിച്ച് കോടതിയുടെ പരാമർശങ്ങൾ.

രാഷ്ട്രീയ താൽപര്യങ്ങൾ സ്വാധീനിക്കാതിരിക്കാൻ വേണ്ടിയാണ് എല്ലാ രാജ്യങ്ങളും കേന്ദ്ര ബാങ്കുകളുടെ ബോർഡിന് കാലാവധിപരമായ ഭദ്രത നിർദേശിച്ചിട്ടുള്ളതെന്ന് കോടതി ചൂണ്ടിക്കാട്ടി.

സർക്കാരിന്റെഭരണപരമായ തീരുമാനങ്ങൾക്കു തുല്യമല്ല റിസർവ് ബാങ്കിന്റെ തീരുമാനങ്ങളെന്നു വിലയിരുത്തുന്നത് 1934 ലെ റിസർവ്ബാങ്ക് നിയമത്തിലെ വ്യവസ്ഥകളോടു കാട്ടുന്ന അതിക്രമമാകും എന്ന് കോടതി പറഞ്ഞു.സർക്കാരിൽ നിന്ന് കറൻസി മാനേജ്മെൻറ് ഏറ്റെടുക്കാൻ 1934




കറൻസിയായി പ്രഖ്യാപിക്കുകയും ബിറ്റ്കോയിൻ വിനിമയം നിയമവിധേയമാക്കുകയും ചെയ്തിരുന്നു.ഉപയോഗിക്കുന്നവരുടെ കംപ്യൂട്ടറിലാണു ക്രിപ്റ്റോകറൻസി സൂക്ഷിക്കപ്പെടുന്നത്. എല്ലാവർക്കും ഒരു പ്രൈവറ്റ് കീയും (പാസ്‌വേഡ്) ഒരു പബ്ലിക് കീയും (അഡ്രസ്) ഉണ്ടാവും. പ്രൈവറ്റ് കീ ഉടമസ്ഥൻ രഹസ്യമായി സൂക്ഷിക്കുമ്പോൾ പബ്ലിക് കീ പണം തരാനുള്ളവരുമായി പങ്കുവയ്ക്കുന്നു. ക്രിപ്റ്റോകറൻസികളുടെ വിനിമയ നിരക്കു കമ്പോളത്തിലെ ആവശ്യ ലഭ്യതകൾക്ക് അനുസരിച്ച് മാത്രം മാറുന്നതാണ്.

ലെ നിയമത്തിലൂടെ റിസർവ് ബാങ്കിന് അധികാരം നൽകി. ഈ നോട്ടുകൾ ഇറക്കാൻ റിസർവ് ബാങ്കിനുള്ള അധികാരവും എടുത്തുമാറ്റാനാവുന്നതല്ല കോടതി ചൂണ്ടിക്കാട്ടി.

കംപ്യൂട്ടർ സാങ്കേതിക വിദ്യയിലെ സങ്കീർണമായ ഗോപ്യഭാഷാ സാങ്കേതം ഉപയോഗിച്ചു നിർമിച്ച സാങ്കൽപിക നാണയമാണ് ക്രിപ്റ്റോകറൻസി. ഒരു ബാങ്കിന്റെയും ഇടപെടൽ കൂടാതെ, ബ്ലോക്ക് ചെയിൻ സാങ്കേതിക വിദ്യയിലൂടെ ഇടപാടുകൾ രേഖപ്പെടുത്തി പണം കൈമാറാം. സർക്കാരിന്റെയോ കേന്ദ്രബാങ്കിന്റെയോ നിയന്ത്രണമില്ല. ഉപയോഗിക്കുന്നവരുടെ 'കാൽപാടുകളും' അവശേഷിക്കില്ല.

2009 ൽ പുറത്തിറങ്ങിയ ബിറ്റ്കോയിൻ ആണ് ആദ്യത്തെ ക്രിപ്റ്റോകറൻസി. ബിറ്റ്കോയിൻ നേടിയ വിജയവും സ്വീകാര്യതയും അതേ മാതൃക പിന്തുടരുന്ന അനേകം ക്രിപ്റ്റോ കറൻസികളെ വിപണിയിലെത്തിച്ചു. നിലവിൽ പല പേരുകളിലായി ആറായിരത്തിലേറെ ക്രിപ്റ്റോ കറൻസികൾ വിനിമയത്തിലുണ്ട്. സതോഷി നാകമൊട്ടോ എന്ന പേരിലറിയപ്പെടുന്ന അജ്ഞാതനായ ജാപ്പനീസ് ഡവലപ്പറാണ് ബിറ്റ്കോയിൻറെ സ്രഷ്ടാവ്.

റിപ്പിൾ, എതെറിയം, എക്സ്ആർപി തുടങ്ങിയവയാണ് ഉയർന്ന മൂല്യമുള്ള മറ്റു ക്രിപ്റ്റോകറൻസികൾ. 6.42 ലക്ഷം രൂപയാണ് നിലവിൽ ഒരു ബിറ്റ്കോയിന്റെ മൂല്യം. സാങ്കൽപിക നാണയമാറ്റ കേന്ദ്രങ്ങളായ ബിറ്റ്കോയിൻ എക്സ്ചേഞ്ചുകൾ വഴിയാണ് ഇവയുടെ കൈമാറ്റം നടത്തുന്നത്. 2017 ൽ ജപ്പാൻ ബിറ്റ്കോയിനെ അംഗീകൃത

ബിറ്റ്കോയിനാണ് നിലവിൽ ഏറ്റവും പ്രചാരമുള്ള ക്രിറ്റോകറൻസി. ചില രാജ്യങ്ങൾ ബിറ്റ്കോയിൻ ഒരു പണമിടപാട് മാധ്യമമായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പല രാജ്യങ്ങളിലും ക്രിപ്റ്റോകറൻസികൾക്ക് നിയമപ്രാബല്യമില്ല. അതിനു കാരണങ്ങളുണ്ട്.

- **കേന്ദ്ര ബാങ്കിനു ക്രിപ്റ്റോകറൻസി ഇടപാടുകൾ വീക്ഷിക്കാനോ നിയന്ത്രിക്കാനോ സാധിക്കില്ല. വിലനിലവാരവും വിനിമയ നിലവാരവും നിലനിർത്താൻ കേന്ദ്ര ബാങ്ക് നടത്തുന്ന ശ്രമങ്ങളെ ഇതു പ്രതികൂലമായി ബാധിക്കും.**
- **കള്ളപ്പണം ഒളിപ്പിക്കാനും വിധ്വംസക പ്രവർത്തനങ്ങൾക്കും ക്രിപ്റ്റോകറൻസി ഉപയോഗിച്ചേക്കാം.**
- **ക്രിപ്റ്റോകറൻസിയിൽ അധിഷ്ഠിതമായ സമാന്തര സമ്പദ് വ്യവസ്ഥ നിലവിൽ വന്നാൽ പണപ്പെരുപ്പം വർധിക്കും; സമ്പദ് വ്യവസ്ഥയിൽ സർക്കാരിനു നിയന്ത്രണം നഷ്ടപ്പെടും.**
- **ആഭ്യന്തര കറൻസിയുടെ പ്രസക്തിക്കു മങ്ങലേൽക്കാം. രാജ്യത്തിന്റെ വിദേശ നാണയ കരുതലിനെ പ്രതികൂലമായി ബാധിക്കാം.**
- **ആഭ്യന്തര കറൻസിയുടെ വിനിമയ പരമാധികാരത്തിനു ക്രിപ്റ്റോകറൻസികൾ ഭീഷണിയായി മാറാം.**

(ഹരിയാനയിലെ ഗുരുഗ്രാമിൽ സ്റ്റേറ്റ് ബാങ്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രഡിറ്റ് ആൻറ് റിസ്ക് മാനേജ്മെൻറിലെ ഫാക്കൽറ്റി അംഗമാണ് ലേഖകൻ. അഭിപ്രായങ്ങൾ വ്യക്തിപരം) ■

# സഹകരണ ബാങ്കുകളിൽ കേന്ദ്ര കൈയേറ്റം




ഇനി സഹകരണ ബാങ്കുകളുടെ ഊഴമാണ്. പൊതു മേഖലാ ബാങ്കുകളെ ഒന്നായും കൂട്ടമായും അവയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ നിന്ന് തെറിപ്പിച്ച കേന്ദ്ര സർക്കാർ സഹകരണ ബാങ്കുകൾക്കു നേരെ വാളോങ്ങുന്നു. ധനമന്ത്രി നിർമല സീതാരാമൻ ലോകസഭയിൽ അവതരിപ്പിച്ച ബാങ്കിങ് നിയന്ത്രണ ഭേദഗതി ബില്ലിന്റെ ലക്ഷ്യം ഇതാണെന്ന് വ്യക്തം.

ഇന്ന് സഹകരണ ബാങ്കുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലാണ്. സംസ്ഥാന നിയമസഭ പാസാക്കുന്ന നിയമങ്ങൾ അനുസരിച്ച് അവ പ്രവർത്തിക്കുന്നു. പുതിയ ബിൽ ഈ സ്ഥാപനങ്ങളെ ആകെ റിസർവ് ബാങ്കിനെ ഉപയോഗിച്ച് കേന്ദ്ര സർക്കാർ നിയന്ത്രണത്തിൽ കൊണ്ടു വരികയാണ്. സഹകരണ മേഖലയിൽ ഭരണഘടനാപരമായി സംസ്ഥാനങ്ങൾക്കുള്ള അധികാരങ്ങൾ കവർന്നെടുക്കുകയാണ് ചെയ്യുന്നത്. ഫെഡറലിസത്തിന്റെ എല്ലാ അംഗീകൃത കീഴ്‌വഴക്കങ്ങളും ലംഘിച്ചാണ് ഈ കേന്ദ്ര നീക്കം.സംസ്ഥാന സർക്കാരുകൾക്ക് സംസ്ഥാനത്തിൻറെ താല്പര്യം അനുസരിച്ച് നിയന്ത്രിക്കാൻ കഴിയുന്ന ഏക ബാങ്കിംഗ് മേഖലയാണ് സഹകരണ ബാങ്കിംഗ് മേഖല.

വ്യത്യസ്ത ജനവിഭാഗങ്ങൾക്ക് അവരുടെ ആവശ്യമനുസരിച്ച് വായ്പാ പദ്ധതികളും തിരിച്ചടവ് വ്യവസ്ഥകളും ഈടിനായുള്ള ചട്ടങ്ങളും രൂപപ്പെടുത്തിയാണ് ഇവ പ്രവർത്തിക്കുന്നത്. അതുകൊണ്ടു തന്നെ പാവപ്പെട്ടവർ ബാങ്കിംഗ് ആവശ്യങ്ങൾക്ക് മുഖ്യമായി സമീപിക്കുന്നത് സഹകരണ ബാങ്കുകളെയാണ്. റിസർവ് ബാങ്കിനു വേണ്ടി കൊച്ചിയിലെ സെൻറർ ഫോർ സോഷ്യോ ഇക്കണോമിക് ആൻഡ് എൻവേയോൺമെന്റൽ സ്റ്റഡീസ് (സിഎസ്ഇഎസ്) നടത്തിയ പഠനം ഇക്കാര്യത്തിന് അടിവരയിടുന്നു.

ഗ്രാമീണ ദരിദ്രർക്കിടയിലാണ് അവർ പഠനം നടത്തിയത്. പഠനത്തിന് വിധേയരായവരിൽ ഭൂരിപക്ഷംപേരും സഹകരണ സംഘങ്ങളിൽ അംഗത്വം ഉള്ളവരാണ്. സമീപിക്കാൻ ഏറ്റവും പറ്റിയ ധന സ്ഥാപനങ്ങളായി ദരിദ്രർ കാണുന്നത് സഹകരണ സ്ഥാപനങ്ങളെയാണെന്ന് പഠനം പറയുന്നു. പലിശ കുറവായിട്ടും വാണിജ്യ ബാങ്കുകൾക്ക് ഈ സ്വീകാര്യത ഇല്ല. പഠനത്തിന് വിധേയമാക്കിയവരിൽ കൂടുതൽ പേരും കടമെടുത്തിരിക്കുന്നതും സഹകരണ സ്ഥാപനങ്ങളിൽ നിന്നാണ്. ദരിദ്രരുടെ സാമ്പത്തിക ആവശ്യങ്ങളോട് കൂടുതൽ നന്നായി പ്രതികരിക്കുന്നതും സഹകരണ സ്ഥാപനങ്ങളാണെന്ന് ആ പഠനം ചൂണ്ടിക്കാട്ടിയിരുന്നു. വാണിജ്യ ബാങ്കുകളിലെ സങ്കീർണമായ നടപടിക്രമങ്ങളും വായ്പ കിട്ടാനെടുക്കുന്ന കൂടിയ സമയവും ജനങ്ങളെ അവിടെ നിന്ന് അകറ്റുന്നുണ്ടാകാം. അതേ സമയം, സ്വന്തം ഗ്രാമത്തിൽ നിന്നുള്ളവരായിരിക്കും സഹകരണ ബാങ്കുകളെ നിയന്ത്രിക്കുന്നത്. ഇത് ഇത്തരം സ്ഥാപനങ്ങളെ ദരിദ്രർക്ക് കൂടുതൽ സ്വീകാര്യമാക്കുന്നുണ്ടാകാം. എന്നും



പഠനം പറയുന്നു.

റിസർവ് ബാങ്കിനു വേണ്ടി നടന്ന പഠനമാണ് ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടുന്നത്. എന്നാൽ പുതിയ ബില്ലിൽ റിസർവ് ബാങ്കിനെ ഉപയോഗിച്ച് ഇതേ സഹകരണ ബാങ്കുകളെ വരിഞ്ഞു മുറുക്കാനാണ് ശ്രമം.സഹകരണ ബാങ്കുകൾക്ക് വായ്പകൾ, സെക്യൂരിറ്റികൾ, ബോണ്ടുകൾ, ഈടുരഹിത വായ്പകൾ തുടങ്ങി എല്ലാ കാര്യങ്ങളിലും ഇനി റിസർവ് ബാങ്കിന്റെ അനുമതി വേണ്ടിവരും. സംസ്ഥാനങ്ങളിലെ സഹകരണ സൊസൈറ്റി രജിസ്ട്രാർക്ക് കീഴിൽ രജിസ്റ്റർ ചെയ്ത ഏത് സഹകരണ ബാങ്കിന്റെയും ഡയറക്ടർ ബോർഡിനെ അസാധുവാക്കാനുള്ള അധികാരം ആർബിഐക്കുണ്ടാകും എന്നും ബില്ലിൽ പറയുന്നു. ആവശ്യമെങ്കിൽ സഹകരണ ബാങ്കുകളുടെ പ്രവർത്തനം അവസാനിപ്പിച്ചുള്ള ഉത്തരവുമിടാം. ഫലത്തിൽ സഹകരണ മേഖലയുടെ സ്വയംഭരണം ആകെ ഇല്ലാതാക്കുകയാണ് ബിൽ ചെയ്യുന്നത്.

സഹകരണ ബാങ്കുകളുടെ കാര്യത്തിൽ മാത്രമല്ല, സഹകരണ സംഘങ്ങളെയും പ്രതിസന്ധിയിലാക്കുന്ന നീക്കങ്ങളാണ് കേന്ദ്രത്തിൽ നിന്ന് തുടരെയുണ്ടാകുന്നത്.മുൻകാലങ്ങളിൽ കേന്ദ്ര സർക്കാർ സഹകരണ മേഖലക്ക് നൽകിയിരുന്ന എല്ലാ പരിരക്ഷകളും പടിപടിയായി ഇല്ലാതാക്കുകയാണ്. ആദായ നികുതിയിൽ 80 (പി) ന്റെ ആനുകൂല്യം സഹകരണ മേഖലക്ക് ഉണ്ടായിരുന്നത് പരിമിതപ്പെടുത്തിയിരുന്നു. ഇപ്പോൾ സഹകരണ സ്ഥാപനങ്ങളെ കോർപറേറ്റ് സ്ഥാപനങ്ങളായി കണക്കാക്കാൻ തുടങ്ങിയിരിക്കുകയാണ്. അതോടെ ഈ ആനുകൂല്യം പാടെ നഷ്ടപ്പെടും. സഹകരണ സംഘങ്ങൾ നൽകുന്ന ഹ്രസ്വകാല കാർഷിക മേഖലാ വായ്പകൾക്ക് നബാർഡ് നൽകിയിരുന്ന പുനർവായ്പാ സംവിധാനം പടിപടിയായി കുറയ്ക്കുകയാണ്. അതേസമയം മുത്തൂറ്റ് പോലുള്ള ബാങ്കിംഗ് ഇതര സ്ഥാപനങ്ങൾക്ക് റിസർവ് ബാങ്കിന്റെനിർദേശപ്രകാരം നബാർഡ് കോടികളാണ് പുനർവായ്പ അനുവദിക്കുന്നത്.

ഒരു കോടിയിലേറെ രൂപ പണമായി പിൻവലിച്ചാൽ, അധിക തുകയ്ക്ക് രണ്ട് ശതമാനം നികുതി നൽകണമെന്ന നിർദേശം ഇപ്പോൾ നിലവിൽ വന്നിരിക്കുകയാണ്. പണമിടപാട് കുറയ്ക്കാൻ എന്ന പേരിലാണിത്. വ്യക്തികൾക്കെന്ന പോലെ സഹകരണ സംഘങ്ങൾക്കും ഇത് ബാധകമാക്കിയിരിക്കുന്നു. ഇതിനെതിരെ സംസ്ഥാന നിയമസഭ ഏകകണ്ഠമായി പ്രമേയം പാസാക്കിയിട്ടും കേന്ദ്രത്തിന് അനക്കമില്ല. കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങളെ ഗുരുതരമായി ബാധിക്കുന്ന കാര്യമാണിത്.

ഇത്തരത്തിലുള്ള ദ്രോഹനടപടികളുടെ തുടർച്ചയാണ് ഇപ്പോഴത്തെ ബിൽ, രാജ്യത്തെ സാമ്പത്തിക രംഗം വൻ കുത്തകകൾക്ക് അനുകൂലമായ നയങ്ങളിലൂടെയും ധനമാനേജ്മെൻറിലെ പിടിപ്പുകേട് മൂലവും വമ്പൻ തകർച്ചയിലാണ്. കുത്തകകൾക്ക് ഇഷ്ടാനുസരണം പൊതുപണം ഒഴുക്കിക്കൊടുക്കാനുള്ള സ്ഥാപനങ്ങളാക്കി പൊതുമേഖലാ ബാങ്കുകളെ അധഃപതിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ ദരിദ്രർക്ക് ഒരളവോളം ആശ്വാസം പകരുന്നത് സഹകരണ സ്ഥാപനങ്ങളാണ്. ആ വഴികൂടി അടയ്ക്കാനാണ് കേന്ദ്രസർക്കാർ നീക്കം. ഇതിനു കാരണമായി പറയുന്നത് പഞ്ചാബ് ആൻഡ് മഹാരാഷ്ട്ര കോ ഓപ്പറേറ്റീവ് ബാങ്കിലെ ക്രമക്കേടുകളാണ്. അത്തരം ക്രമക്കേടുകൾ നടത്തുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ അവ പ്രവർത്തിക്കുന്ന സംസ്ഥാനങ്ങളിലെ സർക്കാരുകൾ നടപടി സ്വീകരിക്കണം. നിയമങ്ങളിൽ വേണ്ട മാറ്റം വരുത്താൻ സർക്കാരുകളോട് നിർദേശിക്കണം. അല്ലാതെ കേന്ദ്ര സർക്കാരിന്റെ അമിതാധികാര പ്രയോഗമല്ല വേണ്ടത്. ■

# പൊതു പ്രവർത്തകനുള്ള എം സുകുമാരൻ ഫൗണ്ടേഷൻ അവാർഡ് സ: കെ എൻ രവീന്ദ്രനാഥിന്

**എം സുകുമാരൻ ഫൗണ്ടേഷൻെറ പേരിൽ പൊതു പ്രവർത്തന പുരസ്കാരം സ: കെ എൻ രവീന്ദ്രനാഥിന് കൊടുത്തുകൊണ്ട് കേരളാ മുഖ്യമന്ത്രിയും സിപിഐ (എം) പൊളിറ്റ്ബ്യൂറോ മെമ്പറുമായ സ: പിണറായി വിജയൻ ചെയ്ത പ്രസംഗത്തിൽ നിന്ന്**



എം സുകുമാരൻെറ പേരിൽ ഒരു പൊതുപ്രവർത്തന പുരസ്കാരം ഏർപ്പെടുത്തിയതിലും അത് സ. കെ എൻ രവീന്ദ്രനാഥിനു ലഭിക്കുന്നതിലും വലിയ ഔചിത്യഭംഗിയുണ്ട്. നിസ്വാർത്ഥമായ രാഷ്ട്രീയ ജീവിതത്തിൻെറ പല പതിറ്റാണ്ടുകൾ പിന്നിട്ടിട്ടുള്ള സ. കെ എൻ രവീന്ദ്രനാഥ് ത്യാഗപൂർവ്വമായ പൊതുപ്രവർത്തനത്തിൻെറ പ്രതീകമാണ്. ഇന്ത്യൻ തൊഴിലാളിവർഗ പ്രസ്ഥാനത്തിൻെറ ചരിത്രത്തോടൊപ്പം അര നൂറ്റാണ്ടിലേറെ സഞ്ചരിച്ച പോരാളിയാണ്, ട്രേഡ് യൂണിയൻ നേതാവാണ്, കമ്യൂണിസ്റ്റ് നേതാവാണ്.

തൊഴിലാളികൾക്കിടയിൽ പ്രവർത്തിച്ച് അവിഭക്ത കമ്യൂണിസ്റ്റ് പാർടിയിലെത്തി. പിന്നീട് സിപിഐ എമ്മിൻെറ സംസ്ഥാന സെക്രട്ടറിയറ്റിലേക്കും കേന്ദ്ര കമ്മിറ്റിയിലേക്കും ഉയർന്നു. സിഐടിയു രൂപീകൃതമായതു മുതൽ മൂന്നരപ്പതിറ്റാണ്ടിലേറെ പ്രവർത്തിച്ച് അതിൻെറ കേന്ദ്ര നേതൃത്വത്തിലെത്തി. സർ സി പിക്കെതിരെ വിദ്യാർത്ഥികളെ അണിനിരത്തി പതിമൂന്നാം വയസ്സിൽ ആരംഭിച്ച ആ പ്രക്ഷോഭജീവിതത്തെ കമ്യൂണിസ്റ്റ് വേട്ടയും അടിയന്തരാവസ്ഥയും നവലിബറൽ വിദേശ മൂലധന വാഴ്ച്ചയ്ക്കെതിരായ പ്രക്ഷോഭവുമെല്ലാം അനുഭവതീക്ഷ്ണമാക്കി.

വളരെ യാഥാസ്ഥിതികമായ സാഹചര്യത്തിൽനിന്ന് തൊഴിലാളി പ്രസ്ഥാനത്തിലേക്കു വന്ന് അതിൻെറ അമരക്കാരിലൊരാളായി വളർന്ന ചരിത്രമാണ് കെ എൻ രവീന്ദ്രനാഥിനുള്ളത്. ദേശീയ പ്രസ്ഥാനത്തോടുള്ള ആഭിമുഖ്യവുമായി വിദ്യാർത്ഥി കോൺഗ്രസിൽ പ്രവർത്തിച്ച അദ്ദേഹം പാരമ്പര്യമനുസരിച്ച് നോക്കിയാൽ കോൺഗ്രസ് രാഷ്ട്രീയത്തിലൂടെയായിരുന്നു വളരേണ്ടിയിരുന്നത്. എന്നാൽ, മനുഷ്യർക്ക് മനുഷ്യരായി കഴിയാൻ സാധിക്കാത്ത സാഹചര്യമാണ് സമൂഹത്തിലുള്ളതെന്നും അതു മാറ്റിയെടുക്കാൻ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനേ സാധിക്കൂ എന്നും അദേഹം ചെറുപ്രായത്തിൽ തന്നെ മനസ്സിലാക്കി. അങ്ങനെ കമ്യൂണിസ്റ്റ് പാർടിയിലേക്കെത്തി.

സ്വാതന്ത്ര്യലബ്ധി മാത്രം കൊണ്ട് എല്ലാം ആയില്ല എന്നും ചൂഷണം, ഉച്ചനീചത്വം എന്നിവ എല്ലാ അർത്ഥത്തിലും അവസാനിക്കുകയും ഭൗതിക ജീവിത സൗഖ്യങ്ങൾ എല്ലാവരുടേതുമാവുന്ന കാലം പിറക്കുകയും ചെയ്യുമ്പോഴേ ലക്ഷ്യം നേടാനാവുന്നുള്ളു എന്നുമുള്ള ചിന്തയാണ് അദ്ദേഹത്തെ നയിച്ചത്. അക്കാര്യത്തിൽ നിശ്ചയദാർഢ്യമുള്ളതു കൊണ്ടുതന്നെ ബന്ധുക്കൾക്കും പ്രമാണിമാർക്കും കോൺഗ്രസ് പ്രമുഖർക്കും അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ കഴിഞ്ഞില്ല.



രാഷ്ട്രീയ പ്രവർത്തനത്തിൻറെ ചടുലത കൊണ്ട് ബിരുദപഠനം പാതിയിൽ നിൽക്കുകയായിരുന്നു. പിന്നീട് പടിപടിയായി അവിഭക്ത കമ്യൂണിസ്റ്റ് പാർടിയുടെ പ്രവർത്തനങ്ങളിലും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലും മുഴുകി. 1964ലെ പിളർപ്പിൽ സിപിഐ എമ്മിനൊപ്പം ഉറച്ചുനിന്നു. ഫാക്ട് സമരം, എച്ച് എം എസ് സമരം തുടങ്ങി എത്രയോ നിർണായക സമരങ്ങളുടെ നേതൃസ്ഥാനത്ത് കെ എൻ രവീന്ദ്രനാഥ് ഉണ്ടായിരുന്നു. അടിയന്തരാവസ്ഥ വന്നപ്പോൾ ഒളിവിൽ പോയെങ്കിലും പിടിക്കപ്പെട്ടു. തുടർന്ന് പല മാസത്തെ ജയില്വാസം. ഇങ്ങനെ ഒളിവിലും തെളിവിലും ജയിലിലുമൊക്കെയായി ത്യാഗപൂര്വം പ്രവർത്തിച്ച ചരിത്രമാണ് രവീന്ദ്രനാഥിനുള്ളത്.

കെ എൻ രവീന്ദ്രനാഥിനെക്കുറിച്ച് പറയാവുന്ന ഒരു വിമർശനം, സാമ്പത്തികരാഷ്ട്രീയ കാര്യങ്ങളിൽ വിപുലമായ അറിവു നേടിയിട്ടും അതൊക്കെ പകർന്നുവെയ്ക്കുള്ള ഗ്രന്ഥരചനയിൽ കാര്യമായി ഏർപ്പെട്ടില്ല എന്നതാണ്. ആ പോരായ്മയാകട്ടെ, അദ്ദേഹത്തിന് ഇപ്പോഴും തിരുത്താവുന്നതേയുള്ളു. ഇടതുപക്ഷ അതിതീവ്ര വാദങ്ങൾക്കും വലതുപക്ഷ റിവിഷനിസത്തിനുമെതിരായി പാർടിയെ ശരിയായ സൈദ്ധാന്തിക നയത്തിലുറപ്പിച്ചു നിർത്തുന്നതിൽ രവീന്ദ്രനാഥ് അക്കാലങ്ങളിൽ തൻറേതായ പങ്കുവഹിച്ചിട്ടുണ്ട്.

വലിയ ഭൂസ്വത്തും പ്രതാപവുമുള്ള കുടുംബത്തിൽ നിന്നു വന്ന രവീന്ദ്രനാഥ്, കൊച്ചിയിലെ കാക്കനാട്ട് തനിക്കുണ്ടായിരുന്ന ഒരേക്കർ ഭൂസ്വത്ത് വർഷങ്ങൾക്കു മുമ്പേ പാർടിക്കു നൽകിയ കാര്യവും പറയേണ്ടതുണ്ട്. ജവഹർലാൽ നെഹ്റുവിൻറെ കാലത്ത് എഐസിസി ജനറൽ സെക്രട്ടറിയായിരുന്ന കെ പി മാധവൻ നായരടക്കമുള്ളവരുടെ പ്രമാണി കുടുംബത്തിൽനിന്ന് പണിയെടുക്കുന്ന പാവപ്പെട്ടവരുടെ പോരാട്ടനിരയിലേക്ക് സ്വയം നിശ്ചയിച്ചിറങ്ങിത്തിരിച്ച് പ്രസ്ഥാനത്തിൽ ഉയർന്നുവന്ന നേതാവാണ് കെ എൻ രവീന്ദ്രനാഥ്. അദ്ദേഹത്തിന് ഈ പുരസ്കാരം നൽകുമ്പോൾ, മാതൃകാപരമായ പൊതു സാമൂഹ്യജീവിതത്തിനുള്ള അംഗീകാരമാവുന്നു ഇത് എന്നു മാത്രം പറയട്ടെ.

**വലിയ ഭൂസ്വത്തും പ്രതാപവുമുള്ള കുടുംബത്തിൽ നിന്നു വന്ന രവീന്ദ്രനാഥ്, കൊച്ചിയിലെ കാക്കനാട്ട് തനിക്കുണ്ടായിരുന്ന ഒരേക്കർ ഭൂസ്വത്ത് വർഷങ്ങൾക്കു മുമ്പേ പാർടിക്കു നൽകിയ കാര്യവും പറയേണ്ടതുണ്ട്. ജവഹർലാൽ നെഹ്റുവിൻറെ കാലത്ത് എഐസിസി ജനറൽ സെക്രട്ടറിയായിരുന്ന കെ പി മാധവൻ നായരടക്കമുള്ളവരുടെ പ്രമാണി കുടുംബത്തിൽനിന്ന് പണിയെടുക്കുന്ന പാവപ്പെട്ടവരുടെ പോരാട്ടനിരയിലേക്ക് സ്വയം നിശ്ചയിച്ചിറങ്ങിത്തിരിച്ച് പ്രസ്ഥാനത്തിൽ ഉയർന്നുവന്ന നേതാവാണ് കെ എൻ രവീന്ദ്രനാഥ്**

# സിഐടിയു സംസ്ഥാന പഠന സ്കൂൾ

## 2020 ഫെബ്രുവരി 26,27,28- കോട്ടയം

സിഐടിയു സംസ്ഥാന പഠന സ്കൂൾ കോട്ടയത്ത് നടന്നു. സിഎസ്ഐ റിട്രീറ്റ് സെൻററിലായിരുന്നു ക്ലാസ്.

ഫെബ്രുവരി 26 രാവിലെ 10 ന് സിഐടിയു സംഘടനാ അനുഭവങ്ങളും കടമകളും, അംഗത്വ വർധന ദൈത്യവും മുൻഗണനാ മേഖലകളും എന്നീ വിഷയങ്ങളിൽ എളമരം കരീം എംപിയും ഉച്ചകഴിഞ്ഞ് മാർക്സിയൻ അർഥശാസ്ത്രം സുബിൻ ഡെന്നീസ്, വൈകിട്ട് വർഗീയത ഇന്ത്യൻ അനുഭവം, ചരിത്രവും തൊഴിലാളി വർഗത്തിൻറെ കടമയും ഡോ. സുനിൽ പി ഇളയിടം എന്നിവർ ക്ലാസെടുത്തു.

27 ന് ഇന്ത്യൻ ഭരണഘടന ചരിത്രവും ഭാവിയും പി രാജീവ്, ധനമൂലധനവും വർഗീയ വംശീയ വിഭജന രാഷ്ട്രീയവും സമകാലിക ലോക രാഷ്ട്രീയ സ്ഥിതിയും തൊഴിലാളി വർഗവും കെ ചന്ദ്രൻപിള്ള, ലോക സമ്പദ്ഘടന സാധ്യതകളും വെല്ലുവിളികളും ഡോ ടി എം തോമസ് ഐസക് എന്നിവർ ക്ലാസെടുത്തു. 28 ന് സിഐടിയു 50 വർഷങ്ങൾ അവകലോകനവും പാഠങ്ങളും പി നന്ദകുമാർ, ഇന്ത്യൻ സമ്പദ്ഘടന ഇന്ന്, 2020 21 കേന്ദ്ര ബജറ്റ് ഡോ. കെ എൻ ഹരിലാൽ, മാർക്സിസ്റ്റ് പ്രത്യയശാസ്ത്രം ഡോ. കെ എൻ ഗണേഷ് എന്നിവരും ക്ലാസെടുത്തു. സിഐടിയു സംസ്ഥാന ഭാരവാഹികൾ, ജില്ലാ സെക്രട്ടറി, പ്രസിഡൻറുമാർ, ഫെഡറേഷൻ ഭാരവാഹികൾ തുടങ്ങിയവരാണ് ക്ലാസിൽ പങ്കെടുത്തത്.

**സ: എളമരം കരീമിന്റെ ക്ലാസിൽ നിന്ന്**

## സിഐടിയു ലക്ഷ്യം



സിഐടിയു ഭരണഘടന പറയുന്നു. 'എല്ലാ ഉൽപാദന ഉപാധികളും പൊതുഉടമസ്ഥതയിൽ കൊണ്ട് വന്ന്, ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥ സ്ഥാപിക്കുന്നതിലൂടെ മാത്രമേ അദ്ധ്വാനിക്കുന്ന വർഗ്ഗത്തെ ചൂഷണത്തിൽ നിന്ന് മോചിപ്പിക്കാനാവൂ. 'മുതലാളിത്ത സമൂഹം നിലനില്ക്കുവോളം കാലം തൊഴിലെടുക്കുന്നവനും അയാൾ ഉൽപാദിപ്പിക്കുന്ന ചരക്കിൻറെ ഉടമയും വിപരീതങ്ങളാണ്. തൊഴിലെടുക്കുന്നവന്റെഅദ്ധ്വാനഫലം അതുണ്ടാവുന്ന നിമിഷത്തിൽ അയാൾക്ക് അന്യമാവുന്നു. തൊഴിലെടുപ്പിക്കുന്നവന്റെ കയ്യിലെത്തുന്ന അദ്ധ്വാനഫലം തൊഴിലെടുക്കുന്നവന്റെ വിപരീത ശക്തിയായി മാറുന്നു.

തൊഴിലെടുപ്പിക്കുന്നവനും, തൊഴിലെടുക്കുന്നവനും തമ്മിലുള്ള മൗലിക വൈരുദ്ധ്യം തൊഴിലെടുക്കുന്ന ഓരോ ദിവസവും അധികമധികം പ്രകടമാവുന്നു. ഈ വൈരുദ്ധ്യം ഇല്ലാതാവണമെങ്കിൽ സ്വകാര്യസ്വത്ത് തന്നെ ഇല്ലാതാവണം. സോഷ്യലിസം സ്ഥാപിക്കണം.

സദാ പുരോഗമിക്കുന്ന പ്രപഞ്ചത്തിൽ സദാ പുരോഗമിക്കുന്ന മനുഷ്യൻ പ്രകൃതിയോട് പ്രതികരിക്കുകയും, മറ്റ് മനുഷ്യരുമായി ബന്ധപ്പെടുകയും ചെയ്യുന്നതിൻറെ ഫലമായി രൂപപ്പെടുന്ന സാമൂഹ്യവൈരുദ്ധ്യങ്ങൾ, അതിൽ പ്രധാനമായും വർഗ്ഗ വൈരുദ്ധ്യം. ഈ വർഗ്ഗ വൈരുദ്ധ്യത്തിൻറെ അവസാന രൂപമായ ബൂർഷ്വാതൊഴിലാളിവർഗ്ഗ വൈരുദ്ധ്യം-മാർക്സിസം

സമൂഹത്തിന്റെ പുരോഗതിയിൽ നിർണായകമായ പങ്ക് വഹിക്കുന്നത് ഉൽപാദന ശക്തികളുടെ വളർച്ചയാണ്. അവക്ക് വളർച്ചയും, രൂപമാറ്റവും വരുന്നതിൻറെ സ്വാഭാവിക ഫലമായി ഉൽപാദന ബന്ധങ്ങളിലും മാറ്റം വരുന്നു. അതോടൊപ്പം സ്വകാര്യ സ്വത്തിൻറെ രൂപത്തിലും മാറ്റമുണ്ടാകുന്നു. ഇങ്ങനെ ഉൽപാദന ശക്തികളും, ഉൽപാദന ബന്ധങ്ങളും മാറുന്നതോടെ, സാമൂഹ്യസാമ്പത്തിക വ്യവസ്ഥയെ നിയന്ത്രിക്കുകയും, മുമ്പോട്ട് നയിക്കുകയും ചെയ്യുന്ന നിയമങ്ങളിലും മാറ്റം വരുന്നു.

'മനുഷ്യ ചരിത്രം പുരോഗമിക്കുമ്പോൾ, ഒന്നിന് പുറകെ മറ്റൊന്നായി വിവിധ സാമൂഹ്യ വ്യവസ്ഥകൾ രൂപം കൊള്ളുകയും, ഏതാനും കാലം നിലനിൽക്കുകയും, അവസാനം പുതിയ വ്യവസ്ഥക്ക് വഴിമാറുകയും ചെയ്യുന്നു.' 'ഈ പ്രക്രിയയിൽ ഒരു ഘട്ടമാണ് മുതലാളിത്തം.

ഇതിന് മുമ്പ് 'അടിമത്തം, ഫ്യൂഡലിസം ഉണ്ടായിരുന്നു.' 'ഓരോ വ്യവസ്ഥക്കും അതിൻറേതായ സാമൂഹ്യസാമ്പത്തിക നിയമങ്ങൾ.

'ചുരുങ്ങിയ കാലം കൊണ്ട് ബൂർഷ്വാസി, അത് വരെയുള്ള എല്ലാതലമുറകൾക്കും കൂടി ഉണ്ടായിരുന്നതിനേക്കാൾ സുശക്തമായ ഉൽപാദനശക്തികൾ സൃഷ്ടിച്ചു. വൻകിട യന്ത്രവ്യവസായം, കപ്പൽ, റെയിൽ, വിമാനം.

'ബൂർഷ്വാസി മനുഷ്യനും മനുഷ്യനും തമ്മിൽ നഗ്നമായ സ്വാർത്ഥത ഒഴികെ, ഹൃദയ ശൂന്യമായ റൊക്കം പൈസയൊഴികെ മറ്റൊരു ബന്ധവും ബാക്കിവെച്ചില്ല.'

'അത് വ്യക്തിയോഗ്യതയെ വിനിമയമൂല്യമാക്കി മാറ്റി.

'അനുവദിച്ച് കിട്ടിയതും, നേടിയെടുത്തതുമായ അസംഖ്യം സ്വാതന്ത്ര ങ്ങളുടെ സ്ഥാനത്ത്, അത് ഹൃദയ ശൂന്യമായ ഒരൊറ്റ സ്വതന്ത്ര്യത്തെസ്വതന്ത്ര വ്യാപാരത്തെ പ്രതിഷ്ഠിച്ചു.'(മാനിഫെസ്റ്റോ)

'അത് ഭിഷഗ്വരനെയും, അഭിഭാഷകനെയും, കവിയെയും, ശാസ്ത്രജ്ഞനെയുംസ്വന്തം കൂലിവേലക്കാരനാക്കി.' (മാനിഫെസ്റ്റോ)

'നമ്മുടെ സമരം ചൂഷക വർഗങ്ങൾക്കെതിരെ മാത്രമല്ല, ജനങ്ങൾക്കിടയിൽ സ്വാധീനം നേടിയ ചൂഷക വർഗത്തിൻറെ ആശയങ്ങൾക്കുമെതിരെയുമാവണം'

'ചൂഷക വർഗങ്ങളെ പരാജയപ്പെടുത്താൻ കഴിവുള്ള നിലവാരത്തിലേക്ക് ജനങ്ങളുടെ ബോധത്തെ ഉയർത്തണം, അവരെ ഏകോപിപ്പിക്കണം'.

**സ: പി.നന്ദകുമാറിന്റെ ക്ലാസിൽ നിന്ന്**

# സി.ഐ.ടി.യു. 50 വർഷങ്ങൾ



**എ.ഐ.ടി.യു.സി. രൂപീകരണം**

ഇന്ത്യയിൽ വ്യവസായതൊഴിലാളികൾ ഉയർന്നുവരുന്നത് 1850കളോടെയാണ്. ഏഴ് ദശകങ്ങൾക്ക് ശേഷമാണ് ആദ്യ ട്രേഡ് യൂണിയൻ പ്രസ്ഥാനം രൂപംകൊള്ളുന്നത്. അതിനിടയിൽ പല സമരങ്ങളും നടന്നിട്ടുണ്ട്. ആദ്യ സമരങ്ങൾ പലതും ഒരു കേന്ദ്ര ട്രേഡ് യൂണിയൻ സംഘടന നയിച്ചതല്ല. ഉദാഹരണം; കൽക്കട്ട ചണമിൽ തൊഴിലാളി സമരം, ബോംബെയിലെ ടെക്സ്റ്റൈയിൽ തൊഴിലാളി സമരം, 1877 ലെ നാഗ്പൂർ നെയ്ത്തുതൊഴിലാളി സമരം, റെയിൽവേ ഡ്രൈവർമാർ തൊട്ട് ടെലികോം ജീവനക്കാർ വരെ പങ്കെടുത്ത സമരം. 1907 നവംബർ 27ലെ പണിമുടക്കം ഇതെ തുടർന്ന് ലോകമാന്യ തിലകൻ തന്റെ പത്രമായ കേസരിയിൽ പണിമുടക്കവും രാഷ്ട്രീയവും എന്ന ലേഖനം പ്രസിദ്ധീകരിച്ചു.

1854ൽ ഹൗറയിൽ റെയിൽവേ തൊഴിലാളികൾ (1200 പേർ) 8 മണിക്കൂർ ജോലി എന്ന മുദ്രാവാക്യം ഉന്നയിച്ച് പണിമുടക്കി. ചിക്കാഗോ സമരത്തിന് 32 വർഷം മുമ്പാണ് ഈ സമരം എന്നത് ഓർക്കണം.

1905-1906 വർഷങ്ങളിൽ നടന്ന സമരങ്ങൾ, 1908 ജൂലൈ 14 മുതൽ 18 വരെ നടന്ന ഉജ്ജ്വല സമരം, ജൂലൈ 21 ൻറെ നേവൽ തൊഴിലാളികളുടെ സമരം, 1908 ജൂലൈ 24 ന് ലോകമാന്യ തിലകനെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. ഇതിൽ പ്രതിഷേധിച്ച് പണിമുടക്കം നടത്തി തൊഴിലാളികൾ തെരുവിലിറങ്ങി. 'ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന് രാഷ്ട്രീയ പ്രക്ഷോഭം നടത്താൻ കഴിയുന്ന ത്രാണി കൈവന്നിരിക്കുന്നു എന്നും ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന് പ്രായപൂർത്തി കൈവന്നിരിക്കുന്നു എന്നും'. സഖാവ് ലെനിൻ അഭിപ്രായപ്പെട്ടു. 1914 -1920 കാലഘട്ടം പണിമുടക്ക് സമരങ്ങളുടെ വേലിയേറ്റം. 1-ാം ലോക മഹായുദ്ധകാലഘട്ടത്തിൽ 2553 കമ്പനികൾ രജിസ്റ്റർ ചെയ്തു. 1917 ലെ റൗലത്ത് നിയമത്തിനെതിരായ സമരങ്ങൾ, 1919 ഏപ്രിൽ 13 ന്റെ ജാലിയൻവാലാബാഗ് കൂട്ടക്കൊല, റഷ്യൻ വിപ്ലവത്തിന്റെ സ്വാധീനം. ആ സമയത്ത് രാജ്യവ്യാപകമായ പ്രക്ഷോഭസമരങ്ങൾ.

**ഐ.എൽ.ഒ. രൂപീകരണം**

ലീഗ് ഓഫ് നേഷ്യൻസിന്റെ ഭാഗമായി അന്താരാഷ്ട്ര തൊഴിൽ സംഘടന രൂപംകൊണ്ടു. തൊഴിലാളികളോട് മനുഷ്യത്വപരമായ കാഴ്ചപ്പാട്. അംഗരാജ്യങ്ങളിൽ നിയമനിർമ്മാണത്തിന് വേണ്ടി ശ്രമിക്കുക.

എന്നാൽ അംഗരാജ്യങ്ങളിൽ നടത്തിപ്പിന് അധികാരമില്ല. ബ്രിട്ടൺ, യു.എസ്. എന്നീ രാജ്യങ്ങളിൽ നടന്ന ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളുടെ സ്വാധീനം ഇതെല്ലാമാണ് എ.ഐ.ടി.യു.സി രൂപീകരണത്തിന്റെ പശ്ചാത്തലം.

1920 ഒക്ടോബർ 31 മുതൽ നവംബർ 2 വരെ എ.ഐ.ടി.യു.സി രൂപീകരണ സമ്മേളനം. 801 പ്രതിനിധികൾ. 60 അഫിലിയേറ്റഡ് യൂണിയനുകൾ 42 യൂണിയനുകളുടെ പിന്തുണ. പ്രസിഡന്റ് ലാലാ ലജ്പത്റായ്, ജന.സെക്രട്ടറി വി.എം. പവാർ.

## എഐറ്റിയുസി യിൽ കമ്മ്യൂണിസ്റ്റ് ഇടതുനേതാക്കളുടെ പങ്ക്

എ.ഐ.റ്റി.യു.സി.യിൽ കമ്മ്യൂണിസ്റ്റ് ഇടതുനേതാക്കളുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. തൊഴിലാളി പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനും പ്രക്ഷോഭം സംഘടിപ്പിക്കുന്നതിനും പ്രധാന പങ്ക് വഹിച്ചു. കമ്മ്യൂണിസ്റ്റ്കാരെ നിശബ്ദരാക്കാൻ 1924ലെ കാൺപൂർ കേസ് 1929 ലെ മീററ്റ് ഗൂഢാലോചന കേസ്. മീററ്റ് ഗൂഢാലോചന കേസിൽ മുസഫർ അഹമ്മദ് അടക്കമുള്ള 31 പ്രതികളിൽ 29 പേർ ട്രേഡ് യൂണിയൻ പ്രവർത്തകരാണ്.

1928ലെ സൈമൺ കമ്മീഷന് എതിരായ പൂർണ്ണ സ്വാതന്ത്ര്യം വേണമെന്ന് ആവശ്യപ്പെട്ട് രാഷ്ട്രീയ സമരം. 1930ൽ ഗാന്ധിജിയുടെ അറസ്റ്റിൽ പ്രതിഷേധിച്ച് ഷോലാപ്പൂർ പട്ടണ ഭരണം ഏറ്റെടുത്ത സമരം. പൂർണ്ണ സ്വാതന്ത്ര്യം വേണമെന്ന ആവശ്യത്തിന് ശക്തമായ പ്രചരണം സംഘടിപ്പിക്കുന്നതിലും പണിമുടക്കം സംഘടിപ്പിക്കുന്നതിലും കമ്മ്യൂണിസ്റ്റുകാർ മുന്നിൽ നിന്നു.

എ.ഐ.റ്റി.യു.സി.യിലെ ഭിന്നിപ്പുകൾ വർഗ്ഗസമരത്തിലൂന്നിയ സംഘടന എന്ന പ്രവർത്തന ശൈലി കണ്ട് വിറളി എടുത്ത ബൂർഷ്വാ നേതൃത്വം ഭിന്നിപ്പിക്കൽ ശ്രമം ആരംഭിച്ചു. ബ്രിട്ടീഷ് സർക്കാർ ഇന്ത്യയിലേക്ക് അയക്കുന്ന റോയൽ കമ്മീഷൻ ബഹിഷ്കരണം വേണമോ വേണ്ടയോ എന്നത് സംബന്ധിച്ച് തർക്കം. വലതുപക്ഷക്കാരായ വി.വി. ഗിരി, എൻ.എം.ജോഷി എന്നിവരുടെ നേതൃത്വത്തിൽ നാഷണൽ ട്രേഡ് യൂണിയൻ ഫെഡറേഷൻ (എൻ.റ്റി.യു.എഫ്.) രൂപീകരിച്ചു.

കമ്മ്യൂണിസ്റ്റ്കാരും റെഡ് ട്രേഡ് യൂണിയൻ സെൻററിൽ അഫിലിയേറ്റ് ചെയ്യണമെന്ന വാദം ഉന്നയിച്ച് ഭിന്നിച്ചു നിന്നു. വീണ്ടും ഐക്യത്തിനുവേണ്ടിയുള്ള ശ്രമം. എൻ.റ്റി.യു.എഫുമായി സഹകരിച്ചു പ്രവർത്തിക്കാൻ തുടങ്ങി. ആദ്യം ജോയിൻറ് ലേബർ ബോർഡും പിന്നീട് ഏകീകരണവും നടന്നു. റെഡ് ട്രേഡ് യൂണിയൻകാർ സംഘടന പിരിച്ചുവിട്ട് യോജിച്ചു.

എ.ഐ.റ്റി.യു.സി. കൂടുതൽ കരുത്തോടെ വർഗ്ഗ സമരം സംഘടിപ്പിച്ചു. ഒരു വ്യവസായത്തിൽ ഒരു യൂണിയൻ എന്ന മുദ്രാവാക്യംവെച്ച് വീണ്ടും പ്രക്ഷോഭങ്ങൾ ശക്തിപ്പെടുത്തി. തുടർന്ന് ബൂർഷ്വാസിയുടെ ഇടപെടൽ വീണ്ടും. 1946 കളിലെ ഇടക്കാല ഗവൺമെൻറുകൾ. മഹാരാഷ്ട്രയിൽ ഗുൽസാരിലാൽ നന്ദ തൊഴിൽബന്ധ നിയമം കൊണ്ടുവന്നു. തൊഴിൽതർക്കമുണ്ടായാൽ നിർബന്ധിത ആർബിട്രേഷൻ പണിമുടക്ക് നിരോധനം. എ.ഐ.റ്റി.യു.സി. ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചു.

പട്ടേലിന്റെ നേതൃത്വത്തിൽ 1946 മെയ് ൽ ഐ.എൻ.റ്റി.യു.സി. രൂപീകരിച്ചു. 1948 മാർച്ചിൽ എച്ച്.എം.എസ്., തുടർന്ന് യു.റ്റി.യു.സി., എസ്.യു.സി.ഐ., ലെനിൻ സരണി, എ.ഐ.സി.സി.റ്റി.യു. തുടങ്ങിയ സംഘടനകൾ രൂപംകൊണ്ടു. 1955ൽ ബി.എം.എസ്. രൂപീകരിച്ചു. ബി.എം.എസ്സിൻറെ പ്രഖ്യാപനത്തിൽ മുതലാളി തൊഴിലാളി കുടുംബാംഗങ്ങൾ, വർഗ്ഗസമരമെന്ന കാഴ്ചപ്പാടില്ല. മെയ്ദിനാചരണമില്ല. പകരം വിശ്വകർമ്മ ദിനാചരണം.

## സി.ഐ.റ്റി.യു. രൂപീകരണ പശ്ചാത്തലം

1960കളിലെ ഉജ്ജ്വല സമരങ്ങൾ ഫാക്ടറികളിൽ, വ്യവസായ അടിസ്ഥാനത്തിൽ. കേന്ദ്ര സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സമരങ്ങൾ. എടുത്തു പറയേണ്ടത് യു.പി.യിൽ 5 ലക്ഷം സംസ്ഥാന ജീവനക്കാരുടെ 62 ദിവസം നീണ്ടു നിന്ന പണിമുടക്ക്. കൂടാതെ രാജ്യവ്യാപകമായി ജീവനക്കാർ പണിമുടക്കി. എൽ.ഐ.സി. ജീവനക്കാരുടെ സമരം, കേന്ദ്ര ഗവൺമെന്റ് ജീവനക്കാരുടെ സമരം. കൂടുതൽ സമരങ്ങൾ കേരളത്തിലും ബംഗാളിലും.

എ.ഐ.റ്റി.യു.സിയുടെ വർഗ്ഗ സഹകരണ നയം, ഡാങ്കെയുടെ 2 പില്ലർ പോളിസി. സമ്പത്ത് ഘടനയുടെ വികാസത്തിൽ ഗവൺമെൻറുമായി സഹകരിക്കണം. സമ്പത്ത് ഘടനയിൽ തൊഴിലാളി വർഗ്ഗ താൽപ്പര്യം സംരക്ഷിക്കണം. സംഘടനയ്ക്കുള്ളിൽ ജനാധിപത്യം കശാപ്പ് ചെയ്തു. അഫിലിയേഷൻ മരവിപ്പിക്കൽ, നിഷേധിക്കൽ, ഈ നയത്തെ എതിർക്കുന്ന എ.ഐ.റ്റി.യു.സിയിലുള്ള നേതാക്കളെ അവഹേളിക്കൽ, അവരുടെ യൂണിയൻറെ അഫിലിയേഷൻ മരവിപ്പിക്കൽ. തികഞ്ഞ ട്രേഡ് യൂണയൻ വിരുദ്ധ പ്രവർത്തനങ്ങൾ. തൊഴിലാളികളുടെ ഐക്യം കേവല ഐക്യമല്ല, നേതാക്കളുടെ മാത്രം യോജിപ്പല്ല. ഐക്യവും ചെറുത്തുനിൽപ്പും ശക്തിപ്പെടുത്തിയില്ലെങ്കിൽ തൊഴിലാളി വർഗ്ഗത്തിന് മാത്രമല്ല ജനാധിപത്യ പ്രസ്ഥാനത്തിന് തന്നെ ഹാനികരമാകും. ഈ കാഴ്ചപ്പാടിൽ പുതിയ സംഘടനയ്ക്ക് രൂപം നൽകാൻ ധാരണയായി.

**സിഐറ്റിയു രൂപീകരണം**

1970 മെയ് 8, 9 തീയതികളിൽ ഗോവാ കൺവെൻഷൻ വർഗ്ഗസമര സിദ്ധാന്തത്തിൽ ഉറച്ച് വിശ്വസിക്കുന്ന ട്രേഡ് യൂണിയൻ പ്രവർത്തകരുടെ ദേശീയ കൺവെൻഷൻ. ട്രേഡ് യൂണിയൻ സെൻറർ രൂപീകരിക്കാൻ തീരുമാനിച്ചു. എ.ഐ.റ്റി.യു.സി. യിൽ ഈ കാഴ്ച്ചപ്പാട് അംഗീകരിക്കുന്ന അഖിലേന്ത്യ ജനറൽ കൗൺസിൽ അംഗങ്ങൾ, സംസ്ഥാന കൗൺസിൽ അംഗങ്ങൾ, സംസ്ഥാന കമ്മറ്റി അംഗങ്ങൾ എന്നിവരാണ് ഗോവ കൺവെൻഷനിൽ പങ്കെടുത്തത്. കൺവെൻഷൻ 17 പോയിൻറുകൾ ഉൾക്കൊള്ളുന്ന പ്രമേയം അംഗീകരിച്ചു.

ഒന്നാം അഖിലേന്ത്യ സമ്മേളനം 1970 മെയ് 2731 തീയതികളിൽ കൽക്കട്ടയിൽ നടന്നു.

8,04,637 അംഗങ്ങളെ പ്രതിനിധീകരിച്ച് 1769 യൂണിയനുകളിൽ നിന്നായി നിരീക്ഷകർ അടക്കം 5514 പേർ സമ്മേളനത്തിൽ പങ്കെടുത്തു. സി.ഐ.റ്റി.യു ഭരണഘടനയിൽ 3എ പറയുന്നത് 'എല്ലാ ഉൽപ്പാദന ഉപകരണവും, വിതരണവും, വിനിമയവും സാമൂഹ്യവൽക്കരിക്കുകയും ഒരു സോഷ്യലിസ്റ്റ് ഭരണകൂടം സ്ഥാപിക്കുകയും ചെയ്തുകൊണ്ട് മാത്രമേ തൊഴിലാളി വർഗ്ഗത്തിന് മേൽ നടത്തുന്ന ചൂഷണം അവസാനിപ്പിക്കാൻ കഴിയൂ എന്ന് സി.ഐ.റ്റി.യു. വിശ്വസിക്കുന്നു. സോഷ്യലിസ്റ്റ് ആശയം മുറുകെ പിടിച്ചുകൊണ്ട് എല്ലാത്തരം ചൂഷണങ്ങളിൽ നിന്നും സമൂഹത്തെ പരിപൂർണ്ണമായി മോചിപ്പിക്കാനായി സി.ഐ.റ്റി.യു നിലകൊള്ളുന്നു.'ഇതര ട്രേഡ് യൂണിയൻ സംഘടനകളിൽ നിന്നും സി.ഐ.റ്റി.യു.വിൻറെ വ്യത്യസ്തത, നിലവിലുള്ള സാമൂഹ്യ വ്യവസ്ഥിതി മാറ്റി സോഷ്യലിസ്റ്റ് വ്യവസ്ഥിതി സ്ഥാപിച്ചെടുക്കുക എന്നതാണ്. അതിനുവേണ്ടി മുന്നണി പോരാളിയായി പ്രവർത്തിക്കും. മുതലാളിത്ത നയങ്ങളെ വിട്ടുവീഴ്ചയില്ലാതെ എതിർക്കണം. തൊഴിലാളി വർഗ്ഗം രാഷ്ട്രീയ സമരങ്ങളിൽ പങ്കെടുക്കുകയും വേണം.

---

**സ: കെ ചന്ദ്രൻപിള്ളയുടെ ക്ലാസിൽ നിന്ന്**

# ലോക രാഷ്ട്രീയ സ്ഥിതിഗതികൾ



**2008 ലെ തകർച്ച**

ധനമൂലധനത്തിന്റെ തോളിലേറി ലക്കും ലഗാനുമില്ലാതെ പാഞ്ഞ നവലിബറലിസത്തിന്റെ തലക്കേറ്റ അടിയായിരുന്നു 2008 ൽ അമേരിക്കയിലുണ്ടായ സാമ്പത്തിക തകർച്ച. സബ്പ്രൈം വായ്പാ പ്രതിസന്ധിയും ലേമാൻ ബ്രദേഴ്സ് ബാങ്കിന്റെ തകർച്ചയും ലോകത്താകമാനം സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചു. നിരവധി യൂറോപ്യൻ രാജ്യങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലായി. ഗ്രീസ്, പോർച്ചുഗൽ, ഇറ്റലി, ഐസ്ലാന്റ്, പെയിൻ തുടങ്ങിയ രാജ്യങ്ങൾ വായ്പാ പ്രതിസന്ധിയിലായി. ആ പ്രതിസന്ധി ഇപ്പോഴും തുടരുകയാ ണ്. ഇന്ത്യയെയും സാമ്പത്തിക തകർച്ച ബാധിച്ചു. പക്ഷെ, ശക്തമായി നിലനിന്നിരുന്ന പൊതുമേഖലാ ബാങ്കുകളും ഇൻഷുറൻസ് കമ്പനികളും സമ്പത്തിക ദുരന്തത്തിൽനിന്ന് ഇന്ത്യയെ രക്ഷിക്കുകയായിരുന്നു.

**നവഫാസിസത്തിലേക്ക്**

നവലിബറലിസം സൃഷ്ടിച്ച പെരുകുന്ന അസമത്വം, തൊഴിലില്ലായ്മ, ദാരിദ്ര്യം, പട്ടിണി, അഴിമതി, കുറ്റകൃത്യം എന്നീ സാഹചര്യങ്ങൾ മുതലെടുത്തത് തീവ്ര വലതുപക്ഷമാണ്. നിരവധി രാഷ്ട്രങ്ങളിൽ തീവ്രവലതുപക്ഷം, തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയിട്ടുണ്ട്. അമേരിക്കയിൽ ട്രംപ്, ഇന്ത്യയിൽ മോദി, ബ്രസീലിൽ ബൊൾസനാരോ, തുർക്കിയിൽ എർദോഗൻ, ഹംഗറിയിൽ ഓർബൻ, ഫിലിപ്പെൻസിൽ ഡുറ്റെർട്ട്... അങ്ങനെ നീളുന്നു ആ പട്ടിക. ഈ ഭരണാധികാരികളെല്ലാം സമാനമായ നിലപാട് വച്ചുപു ലർത്തുന്നവരാണ്. അത്, മുസ്ലീം, കറുത്തവർ, കുടിയേറ്റക്കാർ, ട്രാൻസ്ജെന്റർ എന്നിവരോടുള്ള വിദ്വേഷ ത്തിലൂന്നിയതും അമിതാധികാര പ്രവണത നിറഞ്ഞതുമാണ്. ഈ തീവ്ര വലതുപക്ഷ ഭരണാധികാരികളെ പിന്തുണയ്ക്കുന്നതും സഹായിക്കുന്നതും ലോകത്തെ ഏറ്റവും വലിയ സാമ്പത്തികസൈനിക ശക്തി യായ അമേരിക്കയുടെ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ആണ്. അതുകൊണ്ടുതന്നെ, ഈ നവഫാസിസത്തിന് ട്രംപനിസം എന്ന പേരുകൂടി ഇപ്പോൾ രാഷ്ട്രീയ നിരീക്ഷകർ നൽകിയിട്ടുണ്ട്. ട്രംപിസത്തിന്റെ ആഗോളവൽക്കരണമാണ് ഇപ്പോൾ നടക്കുന്നതെന്ന് അവർ പറയുന്നു. മനുഷ്യർക്കിടയിൽ, ഭയം വിത റിയും വിദ്വേഷം ജനിപ്പിച്ചും സ്വത്വ രാഷ്ട്രീയം പ്രയോഗിക്കുന്ന നവ ഫാസിസം/ട്രംപിസം, നവ

ലിബറലി സത്തിന്റെ സൃഷ്ടിയാണ്.

രണ്ടാം ലോകയുദ്ധത്തിനു ശേഷമുള്ള ഏറ്റവും വലിയ തകർച്ചയെ നേരിടുന്ന മുതലാളിത്തം, നില നില്പിനായുള്ള അവസാന ശ്രമമായി സ്വത്വരാഷ്ട്രീയത്തെ ലോകമാകെ ഉപയോഗപ്പെടുത്തുകയാണ്. അസ്ഥിരതയും അരക്ഷിതത്വവും സൃഷ്ടിക്കുന്ന യുദ്ധങ്ങൾക്കും കലാപങ്ങൾക്കുമിടയിൽ തങ്ങളുടെ മൂല ധന സഞ്ചയം ഇനിയും വർദ്ധിപ്പിക്കാമെന്നാണവരുടെ കണക്കുകൂട്ടൽ. ജനങ്ങൾ പാപ്പരീകരിക്കപ്പെട്ടതോ ടെ, ഡിമാന്റ് പ്രതിസന്ധി നേരിടുന്ന മുതലാളിത്തം പ്രകൃതിയെ പരമാവധി ചൂഷണം ചെയ്ത് ലാഭമുണ്ടാ ക്കുന്നു. അതിന്റെ ഫലമായുണ്ടാകുന്ന കാലാവസ്ഥാ മാറ്റത്തിലും ആഗോള താപനത്തിലും ഭൂമിയുടെ നില നില്പുതന്നെ അപകടത്തിലാകുന്നു. നാളിതുവരെ മനുഷ്യൻ ആർജ്ജിച്ച ജനാധിപത്യ മൂല്യങ്ങളും നേടി യെടുത്ത അവകാശങ്ങളും അപ്പാടെ ചവിട്ടിമെതിച്ചു കൊണ്ടാണ് നവലിബറലിസം മുന്നേറുന്നത്. ഇതിന് തടയിടുക എന്നതാണ് ഇന്ന് മാനവരാശി നേരിടുന്ന വെല്ലുവിളി. ലോകത്താകെ ഇടതപക്ഷം ദുർബ്ബലപ്പെട്ടതോടെയാണ് നവലിബറലിസത്തിനു ബദൽ ഇല്ല എന്ന് പ്രചരിപ്പിക്കപ്പെട്ടത്. സോഷ്യലിസമാണ് ബദൽ. അത് ഉറക്കെ പറഞ്ഞുകൊണ്ട് ഇടതുപക്ഷത്തെ ശക്തിപ്പെ ടുത്തുക, അത് ബദലാക്കി വളർത്തിയെടുക്കുക എന്ന കടമയാണ് നമുക്ക് നിറവേറ്റാനുള്ളത്.

**സ: ഡോ.കെ.എൻ.ഹരിലാലിന്റെ ക്ലാസിൽ നിന്ന്**

# കേന്ദ്ര ബജറ്റ് 2020–2021



യൂണിയൻ ബജറ്റ് 202021 നെ വിശകലനം ചെയ്യേണ്ടത് രാജ്യം നേരിടുന്ന രൂക്ഷമായ സാമ്പത്തിക തകർച്ചയുടെ പശ്ചാത്തലത്തിലാണ്. കഴിഞ്ഞ എട്ടു പാദവർഷങ്ങളായി തുടർച്ചയായി ഇടിയുന്ന വളർച്ചാ നിരക്കുകൾ; ന്യൂനവളർച്ചയിലേക്ക് വഴുതുന്ന വ്യവസായ മേഖല; നാലു പതിറ്റാണ്ടുകളിലെ ഉയർന്ന തൊഴിലില്ലായ്മാ നിരക്ക് ; തുടർച്ചയായി കുറയുന്ന ദേശീയ സമ്പാദ്യ നിക്ഷേപ നിരക്കുകൾ; കിട്ടാക്കട പ്രതിസന്ധിയിൽ നട്ടം തിരിയുന്ന ബാങ്കിംഗ് മേഖല; തകർച്ചയിലേക്കു നീങ്ങുന്ന ബാങ്ക് ഇതര ധനസ്ഥാപനങ്ങൾ; കുറയുന്ന കയറ്റുമതി വരുമാനം; കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നികുതി പിരിവിൽ ഉണ്ടായിരിക്കുന്ന ഇടിവ്; സർക്കാർ ചെലവു വെട്ടിക്കുറച്ചിട്ടും ഉയരുന്ന വിലക്കയറ്റ സൂചകങ്ങൾ; സർവ്വോപരി സമ്പദ്ഘടനയിൽ വ്യാപകമാവുന്ന വിശ്വാസതകർച്ചയുടെ അന്തരീക്ഷം തുടങ്ങിയവയെല്ലാം ഗുരുതരമായ സാമ്പത്തിക തകർച്ചയുടെ തെളിവുകളാണ്. സമ്പദ്ഘടനയുടെ എല്ലാ മൂലകളിൽ നിന്നും അപായത്തിന്റെ അലാറങ്ങൾ ഉയർന്നു മുഴങ്ങുന്ന ഇതുപോലൊരു സന്ദർഭത്തിൽ രാജ്യത്തെയും ജനങ്ങളേയും സ്നേഹിക്കുന്ന ഭരണാധികാരികൾ ഒരിക്കലും രാഷ്ട്രീയരംഗത്ത് അനൈകവ്യം അനിശ്ചിതത്വവും ഉണ്ടാവാൻ സാധ്യതയുള്ള ഒരു നടപടിയ്ക്കും മുതിരില്ല. രാജ്യത്തെ മുഴുവൻ ജനങ്ങളേയും ഒരുമിച്ചു നിർത്തി ഐക്യത്തോടെ പ്രതിസന്ധിയെ മറികടക്കാനാണ് ശ്രമിയ്ക്കുക. എന്നാൽ കാശ്മീരിന്റെ സംസ്ഥാന പദവി എടുത്തു കളയുന്ന നടപടി, പൗരത്വനിയമം, പൗരത്വരജിസ്റ്റർ തുടങ്ങിയവയിലൂടെ വിദ്വേഷം വളർത്തി ജനങ്ങളെ വിഭജിയ്ക്കാനും അസമാധാനം വളർത്താനുമാണ് ഭരണാധികാരികൾ തയ്യാറായത്. സമ്പദ്ഘടനയെ വളർച്ചയുടെ പാതയിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിനുള്ള സാധ്യതയാണ് ഇതിലൂടെ ഇല്ലാതാക്കിയിരിക്കുന്നത്. വിഭജനത്തിന്റെയും വിദ്വേഷത്തിന്റെയും അസമാധാന ത്തിന്റെയും മാർഗത്തിലേക്ക് രാജ്യത്തെ തള്ളിവിട്ടത് ഏതെങ്കിലും ബാഹ്യശക്തികളല്ല. മറിച്ച് ഭരണകൂടം തന്നെയാണ് എന്നതാണ് ഏറെ അപമാനകരം. രാഷ്ട്രീയ രംഗത്തെ പ്രതിസന്ധിയും സാമ്പത്തിക രംഗത്തെ തകർച്ചയും ഒരുപോലെ ഭരണകൂടത്തിന്റെ സൃഷ്ടിയാണ് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. സാമ്പത്തിക തകർച്ചയുടെ ആക്കംകൂട്ടിയ

നോട്ടുനിരോധനത്തിനും കൃത്യമായ മുന്നൊരുക്കങ്ങളില്ലാതെ ജി.എസ്.ടി നടപ്പിലാക്കുന്നതിനും മുൻകൈ എടുത്തത് കേന്ദ്ര സർക്കാർ തന്നെയാണല്ലോ. ആഗോള മുതലാളിത്ത പ്രതിസന്ധിയുടെ പശ്ചാത്തലം ഉണ്ടായിരുന്നുവെങ്കിലും ഇന്ത്യയിൽ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കിയതിന്റെ മുഖ്യ കാരണങ്ങൾ നോട്ടു നിരോധനവും, ജി.എസ്.ടി നടപ്പാക്കിയതിലെ പോരായ്മയുമാണ് എന്ന കാര്യത്തിൽ സംശയമില്ല.

സർവ്വനാശത്തിന്റെ മേൽപറഞ്ഞ വഴിയിലൂടെത്തന്നെയേ തങ്ങൾ രാജ്യത്തെ തുടർന്നും നയിക്കൂ എന്ന കേന്ദ്രസർക്കാരിന്റെ പിടിവാശിയാ

ണ് പുതിയ യൂണിയൻ ബജറ്റിലും പ്രതിഫലിക്കുന്നത്. എന്തുകൊണ്ട് വളരെ വിചിത്രമായ ഇത്തരമൊരു പിടിവാശി എന്ന ചോദ്യം പ്രസക്തമാണ്. ഇന്ത്യൻ മുതലാളിത്ത വികസനപാതയുടെയും ഭരണകൂടത്തിന്റെയും സവിശേഷതകൾ മനസ്സിലാക്കിയാൽ ഈ പിടിവാശിക്കു പിന്നിലെ രഹസ്യം വെളിവാകും.

ഇന്ത്യ നേരിടുന്ന സമകാലീന സാമ്പത്തിക പ്രതിസന്ധിയുടെ ചുരുളഴിക്കാൻ ശ്രമിച്ച വിദഗ്ധരും പ്രതിസന്ധി ബാധിക്കുന്ന വിവിധ വിഭാഗം ജനങ്ങളുടെ സംഘടനകളും ജനങ്ങളുടെ ക്രയശേഷിയിലെ കുറവാണ് പ്രതിസന്ധിയ്ക്കു കാരണം എന്നു തീർത്തു പറയുന്നുണ്ട്. ആവശ്യത്തിനു ഡിമാന്റുണ്ടെങ്കിൽ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ലാഭം നേടുന്നതിനും, മൂലധനം കുന്നുകൂടുന്നതിനും, നിക്ഷേപം നടത്തുന്നതിനും, ഉത്പാദനം വർധിപ്പിക്കുന്നതിനും തടസ്സം ഉണ്ടാവേണ്ടതില്ല. ജനങ്ങളുടെ ക്രയശേഷിയും, ഉപഭോഗവും വളർന്നുകൊണ്ടിരുന്നാൽ സാമ്പത്തിക വളർച്ച സ്വാഭാവികമായി വേണ്ടത്ര ഉണ്ടായിക്കൊള്ളും. പക്ഷെ, നിർഭാഗ്യവശാൽ സാധാരണ ജനങ്ങളിലേക്കു വേണ്ടത്ര വരുമാനം എത്തിച്ചേരുന്നില്ല. ഡിമാന്റ് വേണ്ടത്ര ഉയരുന്നില്ല. ഉത്പന്നങ്ങൾ കെട്ടിക്കിടക്കുന്നു. ഈ അവസ്ഥയ്ക്കുള്ള പരിഹാരം സർക്കാരിന്റെ ചെലവ് ഗണ്യമായി ഉയർത്തി വളർച്ചയെ ഉത്തേജിപ്പിക്കുകയാണ്. കർഷകർ, കർഷകത്തൊഴിലാളികൾ, കൈവേലക്കാർ, പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾ തുടങ്ങി സാധാരണ മനുഷ്യരിലേക്ക് വരുമാനം എത്തുന്ന വിധത്തിൽ സർക്കാരിന്റെ ചെലവ് ഉയർത്താൻ കഴിയണം. ഉദാഹരണത്തിനു ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജനസാമാന്യത്തിന്റെ വരുമാനവും ഡിമാന്റും ഉയർത്താൻ സഹായിക്കും. കാർഷികോത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കിയാൽ ഗ്രാമീണരുടെ വരുമാനവും ക്രയശേഷിയും ഉയരും.

ചിത്രം വ്യക്തമാക്കും. ഭക്ഷ്യസബ്സിഡി, കൃഷി അനുബന്ധ മേഖലകൾ, സാമൂഹ്യക്ഷേമം, നഗരകാര്യം തുടങ്ങിയയ ഒട്ടേറെ മേഖലകളിൽ പുതുക്കിയ കണക്കുകൾ പ്രകാരം ചെലവ് ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നതിനെ അപേക്ഷിച്ച് വളരെ കുറവാണ്. മൊത്തം ചെലവിലും ഏകദേശം 90,000 കോടി രൂപയുടെ കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പുതിയ വർഷത്തേക്കുള്ള വകയിരുത്തലുകളിലും പ്രകടമായ കുറവുകൾ കാണാം. സർക്കാർഎന്തുകൊണ്ടാണ് ഈ നിഷേധാത്മകമായ നിലപാട് സ്വീകരിക്കാൻ തയ്യാറായത്? ജനങ്ങളുടെ കൈകളിലേയ്ക്കു പണം എത്തിക്കുന്നതിന് എന്തുകൊണ്ട് തയ്യാറാവുന്നില്ല? ഇവിടെയാണ് ഇന്ത്യൻ ഭരണകൂടത്തിന്റെ സവിശേഷതകൾ രാജ്യത്തിന്റെ മുതലാളിത്ത വികസനപാതയെ ചില കത്രികപ്പൂട്ടുകളിൽ തളച്ചിരിക്കുകയാണ് എന്ന വസ്തുത മറനീക്കിപുറത്തു വരുന്നത്. ഒരു അർത്ഥശാസ്ത്ര വിശകലനത്തിലൂടെ ഈ കത്രികപ്പൂട്ടുകളുടെ രഹസ്യം മനസ്സിലാക്കാൻ കഴിയും.

ഇന്ത്യൻ സമ്പദ്ഘടനയെ തകർച്ചയിലേക്കു തള്ളിവിടുന്ന ക്രയശേഷിയില്ലായ്മ യുടെയും ഡിമാന്റില്ലായ്മയുടെയും പ്രശ്നം പരിഹരിക്കാൻ ജനങ്ങൾക്കു പണം എത്തിക്കണം. അതിനു സർക്കാരിന്റെ ക്ഷേമച്ചെലവുകൾ ഗണ്യമായി വർദ്ധിപ്പിക്കുകയോ പശ്ചാത്തല മേഖലയിലെ നിക്ഷേപം വൻതോതിൽ ഉയർത്തുകയോ ചെയ്യണം. ഈ രണ്ടു കാര്യങ്ങളും നടക്കണമെങ്കിൽ അതിനാവശ്യമായ പണം കണ്ടെത്താൻ സർക്കാരിനു കഴിയണം. കൂടുതൽ വിഭവം കണ്ടെത്താൻ രണ്ടു മാർഗങ്ങളാണ് സർക്കാരിനു മുന്നിൽ പ്രധാനമായും ഉള്ളത്. ഒന്നാമത്തേത് നികുതിനികുതിയേതര വരുമാനം വർദ്ധിപ്പിക്കുക എന്നതാണ്. രണ്ടാമത്തേത് കടം വാങ്ങിക്കുക എന്നത്. ഈ രണ്ടു മാർഗത്തിലും നേരത്തെ പറഞ്ഞ കത്രികപ്പൂട്ടു തടസ്സമാണ് എന്നതാണ് വസ്തുത.

വായ്പയുടെ വഴി ആദ്യം പരിശോധിക്കാം. സർക്കാരിനു ഏറ്റെടുക്കാൻ കഴിയുന്ന വായ്പയ്ക്ക് പരിധി നിശ്ചയിച്ചിരിക്കുന്നത് എഫ്.ആർ.ബി.എം ആക്ടാണ്. ഇന്ത്യൻ ഭരണകൂടത്തിനു മേൽ വലിയ സ്വാധീനശക്തിയുള്ള സാമ്രാജ്യത്വ മൂലധനമാണ് ഈ ആക്ടിനു പിന്നിലെ ശക്തി. സർക്കാർ അധിക വായ്പയെടുത്താൽ സ്വകാര്യ മൂലധനത്തിനു വായ്പ നിഷേധിക്കപ്പെടും എന്ന വാദമാണ് ഈ നിയമത്തിനു പിന്നിലെ യുക്തി. ഒപ്പം സർക്കാർ വായ്പ അധികമായാൽ വിലക്കയറ്റം ഉണ്ടാകും എന്ന ഫിനാൻസ് മൂലധനത്തിന്റെ ആശങ്കയും ഈ നിയമത്തിനു പിന്നിൽ പ്രവർത്തിക്കുന്നുണ്ട്. ധനമൂലധനം വിലക്കയറ്റത്തെ ഭയക്കുന്നത് സ്വാഭാവികമാണ്.

വിലക്കയറ്റം ഉണ്ടായാൽ ധനമൂലധനത്തിന്റെ (ധന ആസ്തികളുടെ) യഥാർത്ഥ മൂല്യം ഇടിയും എന്ന ഭയം അവർക്കുണ്ട്. സർവ്വദേശീയ ഊഹക്കച്ചവട മൂലധനത്തെ പിണക്കാൻ ഇന്ത്യൻ ഭരണകൂടം തയ്യാറല്ല. കാരണം ഊഹക്കച്ചവട മൂലധനത്തിനുമേലുള്ള രാജ്യത്തിന്റെ ആശ്രിതത്വം അത്രത്തോളം വലുതാണ്. വായ്പ എടുക്കുന്നതിനെതിരെ വലിയ സമ്മർദം ഉണ്ടായിരുന്നിട്ടും വേറെ വഴിയില്ലാത്തതിനാൽ സാധാരണ പരിധി വിട്ടു കടം കൊള്ളാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടുണ്ട്. നടപ്പുവർഷത്തെ (2019-20) ധനകമ്മി 3.8 ശതമാനം ആയിരിക്കും എന്നു ധനമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെ 2020-21 ൽ സർക്കാർ വായ്പയും ദേശീയോത്പാദനവും (ജി.ഡി.പി) തമ്മിലുള്ള അനുപാതം 3.5 ശതമാനമായിരിക്കും എന്നു പറഞ്ഞിട്ടുണ്ട്. ■

## സ: ഡോ. റ്റി.എം. തോമസ് ഐസക്കിന്റെ ക്ലാസിൽ നിന്ന്



# സമ്പത്ഘടന
# സാധ്യതകളും വെല്ലുവിളിയും

### കേരളത്തിലെ വ്യവസായ ഘടനയിലെ മാറ്റം

| | 1951 | 2011 |
|---|---|---|
| കുടിൽ വ്യവസായം | 4.7 | 3.7 |
| ഫാക്ടറി വ്യവസായം | 1.3 | 2.2 |
| ചെറുകിട വ്യവസായം | 2.8 | 10.2 |
| ആകെ | 8.8 | 16.1 |

### ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരും പുതിയ സാധ്യതകളും

### കേരളത്തിലെ മൊത്തം തൊഴിൽഘടന

| | തൊഴിലെടുക്കുന്നവരുടെ | |
|---|---|---|
| | എണ്ണം (ലക്ഷത്തിൽ) | മേഖലാ വിഭജനം% |
| കൃഷിക്കാർ | 6.70 | 5.77 |
| കർഷകത്തൊഴിലാളികൾ | 13.23 | 11.39 |
| മൃഗപരിപാലനം, വനപരിപാലനം, മത്സ്യബന്ധനം, പ്ലാന്റേഷനുകൾ തുടങ്ങിയവ | 12.07 | 10.39 |
| ഖനനം | 0.77 | 0.66 |
| വ്യവസായം, റിപ്പയറിംഗ്<br>എ) കുടിൽ വ്യവസായങ്ങൾ<br>ബി) മറ്റുള്ളവ | 45.56 | 39.21 |
| കെട്ടിട നിർമ്മാണം | 17.94 | 15.44 |
| വ്യാപാരം, ഹോട്ടൽ | 2.54 | 2.19 |
| ഗതാഗതം, വാർത്താവിനിമയം, സ്റ്റോറേജ് | 9.43 | 8.12 |
| റിയൽ എസ്റ്റേറ്റ് തുടങ്ങിയവ | 3.33 | 2.87 |
| പൊതുഭരണം തുങ്ങിയവ | 4.60 | 3.96 |
| മൊത്തം | 116.17 | 100.00 |

### പുതിയൊരു വികസനതന്ത്രം

- പശ്ചാത്തലസൗകര്യ വികസനത്തിൽ കുതിപ്പ്
- മൂലധന നിക്ഷേപത്തെ ആകർഷിക്കുക
- സാമൂഹ്യക്ഷേമസൗകര്യങ്ങൾ മെച്ചപ്പെടുത്തുക
  - സാമൂഹ്യസുരക്ഷാ പെൻഷൻ
  - വിദ്യാഭ്യാസ-ആരോഗ്യാദി സൗകര്യങ്ങൾ
  - പാവങ്ങളുടെ തൊഴിൽ തുറകൾ

| സൂചകങ്ങൾ | കേരളം | ഇന്ത്യ |
|---|---|---|
| ജനന നിരക്ക് 1000ത്തിൽ, 1951-60 | 38.9 | 41.7 |
| ജനന നിരക്ക് 1000ത്തിൽ, 2011 | 14.6 | 22.1 |
| മരണ നിരക്ക് 1000ത്തിൽ, 1951-60 | 16.9 | 22.8 |
| മരണ നിരക്ക് 1000ത്തിൽ, 2011 | 6.6 | 7.2 |
| ശിശുമരണ നിരക്ക് 1000ത്തിൽ, 1951-60 | 120 | 140 |
| ശിശുമരണ നിരക്ക് 1000ത്തിൽ, 2011 | 11 | 47 |
| സ്ത്രീകൾ 1000 പുരുഷന്മാർക്ക്, 1961 | 1022 | 941 |
| സ്ത്രീകൾ 1000 പുരുഷന്മാർക്ക്, 2011 | 1084 | 940 |

### പുതിയ വികസന തന്ത്രത്തിന്റെ ധനകാര്യ വെല്ലുവിളികൾ

- മൂലധന നിക്ഷേപത്തിന് വേണ്ടത്ര പണമില്ല
- കാരണം, സാമൂഹ്യക്ഷേമ ചെലവുകളിലെ ഗണ്യമായ വർദ്ധന
- അതുകൊണ്ട് ബജറ്റിനു പുറത്ത് പണം കണ്ടെത്തണം
- ഇതാണ് കിഫ്ബിയുടെ പ്രസക്തി

## കേരളത്തിലെയും ഇന്ത്യയിലെയും ചില വികസന സൂചകങ്ങൾ

| സൂചകങ്ങൾ | കേരളം | ഇന്ത്യ |
|---|---|---|
| സാക്ഷരതാ നിരക്ക് 1951 (%) | 40.7 | 16.6 |
| സാക്ഷരതാ നിരക്ക് 2011 (%) | 93.9 | 74.0 |
| പ്രതീക്ഷിത ആയുസ് (വർഷങ്ങളിൽ) | | |
| പുരുഷൻ, 1951-60 | 46.2 | 41.9 |
| പുരുഷൻ, 2011 | 70.0 | 62.6 |
| സ്ത്രീ, 1951-60 | 50.0 | 40.6 |
| സ്ത്രീ, 2011 | 76.0 | 64.0 |

## എന്താണ് കിഫ്ബി?

- പശ്ചാത്തല സൗകര്യവികസനത്തിന് കമ്പോളത്തിൽ നിന്നും വിഭവങ്ങൾ സമാഹരിക്കാനുള്ള ധനകാര്യസ്ഥാപനം
- കമ്പനി ആയതിനാൽ കേന്ദ്രസർക്കാരിന്റെ വായ്പാ നിയന്ത്രണങ്ങൾ ബാധകമല്ല
- വിശ്വാസ്യതയുടെ അടിസ്ഥാനം - നിയമപ്രകാരം സർക്കാർ വർഷംതോറും മോട്ടോർ വാഹന നികുതിയുടെ പകുതി നൽകുമെന്ന ഉറപ്പ്
- ഈ ഭാവിവരുമാനം ചൂണ്ടിക്കാണിച്ച് ഇന്ന് വായ്പ സമാഹരിക്കാം
- 50000 കോടി രൂപയുടെ നിക്ഷേപം

## കിഫ്ബി പ്രോജക്ടുകൾ

- 675 പ്രോജക്ടുകളിലായി 35028 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം
- വ്യവസായ പാർക്കുകൾക്ക് സ്ഥലം ഏറ്റെടുക്കലിന് 14275 കോടി രൂപ
- ദേശീയപാതയ്ക്ക് സ്ഥലം ഏറ്റെടുക്കലിന് 5374 കോടി രൂപ
- 13616 കോടി രൂപയുടെ പദ്ധതികൾക്ക് ടെണ്ടർ അംഗീകാരം
- 4500 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചു

- ബ്രിഗേഡ് എന്റർപ്രൈസസ്
- ടെക് മഹീന്ദ്ര – 12000 ച.അടി – 150 പേർക്ക് ജോലി
- ഏണസ്റ്റ് ആന്റ് യംങ് – 5000 പേർക്ക് ജോലി
- ടെറാനെറ്റ് – 9000 ച.അടി – 500 പേർക്ക് ജോലി
- വേ.കോം – 6000 ച.അടി – 100 പേർക്ക് ജോലി
- ലാപ്ടോപ്പ് നിർമ്മിക്കുന്ന കൊക്കോണിക്സ് – 100 പേർക്ക് ജോലി

- 20985 കോടി രൂപയുടെ ഡിസൈൻഡ് റോഡുകൾ
- 10 ബൈപ്പാസുകൾ - 43 കി.മീ.
- 20 ഫ്ലൈഓവറുകൾ - 22 കി.മീ.
- 74 പാലങ്ങൾ - 53 കി.മീ.
- കോവളം – ബേക്കൽ ജലപാത
- ട്രാൻസ്ഗ്രിഡ് – 2040 വരെ വൈദ്യുതി ഉറപ്പുവരുത്തൽ
- കെ-ഫോൺ - സൗജന്യ ഇന്റർനെറ്റ്
- 57 ലക്ഷം ച.അടി സ്കൂൾ കെട്ടിടങ്ങൾ
- സമ്പൂർണ്ണ ക്ലാസ് മുറി ഡിജിറ്റലൈസേഷൻ

## യുഡിഎഫ് - എൽഡിഎഫ്

| വക | യുഡിഎഫ് | എൽഡിഎഫ് |
|---|---|---|
| പൊതുവിദ്യാഭ്യാസത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | 499450 കുട്ടികളുടെ കുറവ് | 5 ലക്ഷം കുട്ടികളുടെ വർദ്ധനവ് |
| പ്രവാസി ക്ഷേമനിധി | 1.1 ലക്ഷം അംഗങ്ങൾ | 4.7 ലക്ഷം അംഗങ്ങൾ |
| പ്രവാസി ക്ഷേമനിധിയ്ക്ക് ചെലവഴിച്ചത് | 68 കോടി | 152 കോടി |
| കുടുംബശ്രീ അംഗങ്ങൾ | 40 ലക്ഷം | 45 ലക്ഷം |
| ബാങ്ക് ലിങ്കേജ് വായ്പ - കുടുംബശ്രീ | 5717 കോടി | 10499 കോടി |
| തൊഴിൽ സംരംഭം - കുടുംബശ്രീ | 10177 എണ്ണം | 23453 എണ്ണം |
| കൃഷി ഗ്രൂപ്പുകൾ - കുടുംബശ്രീ | 54000 | 68000 |

- 33 ലക്ഷം ച.അടി കോളേജ്, യൂണിവേഴ്സിറ്റി കെട്ടിടങ്ങൾ
- 4 ലക്ഷം ച.അടി സാംസ്കാരിക സ്ഥാപനങ്ങൾ
- 44 സ്റ്റേഡിയങ്ങൾ
- 46 ലക്ഷം ച.അടി ആശുപത്രി കെട്ടിടങ്ങൾ
- 4384 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾ
- 2450 കി.മീ. കുടിവെള്ള വിതരണ പൈപ്പുകൾ
- 5000 ഏക്കർ ഇൻഡസ്ട്രിയൽ പാർക്ക്

## യുഡിഎഫ് - എൽഡിഎഫ്

| വക | യുഡിഎഫ് | എൽഡിഎഫ് |
|---|---|---|
| പട്ടികജാതി-പട്ടികവർഗ്ഗ വീടുകൾ | 27490 | 51926 |
| നെൽവയൽ വിസ്തൃതി | 1.7 ലക്ഷം ഹെക്ടർ (2016-17) | 2.03 ലക്ഷം ഹെക്ടർ (2018-19) |
| നെല്ലുൽപാദനം | 4.4 ലക്ഷം ടൺ (2016-17) | 5.8 ലക്ഷം ടൺ (2016-17) |
| മത്സ്യോത്പാദനം | 7.28 ലക്ഷം ടൺ (2015-16) | 8.02 ലക്ഷം ടൺ (2019-20) |
| പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പാദനം | 2799 കോടി (2015-16) | 3442 കോടി (2018-19) |
| പൊതുമേഖല ലാഭനഷ്ടം | 213 കോടി നഷ്ടം | 102 കോടി ലാഭം |
| സാമ്പത്തിക വളർച്ച | 4.9 | 7.2 |







## സ: സുബിൻ ഡെന്നീസിന്റെ ക്ലാസിൽ നിന്ന്

# മാർക്സിയൻ അർത്ഥശാസ്ത്രം

സമൂഹത്തെ വിശകലനം ചെയ്യുമ്പോൾ മാർക്സിസം പ്രാമുഖ്യം കൊടുക്കുന്നത് സാമൂഹ്യ ഉത്പാദനത്തിനാണ്. ഉത്പാദനം ഒരു സാമൂഹ്യപ്രക്രിയയാണ്. ആളുകൾ ഒറ്റയ്ക്കൊറ്റയ്ക്ക് നടത്തുന്നതല്ല അത്. ഇവിടെ പ്രാധാന്യമർഹിക്കുന്ന രണ്ട് ആശയങ്ങളുണ്ട്: 1. ഉത്പാദന ശക്തികൾ മനുഷ്യാദ്ധ്വാനവും, സാമൂഹ്യമായ ഉത്പാദനം സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച ജ്ഞാനവും അതിനുവേണ്ട സൈദ്ധാന്തികവും പ്രായോഗികവുമായ പരിജ്ഞാനവും. 2. ഉത്പാദന ബന്ധങ്ങൾ സാമൂഹ്യ ഉത്പാദനത്തിന്റെ പ്രക്രിയയുടെ ഭാഗമായി മനുഷ്യർ തമ്മിലുണ്ടാകുന്ന സാമൂഹ്യ ബന്ധങ്ങൾ, അഥവാ വർഗ്ഗങ്ങൾ തമ്മിലുണ്ടാകുന്ന ബന്ധങ്ങൾ. ഉത്പാദന ശക്തികളും ഉത്പാദന ബന്ധങ്ങളും തമ്മിലുള്ള വൈരുധ്യമാണ് സാമൂഹ്യ മാറ്റത്തിന്റെ ചാലക ശക്തി. വർഗ്ഗസമരമാണ് ഈ വൈരുധ്യത്തിന്റെ മൂർത്തരൂപം. മനുഷ്യ ചരിത്രത്തെ നിർണ്ണയിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട പങ്കുവഹിക്കുന്നത് ഭൗതിക ഉത്പാദന രംഗത്തുണ്ടാകുന്ന (material conditions of production) മാറ്റങ്ങളാണ്.

ഇതാണ് മാർക്സിസത്തിന്റെ കാതലായിട്ടുള്ള ചരിത്രപരമായ ഭൗതികവാദം (historical materialism) മുന്നോട്ടു വയ്ക്കുന്ന ആശയം. ചരിത്രപരമായ ഭൗതികവാദത്തിൽ അധിഷ്ഠിതമായതാണ് മാർക്സിന്റെ പഠനരീതി, അഥവാ രീതിശാസ്ത്രം. ഉത്പാദന ശക്തികളുടെയും ഉത്പാദന ബന്ധങ്ങളുടെയും ആകെത്തുകയാണ് ഉത്പാദന വ്യവസ്ഥ (mode of production). ഏതൊരു സമൂഹത്തിലും ഓരോ ചരിത്രകാലഘട്ടത്തിലും ഒരു ഉത്പാദന വ്യവസ്ഥയ്ക്ക് മേൽക്കൈ ഉള്ളതായിക്കാണാം. ഉദാഹരണത്തിന്, അഞ്ച് നൂറ്റാണ്ടുകൾക്കു മുമ്പ് യൂറോപ്പിൽ നിലവിലിരുന്നത് ജന്മിത്തം എന്ന ഉത്പാദന വ്യവസ്ഥയായിരുന്നു.

ഇന്ന് ലോകത്തെ മിക്ക രാജ്യങ്ങളിലും നിലവിലുള്ളത് മുതലാളിത്തം എന്ന ഉത്പാദന വ്യവസ്ഥയാണ്.ഉത്പാദന ശക്തികളുടെ വികാസത്തിന് ഉത്പാദന ബന്ധങ്ങൾ തടസ്സമാകുമ്പോൾ വർഗ്ഗസമരം മൂർച്ഛിക്കുകയും സാമൂഹ്യ വിപ്ലവം പൊട്ടിപ്പുറപ്പെടുകയും ചെയ്യുന്നു. അതോടെ പഴയ ഉത്പാദന ബന്ധങ്ങൾ മാറ്റിമറിക്കപ്പെടുന്നു. അന്നുവരെ നിലവിലിരുന്ന ഉത്പാദന വ്യവസ്ഥ മാറി പുതിയ ഒന്ന് നിലവിൽ വരുന്നു. ലോകമെമ്പാടും ഫ്യൂഡലിസം അഥവാ ജന്മിത്തം മാറി മുതലാളിത്തം നിലവിൽ വന്നതും പല രാജ്യങ്ങളിലും മുതലാളിത്തം മാറി സോഷ്യലിസം നിലവിൽ വന്നതും ഇതിന് ഉദാഹരണങ്ങളാണ്.

ഉത്പാദന വ്യവസ്ഥ മാറുമ്പോൾ സമൂഹത്തിന്റെ നാനാതുറകളിലും വലിയ മാറ്റങ്ങളുണ്ടാകും. ഭരണസമ്പ്രദായം, നിയമങ്ങൾ, സംസ്കാരം, സമൂഹത്തിൽ പ്രബലമായ ആശയങ്ങൾ എന്നിങ്ങനെ സർവതലങ്ങളിലുമുണ്ടാകുന്ന മാറ്റങ്ങൾ ഇതിന്റെ ഭാഗമാണ് എന്ന് ചരിത്രം നമുക്ക് കാണിച്ചുതരുന്നു. ■



# ഇപിഎഫ് പെൻഷനില്ല

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ (ഇപിഎഫ്) പുതുതായി അംഗമാകുന്നവർക്ക് ദേശീയ പെൻഷൻ പദ്ധതി (എൻപിഎസ്) മാതൃകയിൽ പെൻഷൻ അക്കൗണ്ട് നടപ്പാക്കാൻ കേന്ദ്ര സർക്കാർ. ഇപിഎഫ് ട്രസ്റ്റ് ബോർഡ് യോഗത്തിലാണ് കേന്ദ്ര സർക്കാർ നിലപാട് വ്യക്തമാക്കിയത്.

ഇപിഎഫ് പെൻഷൻ പദ്ധതി അവലോകനത്തിനായി നിയോഗിച്ച ഉന്നത സമിതിയുടെ ശുപാർശയായാണ് ഈ നിർദേശം അവതരിപ്പിച്ചത്. ട്രേഡ് യൂണിയൻ പ്രതിനിധികൾ ഒന്നടങ്കം പ്രതിഷേധിച്ചതിനാൽ കൂടുതൽ ചർച്ചകൾക്കായി മാറ്റി വച്ചു.

നിലവിൽ എല്ലാ അംഗങ്ങളുടെയും പ്രതിമാസ വേതനത്തിൽ നിന്നുള്ള വിഹിതം പൊതു പെൻഷൻ ഫണ്ടിലേക്കാണ് പോകുന്നത്. ഇതിനു പകരം, പുതിയ അംഗങ്ങളുടെ പ്രതിമാസ വിഹിതം വ്യക്തിഗത അക്കൗണ്ടുകളിലേക്കും. 58 വയസാകുമ്പോൾ മൊത്തം നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകും പെൻഷൻ നിശ്ചയിക്കുക. മിനിമം പെൻഷൻ ഓരോ സമയത്തും കേന്ദ്ര സർക്കാർ പ്രഖ്യാപിക്കും.

സിഐടിയു പ്രതിനിധി എ കെ പത്മനാഭൻ നിർദേശത്തെ എതിർത്തു. ഇപിഎഫ് പെൻഷൻ പദ്ധതി അട്ടിമറിക്കാനുള്ള നീക്കമാണ് സർക്കാർ നടത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഇതര ട്രേഡ് യൂണിയൻ പ്രതിനിധികളും സർക്കാർ നിർദേശത്തോട് വിയോജിച്ചതോടെ യോഗത്തിൽ അധ്യക്ഷമായിരുന്ന തൊഴിൽമന്ത്രി സന്തോഷ് ഗങ്വാർ പിന്നീട് ചർച്ചയാകാമെന്ന് പറഞ്ഞ് വിഷയം മാറ്റി.

പുതിയ അംഗങ്ങളെ എൻപിഎസിൽ ചേർത്താൽ ഇപിഎഫ് പെൻഷൻ പദ്ധതി ക്രമേണ ദുർബലമാകും. ഒടുവിൽ നിലനിൽപ്പ് അപകടത്തിലാകും. ഇപിഎഫിൽ നിന്ന് ഓഹരി വിപണിയിൽ നിക്ഷേപിച്ചിതിന് പ്രതീക്ഷിച്ച വരുമാനം ലഭിക്കുന്നില്ലെന്ന് കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ട്

### ദേശീയ പെൻഷൻ പദ്ധതി

സർക്കാർ ജീവനക്കാർക്കായാണ് 2004 ൽ കേന്ദ്ര സർക്കാർ എൻപിഎസ് കൊണ്ടുവന്നത്. 18 മുതൽ 60 വയസുവരെയുള്ള ഏത് പൗരനും ചേരാവുന്ന പദ്ധതിയാക്കി 2009 ൽ ഇതിനെമാറ്റി. അംഗമാകുന്നവർ പെൻഷൻ അക്കൗണ്ടിലേക്ക് ഓരോ സാമ്പത്തിക വർഷവും നിശ്ചിത തുക അടയ്ക്കണം. ഈ തുകയുടെ ഗണ്യമായ പങ്കും ഫണ്ട് കൈകാര്യം ചെയ്യുന്ന ഏജൻസികൾ ഓഹരി വിപണിയിൽ നിക്ഷേപിക്കും. ഇതുവഴി അംഗത്തിന് ഇപിഎഫിനെക്കാൾ നേട്ടം ലഭിക്കുമെന്നാണ് സർക്കാർ വാദം. എന്നാൽ, ഓഹരി വിപണിയെ ആശ്രയിച്ചാണ് നേട്ടം. 2007- 08 ലെ ആഗോള സാമ്പത്തിക മാന്ദ്യത്തിൽ പാശ്ചാത്യരാജ്യങ്ങളിൽ ഇത്തരം നിരവധി പെൻഷൻ ഫണ്ടുകൾ തകർന്നിരുന്നു.

### പലിശ കുറച്ചു

നടപ്പു സാമ്പത്തിക വർഷം ഇപിഎഫ് നിക്ഷേപത്തിനുള്ള പലിശ നിരക്ക് 8.5 ശതമാനമായി കുറയ്ക്കാൻ കേന്ദ്ര ട്രസ്റ്റ് ബോർഡ് യോഗം തീരുമാനിച്ചു. 2018-19 ൽ 8.65 ശതമാനമായിരുന്നു പലിശ. സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ഇപിഎഫ്ഒ ഫണ്ടിൽ നിന്നുള്ള വരുമാനം കുറഞ്ഞതിനാൽ അംഗങ്ങൾക്ക് മുൻവർഷത്തെ പലിശ നിരക്ക് നൽകാൻ കഴിയില്ലെന്ന് യോഗത്തിൽ സർക്കാർ വ്യക്തമാക്കി. മൊത്തം 18 ലക്ഷം കോടി രൂപയാണ് ഇപിഎഫ്ഒയുടെ കൈവശമുള്ള ഫണ്ട്. ഇതിൽ 15 ശതമാനം ഓഹരി വിപണിയിൽ നിക്ഷേപിച്ചു. ■





# കൊറോണയും സാമ്പത്തികമാന്ദ്യവും

സജി വർഗ്ഗീസ്

> നവഉദാരവൽക്കരണ നടപടികളും ചങ്ങാത്ത മുതലാളിത്തവും സമ്പത്തിന്റെ കേന്ദ്രീകരണത്തിന് വഴിവച്ചതാണ് സാമ്പത്തികവളർച്ച ഇത്രമാത്രം കുറയുന്നതിന് വഴിവച്ചത്. തൊഴിലാളികൾ കടുത്ത ചൂഷണത്തിന് വിധേയരാകുന്നതും അവരുടെ വാങ്ങൽശേഷി ഇടിയുന്നതും സ്ഥിതി കൂടുതൽ വഷളാക്കിയിരിക്കുന്നു. കോർപ്പറേറ്റ് നികുതി കുറച്ചതിന്റെ ഫലമായി രാജ്യങ്ങളുടെ റവന്യു വരുമാനം കുറയുന്നതും സർക്കാരുകൾ ചിലവുകൾ വെട്ടിക്കുറയ്ക്കുന്നതും സാമ്പത്തിക തകർച്ചയ്ക്ക് ആക്കം കൂട്ടി. കാലാവസ്ഥ വ്യതിയാനം കാർഷികമേഖലയെ ഏറെ ദോഷകരമായി ബാധിച്ചിരിക്കുന്നു.

ആഗോള സമ്പത്‌വിവസ്ഥ 2020 ൽ വലിയ തിരിച്ചടികളെ നേരിടുകയും മാന്ദ്യത്തിലേക്ക് നീങ്ങുകയും ചെയ്യുമെന്ന് നിരവധി സാമ്പത്തിക ശാസ്ത്രകാരൻമാർ പ്രവചിച്ചിരുന്നു. 2008 ലെ മാന്ദ്യത്തിൽ നിന്നും പല രാജ്യങ്ങളും ഇനിയും കരകയറിയിട്ടില്ലായെന്നതിനാൽ സ്ഥിതി ഗുരുതരമാകുമെന്നവർ ചൂണ്ടിക്കാട്ടിയിരുന്നു. 2019 ഒക്ടോബറിൽ പുറത്തിറങ്ങിയ അന്താരാഷ്ട്ര നാണയനിധിയുടെ റിപ്പോർട്ടിൽ 2019 ൽ ലോക സമ്പദ്‌വ്യവസ്ഥ (2008-09 നു ശേഷമുള്ള ഏറ്റവും കുറഞ്ഞ വളർച്ചാ നിരക്കായ) 3 ശതമാനത്തിലേക്ക് പതിക്കുമെന്ന് പറഞ്ഞിരുന്നു. ലോക ബാങ്കാകട്ടെ അതിലും കുറഞ്ഞ സാമ്പത്തിക വളർച്ചയെ (2.6%) ഉണ്ടാവുകയുള്ളൂ എന്നാണ് അഭിപ്രായപ്പെട്ടത്. 2020 സാമ്പത്തികവർഷത്തിൽ ഇതിലും വളർച്ച കുറയുമെന്നാണ് നാണയനിധിയുടെ അഭിപ്രായം.

നവഉദാരവൽക്കരണ നടപടികളും ചങ്ങാത്ത മുതലാളിത്തവും സമ്പത്തിന്റെ കേന്ദ്രീകരണത്തിന് വഴിവച്ചതാണ് സാമ്പത്തികവളർച്ച ഇത്രമാത്രം കുറയുന്നതിന് വഴിവച്ചത്. തൊഴിലാളികൾ കടുത്ത ചൂഷണത്തിന് വിധേയരാകുന്നതും അവരുടെ വാങ്ങൽശേഷി ഇടിയുന്നതും സ്ഥിതി കൂടുതൽ വഷളാക്കിയിരിക്കുന്നു. കോർപ്പറേറ്റ് നികുതി കുറച്ചതിൻറെ ഫലമായി രാജ്യങ്ങളുടെ റവന്യൂ വരുമാനം കുറയുന്നതും സർക്കാരുക

ൾ ചിലവുകൾ വെട്ടിക്കുറയ്ക്കുന്നതും സാമ്പത്തിക തകർച്ചയ്ക്ക് ആക്കം കൂട്ടി. കാലാവസ്ഥ വ്യതിയാനം കാർഷികമേഖലയെ ഏറെ ദോഷകരമായി ബാധിച്ചിരിക്കുന്നു. വിവിധ രാജ്യങ്ങളിൽ ഭരണത്തിലേറിയ വലതുപക്ഷ ഫാസിസ്റ്റ് ഭരണാധികാരികൾ വ്യാപാരയുദ്ധത്തിൽ ഏർപ്പെടുന്നു. ഈ പശ്ചാത്തലത്തിലാണ് നാണയനിധി 2020 ൽ സാമ്പത്തിക വളർച്ച വീണ്ടുമിടിയുമെന്ന് ചൂണ്ടിക്കാട്ടിയിട്ടുള്ളത്.

## ഇടിത്തീ പോലെ കൊറോണ



ചൈനയിൽ നിന്നും നൂറിലേറെ രാജ്യങ്ങളിലേക്ക് കുറഞ്ഞ കാലയളവിനുള്ളിൽ പടർന്ന കൊറോണ വൈറസ് (കോവിഡ് 19) ഒരു ഇടിത്തീ പോലെയാണ് ഇതിനിടയിൽ വന്നുപതിച്ചത്. ഒരു ലക്ഷത്തിലേറെ പേരിലേക്ക് പടരുകയും നാലായിരത്തിലേറെ പേരുടെ ജീവനെടുക്കുകയും ചെയ്ത കൊറോണ ആഗോള സമ്പദ്വ്യവസ്ഥയെ ഇതിനകം പിടിച്ചുകുലുക്കിയിരിക്കുന്നു. ചൈനയിലെ വുഹാനിൽ നിന്ന് 2019 ഡിസംബറിൽ തുടങ്ങിയ രോഗവ്യാപനം മിക്ക രാജ്യങ്ങളേയും ബാധിക്കുകയും സമ്പദ്വ്യവസ്ഥയെ സ്തംഭനാവസ്ഥയിലേക്ക് നയിക്കുകയുമാണ്.

മിക്ക രാജ്യങ്ങളും യാത്രാവിലക്ക് ഏർപ്പെടുത്തിയതോടെ വ്യോമഗതാഗതം, ടൂറിസം, തീർത്ഥാടനം, ഹോട്ടൽ തുടങ്ങിയ മേഖലകളെ ഇതിനകം തന്നെ പ്രതിസന്ധിയിലാഴ്ത്തിയിരിക്കുന്നു. ഇൻറർനാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷന്റെ കണക്കുകൾ പ്രകാരം മാർച്ച് ആദ്യവാരം വരെ വ്യോമഗതാഗത മേഖലയിലുണ്ടായിട്ടുള്ള നഷ്ടം മൂന്ന് ലക്ഷം കോടി രൂപയിലേറെ വരും. ലോകത്ത് ഏറ്റവും കൂടുതൽ കയറ്റുമതി നടത്തുന്ന ചൈനയെ കൊറോണ ബാധിച്ചതിനാൽ അന്താരാഷ്ട്ര വ്യാപാരമേഖല പ്രതിസന്ധിയിലാണ്. ചൈനയിൽ നിന്നുള്ള ഇറക്കുമതിയെ ആശ്രയിച്ചുള്ള വ്യവസായങ്ങൾ മിക്ക രാജ്യങ്ങളിലും സ്തംഭനാവസ്ഥയിലേക്ക് നീങ്ങിക്കഴിഞ്ഞു. ജനങ്ങളുടെ കൂടിച്ചേരലുകൾക്ക് നിയന്ത്രണം വന്നതോടെ നിർമ്മാണമേഖലയും വ്യവസായ, സേവനമേഖലകളും പ്രതിസന്ധിയിലേക്ക് നീങ്ങുകയാണ്. എണ്ണ ഉപഭോഗം കുറയുമെന്ന അനുമാനത്തിൽ ആഗോളവിപണിയിൽ എണ്ണ വിലയിടിഞ്ഞു. എണ്ണ ഉൽപാദക രാജ്യങ്ങൾ ക്രൂഡോയിലിന്റെ വില വെട്ടിക്കുറക്കുകയും ഉൽപാദനം കുറയ്ക്കുകയും ചെയ്യുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. ഇതോടെ ആഗോള ഓഹരിവിപണിയിൽ തകർച്ച ആരംഭിച്ചു. സമീപകാലത്തെങ്ങും ഉണ്ടാകാത്ത ഇടിവാണ് മിക്ക രാജ്യങ്ങളിലെയും ഓഹരിവിപണിയിൽ ഉണ്ടായിട്ടുള്ളത്. (വിവിധ രാജ്യങ്ങളിലെ വിപണികളിൽ 7 ശതമാനം മുതൽ 20 ശതമാനം വരെ ഇടിവുണ്ടായിട്ടുണ്ട്).

പൊതു ആരോഗ്യസംവിധാനങ്ങൾ ഉള്ള രാജ്യങ്ങളിൽ സംവിധാനങ്ങൾ ഒരു പരിധിവരെ എളുപ്പത്തിൽ ഒരുക്കാൻ കഴിയുന്നുണ്ട്. എന്നാൽ സ്വകാര്യ മേഖലയ്ക്ക് മുൻതൂക്കമുള്ള രാജ്യങ്ങളിൽ സർക്കാർ സംവിധാനങ്ങൾ വിപുലപ്പെടുത്തേണ്ടിവന്നിരിക്കുകയാണ്. ഹുവാനിൽ ചൈനീസ് ഭരണകൂടം നടത്തിയ ഇടപെടലുകൾ എടുത്തുപറയേണ്ടതാണ്. പത്തുദിവസം കൊണ്ട് പുതിയ ആശുപത്രികൾ നിർമ്മിച്ച് ആയിരക്കണ



ക്കിന് രോഗികൾക്ക് അവർ പരിചരണസംവിധാനമൊരുക്കി. വലിയ ജാഗ്രത പുലർത്തിയതിനെ തുടർന്ന് ചൈനയിലെ മരണനിരക്കും, രോഗം പടരുന്ന അവസ്ഥയ്ക്കും കുറവു വന്നുതുടങ്ങിയിരിക്കുന്നു. പക്ഷേ ചൈനീസ് സമ്പദ്ഘടനയ്ക്ക് മേൽ വലിയ ആഘാതമായി കൊറോണ ബാധ തീർന്നിരിക്കുന്നു.

ആഗോള മാന്ദ്യത്തെയും വ്യാപാരയുദ്ധത്തെയും തുടർന്ന് കയറ്റുമതി കുറഞ്ഞതിനാൽ വളർച്ച കുറഞ്ഞ ചൈനീസ് സമ്പദ്ഘടന ഇരട്ട ആഘാതത്തിലാണിപ്പോൾ. കൊറോണ വഴി ആഭ്യന്തര ഡിമാൻറും കുറഞ്ഞിരിക്കുന്നു. വ്യോമയാന മേഖല, ഷിപ്പിംഗ്, ഓട്ടോമൊബൈൽ മേഖല, ടൂറിസം, ഹോട്ടലുകൾ, ഫാർമസ്യൂട്ടിക്കൽ മേഖല എല്ലാം വലിയ പ്രതിസന്ധിയിലാണ്. ചൈനയിലെ ഓട്ടോമൊബൈൽ മേഖലയിൽ മൂന്നു മാസം കൊണ്ട് 80 ശതമാനം വിൽപ്പനയാണ് കുറഞ്ഞത്. ചൈനയിൽ നിന്നുള്ള കയറ്റുമതിയിൽ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ 17.2 ശതമാനത്തിന്റെ ഇടിവാണുണ്ടായിട്ടുള്ളത്. കഴിഞ്ഞ വർഷം (2019) ചൈനീസ് സമ്പദ്ഘടന 6.1 ശതമാനം നിരക്കിലാണ് വളർന്നത്. 2020 വർഷത്തിൽ 5.9 ശതമാനം മുതൽ 6 ശതമാനം വരെ വളർച്ച അവർ ലക്ഷ്യം വെച്ചിരുന്നു. എന്നാൽ കൊറോണ ആ പ്രതീക്ഷകളെ തകിടം മറിച്ചിരിക്കുന്നു. സർക്കാർ ശക്തമായി ഇപടെട്ടിട്ടില്ലെങ്കിൽ സാമ്പത്തികവളർച്ച 4 ശതമാനം നിരക്കിലേക്ക് ഇടിയാനിടയുണ്ട്. എന്ന് ചില സാമ്പത്തികശാസ്ത്രകാരൻമാർ ചൂണ്ടിക്കാട്ടുന്നു.



കൊറോണ വൈറസ് ആഗോളതലത്തിൽ തന്നെ വലിയ തകർച്ചയ്ക്ക് വഴിവെക്കുമെന്ന് ഗ്രൂപ്പ് സെവൻ രാജ്യങ്ങൾ മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു. 2008 ലെ മാന്ദ്യത്തേക്കാൾ മോശമായ നിലയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത് എന്ന് പല ആഗോള ഏജൻസികളും അഭിപ്രായപ്പെട്ടുകഴിഞ്ഞു. ഒ.ഇ.സി.ഡി. ചൂണ്ടിക്കാട്ടുന്നത് ലോക സാമ്പത്തിക വളർച്ചയിൽ ഒരു ശതമാനത്തിന്റെയെങ്കിലും ഇടിവുണ്ടാകുമെന്നാണ്. 2.2 ശതമാനത്തിനപ്പുറം ആഗോള സാമ്പത്തികവളർച്ചയുയരാൻ സാധ്യതയില്ലെന്നാണവർ പ്രവചിച്ചിട്ടുള്ളത്. 2008-09 ന് ശേഷമുള്ള ഏറ്റവും വലിയ ഇടിവായിരിക്കുമിത്.

ചൈനയുമായി ഏറെ ബന്ധമുള്ള കംബോഡിയ, ലാവോസ്, മ്യാൻമർ, ഫിലിപ്പീൻസ്, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളെ ഇത് വലിയതോതിൽ ബാധിക്കും. ജപ്പാൻ, ദക്ഷിണ കൊറിയ, ഇറ്റലി, ജർമ്മനി തുടങ്ങിയ രാജ്യങ്ങൾ ഇതിനകം കൊറോണയുടെ പ്രത്യാഘാതമേറ്റുവാങ്ങിക്കഴിഞ്ഞു.

അമേരിക്കൻ കേന്ദ്രബാങ്കായ ഫെഡറൽ റിസർവ് മാർച്ച് 3 നും 9 നും രണ്ടുതവണയായി പലിശനിരക്ക് കുറയ്ക്കുകയും 50 ബില്യൺ ഡോളറിന്റെ പദ്ധതി പ്രഖ്യാപിക്കുകയും ചെയ്തു. ജപ്പാനും, ദക്ഷിണ കൊറിയയും, ഇറ്റലിയുമൊക്കെ സമാനമായ നടപടികൾ സ്വീകരിച്ചു. ഒപ്പെക്ക് രാജ്യങ്ങൾ ക്രൂഡോയിൽ ഉൽപാദനം പ്രതിദിനം 1.5 മില്യൻ ബാരൽ കുറയ്ക്കാൻ തീരുമാനിച്ചു. റഷ്യ ഉൽപാദനം കുറക്കാൻ തയ്യാറായില്ല. അതിനാൽ സൗദി അറേബ്യ ക്രൂഡോയിലിന്റെ വില കുറയ്ക്കുകയും ഉൽപാദനം കുറയ്ക്കേണ്ട എന്ന തീരുമാനിക്കുകയും ചെയ്തു. (ക്രൂഡോയിലിന്റെ വിലയിൽ ഏതാണ്ട് 20 ശതമാനത്തിലധികം വിലയിടിവാണുണ്ടായിട്ടുള്ളത്. അമേരിക്കൻ ഊഹക്കച്ചവടരംഗത്ത് ഏറ്റവും അധികം മുതൽമുടക്കുന്നത് എണ്ണക്കമ്പനികളാണ്). ചൈനീസ് ഭരണാധികാരികൾ മാന്ദ്യത്തിൽ നിന്നും കരകയറുന്നതിനായി കൂടുതൽ തുക മാറ്റിവച്ചിരിക്കുന്നു. ചൈനീസ് ബാങ്കുകളോട് കൂടുതൽ വായ്പ നൽകാൻ അവർ ആവശ്യപ്പെട്ടിരിക്കുന്നു.

### കൊറോണ ഇന്ത്യയിൽ

ചൈനയ്ക്ക് കൊറോണ വഴിയുണ്ടാകുന്ന തിരിച്ചടി ഇന്ത്യക്ക് ഗുണകരമാകുമെന്ന് ഇന്ത്യൻ പ്രധാനമന്ത്രിയും പല മന്ത്രിമാരും വീമ്പിളക്കിയിട്ടുണ്ട്. എന്നാൽ യാഥാർത്ഥ്യം ഇതിൽ നിന്നെല്ലാം ഏറെ യകലെയാണ്. മാന്ദ്യത്തിലേക്ക് നീങ്ങിയിട്ടുള്ള ഇന്ത്യൻ സമ്പദ്ഘടനയ്ക്ക് വലിയ ആഘാതമാണ് ഉണ്ടാവുക. നടപ്പുവർഷം ഏഴുശതമാനം വളർച്ച



യുണ്ടാകുമെന്ന് പറഞ്ഞിടത്ത് 4.5 ശതമാനത്തിന് താഴേക്ക് പോകാനാണ് സാധ്യത. ചൈനയിൽ കൊറോണ ദൃശ്യമായി മൂന്നു മാസം കഴിഞ്ഞപ്പോൾ തന്നെ ഇന്ത്യൻ ടെലികോം, മൊബൈൽ ഫോൺ, ഔഷധനിർമ്മാണം, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ തുടങ്ങിയ മേഖലകളിലെല്ലാം തിരിച്ചടി പ്രകടമായിക്കഴിഞ്ഞു. ഇന്ത്യയിലെ മിക്ക വ്യവസായങ്ങളും ചൈനയിൽ നിന്നുള്ള ഇറക്കുമതിയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. (ഇന്ത്യയിൽ വേണ്ടത്ര മാസ്ക്കുകൾ ലഭ്യമല്ലാത്തത് അതു നിർമ്മിക്കാൻ ഉപയോഗിക്കുന്ന വസ്തുക്കൾ ചൈനയിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത് എന്നതുകൊണ്ടാണ്).

ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന ടെക്സ്റ്റയിൽ, തുകൽ, വജ്രം, ആഭരണം, സമുദ്രോൽപ്പന്നങ്ങൾ, പെട്രോളിയം ഉൽപന്നങ്ങൾ, എഞ്ചിനിയറിംഗ് ഉൽപന്നങ്ങൾ എന്നിവയുടെ കയറ്റുമതിക്ക് തിരിച്ചടിയേറ്റാൽ അത് വലിയ ആഘാതമാണ് ഇന്ത്യൻ സമ്പദ്ഘടനയ്ക്ക് ഉണ്ടാക്കുക.ഓഹരിവിപണിയിലെ ശക്തമായ ഇടിവ് ഇന്ത്യൻ രൂപയ്ക്ക് മേൽ കനത്ത സമ്മർദ്ദം സൃഷ്ടിച്ചിരിക്കുകയാണ്.

യെസ് ബാങ്കിന്റെ തകർച്ചയ്ക്ക് കാരണമായി തീർന്ന നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനികളുടെ സാമ്പത്തിക പ്രതിസന്ധിയും വാണിജ്യബാങ്കുകളിൽ ഉരുണ്ടുകൂടുന്ന കിട്ടാക്കടങ്ങളും ഇന്ത്യൻ സമ്പദ്ഘടനയിൽ വലിയ ആഘാതമാണുണ്ടാ ക്കാൻ പോകുന്നത്.

കേരളത്തിൽ ശക്തമായ പൊതു ആരോഗ്യ സംവിധാനങ്ങളും പൊതുബോധവും നിലനിൽക്കുന്നതുകൊണ്ടാണ് കൊറോണയെ പ്രതിരോധിക്കാൻ കഴിയുന്നത്. എന്നാൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ സ്ഥിതി ഇതിൽ നിന്നും വ്യത്യസ്തമാണ്. യു.പി.യിലും ഗുജറാത്തിലുമൊക്കെ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ കുറവ് കാരണം വേണ്ട ചികിത്സ സമയത്ത് നൽകാനാവാതെ ഇപ്പോൾ തന്നെ ലക്ഷക്കണക്കിന് കുഞ്ഞുങ്ങൾ പിടഞ്ഞു മരിച്ചുകൊണ്ടിരിക്കുകയാണ്. കൊറോണ കൂടി വ്യാപിച്ചാൽ സ്ഥിതി ഗുരുതരമായിത്തീരും.

ഇത്തവണത്തെ കേന്ദ്ര ബഡ്ജറ്റിൽ ആരോഗ്യമേഖലയിൽ വലിയതോതിലുള്ള സ്വകാര്യവൽക്കരണമാണ് എൻ.ഡി.എ. സർക്കാർ ലക്ഷ്യമിടുന്നത്. സ്വകാര്യ ആരോഗ്യസംവിധാനങ്ങൾ പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന് പര്യാപ്തമല്ലായെന്ന് നിരവധി അനുഭവങ്ങൾ നമുക്കുണ്ടായിട്ടുണ്ട്. ■

# കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ 17-ാം സംസ്ഥാന സമ്മേളനം



പ്രസിഡന്റ്
കരുണാകരൻ പി



ജനറൽ സെക്രട്ടറി
ശശിധരൻ നായർ പി



ട്രഷറർ
രഞ്ജീവ് എസ്

കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ (CITU) 17ാം സംസ്ഥാന സമ്മേളനം 2020 ഫെബ്രുവരി 22-24 തീയതികളിലായി കോഴിക്കോട് നടന്നു. 22/02/2020 വൈകിട്ട് 4 മണിക്ക് സ. സൈമൺ ബ്രിട്ടോ നഗറിൽ (കോഴിക്കോട് NGO യൂണിയൻ ഹാൾ) സംഘടിപ്പിച്ച സാംസ്കാരിക സമ്മേളനം ബഹു. മന്ത്രി സ. ടി പി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കേരള NGO യൂണിയൻ സംസ്ഥാന പ്രസിഡന്റ് സ. ഇ പ്രേംകുമാർ അദ്ധ്യക്ഷനായി. മനോജ് പട്ടാനൂർ മുഖ്യ പ്രഭാഷണം നടത്തി. യൂണിയൻ സംസ്ഥാന പ്രസിഡന്റ് സ. പി കരുണാകരൻ, എ കെ രമേശ് (BEFI) എന്നിവർ സംസാരിച്ചു. സംസ്ഥാന സെക്രട്ടറി സ. പി രഘുനാഥ് നന്ദി പറഞ്ഞു.

23/02/2020 രാവിലെ 10ന് സ. എം ദാസൻ നഗറിൽ (സ്നേഹാഞ്ജലി ഓഡിറ്റോറിയം) യൂണിയൻ സംസ്ഥാന പ്രസിഡന്റ് സ. പി കരുണാകരൻ പതാക ഉയർത്തി അധ്യക്ഷത വഹിച്ച് പ്രതിനിധി സമ്മേളനം ആരംഭിച്ചു. സംസ്ഥാനത്തൊട്ടകെയുള്ള 73 ബ്രാഞ്ചുകളിൽ നിന്നായി 341 പ്രതിനിധികൾ പങ്കെടുത്തു. സ്വാഗത സംഘം ചെയർമാൻ സ. എ പ്രദീപ് കുമാർ MLA സ്വാഗതം പറഞ്ഞു. CITU സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം MP ഉദ്ഘാടനം ചെയ്തു. FSETO ജനറൽ സെക്രട്ടറി സ. ടി സി മാത്തുക്കുട്ടിയും കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവർണ്മെന്റ് എംപ്ലോയീസ് ജനറൽ സെക്രട്ടറി സ. പി വി രാജേന്ദ്രനും അഭിവാദ്യം ചെയ്തു.

തുടർന്ന് നടന്ന പ്രതിനിധി സമ്മേളനത്തിൽ സംസ്ഥാന സെക്രട്ടറിമാരായ സ. എസ് രഞ്ജീവ് രക്തസാക്ഷി പ്രമേയവും സ. കെ ടി മൊയ്തീൻ കുട്ടി അനുശോചന പ്രമേയവും അവതരിപ്പിച്ചു. സഖാക്കൾ പി കരുണാകരൻ, എം എൻ ഗോപകുമാർ, കെ ജി ബിന്ദു, സി സുജാത എന്നിവരടങ്ങിയ പ്രസീഡിയം സമ്മേളനം നിയന്ത്രിച്ചു. CITU സംസ്ഥാന ട്രഷറർ സ. പി നന്ദകുമാർ സമ്മേനത്തിലുടനീളം സന്നിഹിതനായിരുന്നു. ജനറൽ സെക്രട്ടറി എം തമ്പാൻ കഴിഞ്ഞ രണ്ട് വർഷത്തെ സംഘടനയുടെ പ്രവർത്തന റിപ്പോർട്ടും സംഘടനാ റിപ്പോർട്ടും, ട്രഷറർ പി ശശിധരൻ നായർ വരവ് ചെലവ് കണക്കും ആസ്തി ബാധ്യതാ കണക്കും അവതരിപ്പിച്ചു. തുടർന്ന് രണ്ട് ദിവസങ്ങളിലായി ആറ് മണിക്കൂർ നീണ്ട പൊതു ചർച്ചയിൽ 40 പ്രതിനിധികൾ പങ്കെടുത്തു. 24/02/2020 ന് സ. പി നന്ദകുമാർ സമ്മേളനത്തെ അഭിസംബോധന ചെയ്തു. സമ്മേളനത്തിലുയർന്ന ചർച്ചയ്ക്ക് ജനറൽ സെക്രട്ടറി സ. എം തമ്പാനും, ട്രഷറർ സ. പി ശശിധരൻ നായരും പ്രസിഡന്റ് സ. പി കരുണാകരനും മറുപടി പറഞ്ഞു.

സ. പി കരുണാകൻ (പ്രസിഡന്റ് ), പി ശശിധരൻ നായർ (ജനറൽ സെക്രട്ടറി), എസ് രഞ്ജീവ് (ട്രഷറർ) എന്നിവരടങ്ങിയ 15 അംഗ സംസ്ഥാന സെക്രട്ടറിയേറ്റിനെയും, സംസ്ഥാന സെക്രട്ടറിയേറ്റടക്കം 43 അംഗ സംസ്ഥാന കമ്മിറ്റിയെയും സമ്മേളനം ഏകകണ്ഠമായി തെരഞ്ഞെടുത്തു. സർവ്വീസിൽ നിന്നും വിരമിച്ച സംസ്ഥാന കൗൺസിൽ അംഗങ്ങളുടെ യാത്രയയപ്പ് യോഗം സ. പി കരുണാകരന്റെ അധ്യക്ഷതയിൽ ചേർന്നു. CPI(M) കോഴിക്കോട് ജില്ലാ സെക്രട്ടറി സ. പി മോഹനൻ മാസ്റ്റര ഉദ്ഘാടനം ചെയ്തു. ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന സെക്രട്ടറി സ. പി സതീദേവി ഉപഹാരം സമർപ്പിച്ചു സംസാരിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് പി സന്തോഷ് കുമാർ കൃതജ്ഞത പറഞ്ഞു. ■




# കേരളാ സ്റ്റേറ്റ് ഓട്ടോ ടാക്സി ലൈറ്റ് മോട്ടോർ വർക്കേഴ്സ് ഫെഡറേഷൻ സമ്മേളനം

കേരളാ സ്റ്റേറ്റ് ഓട്ടോ ടാക്സി ലൈറ്റ് മോട്ടോർ വർക്കേഴ്സ് ഫെഡറേഷൻ മൂന്നാമത് സംസ്ഥാന സമ്മേളനം മലപ്പുറത്ത് വച്ച് മാർച്ച് മാസം 6, 7 തീയതികളിൽ നടന്നു. മലപ്പുറം ടൗൺ ഹാളിൽ (പി വി കൃഷ്ണൻ നഗർ) 6-ാം തീയതി ഫെഡറേഷൻ പ്രസിഡന്റ് സ. കെ എസ് സുനിൽകുമാർ പതാക ഉയർത്തിയതോടു കൂടി സമ്മേളന നടപടികൾ ആരംഭിച്ചു. പ്രതിനിധി സമ്മേളനം ആൾ ഇന്ത്യാ റോഡ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷൻ അഖിലേന്ത്യാ ജനറൽ സെക്രട്ടറി സ. കെ കെ ദിവാകരൻ ഉത്ഘാടനം ചെയ്തു. പ്രസിഡന്റ് അധ്യക്ഷത വഹിച്ച യോഗത്തിൽ സഹകരണ ദേവസ്വം മന്ത്രി സ. കടകംപള്ളി സുരേന്ദ്രൻ ആശംസാ പ്രസംഗം നടത്തി. സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് സ: വി ശശികുമാർ, സ: കൂട്ടായി ബഷീർ എന്നിവർ ആദ്യാവസാനം സമ്മേളനത്തിൽ പങ്കെടുത്തു. ജനറൽ സെക്രട്ടറി കെ വി ഹരിദാസ് പ്രവർത്തന റിപ്പോർട്ടും ട്രഷറർ എം ബി സ്യമന്ത ഭദ്രൻ വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു. ചർച്ചകൾക്കു ശേഷം ജനറൽ സെക്രട്ടറി മറുപടി പറഞ്ഞു. റിപ്പോർട്ടും കണക്കുകളും സമ്മേളനം അംഗീകരിച്ചു. 7-ാം തീയതി മോട്ടോർ വ്യവസായ പ്രതിസന്ധി എന്ന വിഷയത്തിൻമേൽ നടന്ന ചർച്ചയിൽ സഖാക്കൾ പങ്കെടുത്തു. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ എം എസ് സ്കറിയ സമ്മേളനത്തെ അഭിസംബോധന ചെയ്തു.

സമ്മേളനം തെരഞ്ഞെടുത്ത ഭാരവാഹികൾ: പ്രസിഡന്റ് - എൻ ഉണ്ണികൃഷ്ണൻ, ജനറൽ സെക്രട്ടറി- കെ എസ് സുനിൽകുമാർ, ട്രഷററ്- എം ബി സ്യമന്തഭദ്രൻ, വൈസ്പ്രസിഡന്റുമാർ- കെ വി ഹരിദാസ്, ടി പി ശ്രീധരൻ, രാജു എബ്രഹാം, എക്സ് സലാം, ജി ലാലുമണി, എ വി റസ്സൽ. കെ ബാബു, അഡ്വ മധുസൂദനൻ, കെ ഉണ്ണി നായർ, കെ പി സെൽവൻ, കെ എൻ ശിവൻ, പി രാജേന്ദ്ര കുമാർ. സെക്രട്ടറിമാർ - കെ പ്രകാശ്ബാബു, കെ സേതുമാധവൻ, കെ സുഗതൻ, നാലാഞ്ചിറ ഹരി, കെ ജയമോഹനൻ, കെ കെ മമ്മു, പി കെ പുഷ്പാംഗദൻ, വി പി അനിൽ, യു വി രാമചന്ദ്രൻ, ടി എം ബൈജു, എ സൂസി, രാജീവ് മണികണ്ഠൻ, എം വി ഉദയകുമാർ, 28 അംഗ ഭാരവാഹികളെയും 99 അംഗ സംസ്ഥാന കമ്മിറ്റിയെയും 288 അംഗ ജനറൽ കൗൺസിലിനെയും സമ്മേളനം തെരഞ്ഞെടുത്തു.

7-ാം തീയതി വൈകുന്നേരം 5 മണിക്ക് മലപ്പുറം ടൗണിൽ ആയിരക്കണക്കിന് തൊഴിലാളികൾ പങ്കെടുത്ത റാലിയും പൊതുയോഗവും നടന്നു. സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം എം പി പൊതുസമ്മേളനം ഉത്ഘാടനം ചെയ്തു. ഫെഡറേഷന്റെ ഭാരവാഹികൾ യോഗത്തിൽ സംസാരിച്ചു. സിഐടിയു സംസ്ഥാന കമ്മിറ്റിക്കു വേണ്ടി സ: വി ശശികുമാർ സമ്മേളനത്തെ അഭിവാദ്യം ചെയ്തു. ■

# സാർവ്വദേശിയ വനിതാ ദിനത്തിലെ പ്രക്ഷോഭം

അഖിലേന്ത്യാ വർക്കിംഗ് വുമൺ കോ-ഓർഡിനേഷന്റെ നേതൃത്വത്തിൽ സർവ്വദേശിയ വനിതാ ദിനവുമായി ബന്ധപ്പെട്ട് മാർച്ച് 6 ന് കേരളത്തിലെ എല്ലാ ജില്ലയിലും കേന്ദ്ര ഗവൺമെന്റ് ഓഫീസിലേക്ക് മാർച്ചും പിക്കറ്റിങ്ങും നടത്തി. എല്ലാ ജില്ലയിലും സ്ത്രീകളുടെ വൻ പങ്കാളിത്തം ഉണ്ടായി.

എല്ലാവർക്കും തൊഴിൽ, മിനിമം വേതനം, തുല്യ വേതനം എന്നിവ എല്ലാ സ്ത്രീ തൊഴിലാളികൾക്കും ഉറപ്പാക്കുക പദ്ധതി തൊഴിലാളികളെ തൊഴിലാളികളായി അംഗീകരിക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ആക്രമണങ്ങൾ അവസാനിപ്പിക്കുക, കുറ്റക്കാരെ കർശനമായി ശിക്ഷിക്കുക, ജനപ്രതിനിധി സഭയിൽ 33% സ്ത്രീ സംവരണം ഉറപ്പാക്കുക, CAA പിൻവലിക്കുക NRC,NPR നിർത്തിവെക്കുക എന്നി ആവശ്യങ്ങൾ ഉന്നയിച്ചാണ് ദേശവ്യാപക പ്രക്ഷോഭം സംഘടിപ്പിച്ചത്.

കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് പോസ്റ്റ് ഓഫീസിലേക്കാണ് മാർച്ച് നടന്നത്. സിഐടിയു സംസ്ഥാന സെക്രട്ടറി സ. ടി.കെ രാജൻ ഉദ്ഘാടനം ചെയ്തു.

കണ്ണൂർ ജില്ലയിൽ ഹെഡ് പോസ്റ്റ് ഓഫിസിലേക്കായിരുന്നു മാർച്ച്. സിഐടിയു ജില്ലാ സെക്രട്ടറി മനോഹരൻ ഉദ്ഘാടനം ചെയ്തു.

കോഴിക്കോട് ജില്ലയിൽ ആദായനികുതി ഓഫീസിലേക്കാണ് മാർച്ച് നടത്തിയത് സി.ഐ.ടി.യൂ സംസ്ഥാന സെക്രട്ടറി പി.പി പ്രേമ ഉദ്ഘാടനം ചെയ്തു.

കല്പറ്റ പോസ്റ്റ് ഓഫിസിനു മുൻപിൽ നടന്ന സമരം സിഐടിയു ജില്ലാ സെക്രെട്ടറി സ. വി.വി ബേബി ഉദ്ഘാടനം ചെയ്തു.

പാലക്കാട് പോസ്റ്റ് ഓഫീസിലേക്കാണ് മാർച്ചും പിക്കറ്റിങ്ങും നടന്നത്.സിഐടിയു സംസ്ഥാനസെക്രട്ടറി വി.സി കാർത്യായനി ഉദ്ഘാടനംചെയ്തു.

മലപ്പുറം ദൂരദർശൻ മാർച്ചിൽ കലക്ടർക്ക് ആവശ്യങ്ങൾ ഉന്നയിച്ച് നിവേദനം സമർപ്പിച്ചു. സിഐടിയു അഖിലേന്ത്യ വർക്കിങ്ങ് കമ്മിറ്റി അംഗം ധന്യ ആബിദ് ഉദ്ഘാടനം ചെയ്തു.





തൃശൂർ ജില്ലയിൽ ആദായനികുതി ഓഫിസ് മാർച്ചും ധർണ്ണയും സിഐടിയു അഖിലേന്ത്യാ കമ്മിറ്റി അംഗം കെ.കെ പ്രസന്നകുമാരി ഉദ്ഘടനം ചെയ്തു.

എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആയിരകണക്കിന് തൊഴിലെടുക്കുന്ന വനിതകൾ ആടചഘല ഓഫീസ് ഉപരോധിച്ചു. ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് സൂസൻ കോടി ഉദ്ഘാടനം ചെയ്തു.

ഇടുക്കി ജില്ലായിൽ ശാന്തൻപറ ആടചഘല ഓഫിസിലേക്കാണ് മാർച്ചും പിക്കറ്റിങ്ങും നടന്നത്. സിഐടിയു സംസ്ഥാന വൈസ്പ്രസിഡന്റ് കെ.പി മേരി ഉദ്ടഘാനം ചെയ്തു.

കോട്ടയം ജില്ലയിൽ ഹെഡ് പോസ്റ്റ് ഓഫിസിലേക്കുള്ള മാർച്ചും പിക്കറ്റിങ്ങും സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് സ. സി.എസ് സുജാത ഉദ്ഘാടനം ചെയ്തു.

ആലപ്പുഴ ജില്ലയിൽ BSNL ഓഫിസിലേക്കുള്ള മാർചും പിക്കറ്റിങ്ങും സിഐടിയു സംസ്ഥാന വൈസ് പ്രസിഡ്രന്റ് സ. സുനിത കുര്യൻ ഉദ്ഘാടനം ചെയ്തു.

പത്തനംതിട്ട ജില്ലയിലെ ഹെഡ് പോസ്റ്റോഫീസിലേക്കു നടത്തിയ മാർച്ചും പിക്കറ്റിങ്ങും സിഐടിയു ജില്ലാ വൈസ് പ്രസിഡന്റ് അഡ്വ കെ.അനന്തഗോപൻ ഉദ്ഘാടനം ചെയ്തു.

കൊല്ലം ജില്ലയിൽ ഹെഡ്പോസ്റ് ഓഫിസിലേക്ക് നടത്തിയ മാർച്ചും പിക്കറ്റിങ്ങും സിഐടിയു ജില്ലാ സെക്രട്ടറി എസ്. ജയമോഹൻ ഉദ്ഘാടനം ചെയ്തു.

തിരുവന്തപുരം ജില്ലയിൽ രാജ്ഭവൻ മാർച്ച് ആയിരുന്നു. സിഐടിയു സംസ്ഥാന സെക്രട്ടറി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. ■

# അസോസിയേഷൻ ഓഫ് ഐ ടി എംപ്ലോയീസ് സമരം ഒത്തുതീർപ്പായി

അക്ഷയ പദ്ധതി യെ തകർക്കുന്ന നീക്കത്തിന് എതിരെ അസോസിയേഷൻ ഓഫ് ഐ ടി എംപ്ലോയീസ് (ഇകഠഡ)അനിശ്ചിതകാല സത്യഗ്രഹ സമരം നടത്തി.

അക്ഷയ പദ്ധതിയെ തകർക്കുന്ന ഗവൺമെന്റ് ഉത്തരവിൽ ഭേദഗതി വരുത്തുക, നിലവിലുള്ള ഉത്തരവിൽ ഭേദഗതി വരുത്തിയതിന് ശേഷം മാത്രം അക്ഷയ സംരംഭകരുടെ കരാർ പുതുക്കൽ പ്രക്രിയ ആരംഭിക്കുക, ഉത്തരവിൽ ഭേദഗതി വരുത്തുന്നത് വരെ ഈ ഉത്തരവ് വച്ച് നടത്തിവരുന്ന എല്ലാ നടപടി ക്രമങ്ങളും നിർത്തി വെക്കുക, അക്ഷയ കേന്ദ്രങ്ങളുടെ സർവീസ് ചാർജ് പുതുക്കി നിശ്ചയിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 2020 മാർച്ച് 3 ചൊവ്വാഴ്ച മുതൽ AITE (CITU) നേതൃത്യത്തിൽ കേരള സംസ്ഥാന ഐടി മിഷൻ ഓഫിസിനു മുന്നിൽ അനിശ്ചിതകാല സത്യാഗ്രഹ സമരം ആരംഭിച്ചു . സമരം CITUസംസ്ഥാന സെക്രട്ടറി സി കെ ഹരികൃഷണന്‍ ഉദ്ഘാടനം ചെയ്തു.




ഐടിയൂണിയന്റെ പ്രസിഡന്റ് പിഎസ് മധുസൂതനൻ ജനറൽ സെക്രട്ടറി എ ഡി ജയൻ, സംസ്ഥാന ട്രഷറർ ആർ ഹിരേഷ്, അക്ഷയ കൺവീനർ കെ കെ ദീപക്, ശോഭന വി ടി,കെ ജി സനൽ കുമാർ, നവനീത് കുമാർ എന്നിവർ നേതൃത്വം നൽകി. ഗവൺമെന്റുമായി നടത്തിയ ചർച്ചയെ തുടർന്ന് സമരം അവസാനിപ്പിച്ചു. ■

# സഹകരണ മേഖലയിലെ സുരക്ഷാ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കണം

സഹകരണ മേഖലയിലെ സെക്യൂരിറ്റി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഏകീകരിച്ച് സർക്കാർ പ്രഖ്യാപിച്ച മിനിമം വേതനം ഉറപ്പാക്കണമെന്നും സെക്യൂരിറ്റി ആന്റ് ഹൗസ് കീപ്പിങ് എംപ്ലോയീസ് ഫെഡറേഷൻ സഹകരണ സെക്ടർ കൺവെൻഷൻ ആവശ്യപ്പെട്ടു. സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് വി ജയപ്രകാശ് അധ്യക്ഷനായി. സിഐടിയു സംസ്ഥാന സെക്രട്ടറി വി ശിവൻകുട്ടി, കെ എഫ് ഡേവിസ്, അഡ്വ. മടവൂർ അനിൽ, അഡ്വ. ജി വിജയകുമാർ, കടത്തലക്കൽ ശ്രീകുമാർ, തെരുവത്ത് നാരായണൻ, ശ്രീകുമാർ എന്നിവർ സംസാരിച്ചു. ■

# കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എംപ്ലോയീസ് യൂണിയൻ





കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എംപ്ലോയീസ് യൂണിയൻ 4-ാം സംസ്ഥാന സമ്മേളനം 23.02.2020-ൽ തിരുവനന്തപുരം PWD ഹൗസിൽ ചേർന്നു. യോഗം CITU സംസ്ഥാന പ്രസിഡന്റ് സഖാവ്. ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. യൂണിയൻ പ്രസിഡന്റ് സഖാവ് പുല്ലുവിള സ്റ്റാൻലി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ CITU സംസ്ഥാന സെക്രട്ടറിമാരായ സഖാവ് വി. ശിവൻകുട്ടി, സ. കെ.എസ്. സുനിൽ കുമാർ, CITU ജില്ലാ പ്രസിഡന്റ് സഖാവ് ജയൻബാബു എന്നിവർ ആശംസകൾ അർപ്പിച്ചു.

ഈ സമ്മേളനം സ. പുല്ലുവിള സ്റ്റാൻലിയെ സംസ്ഥാന പ്രസിഡന്റായും സ. വിഷ്ണു.എസ്.എസ്.നെ ജനറൽ സെക്രട്ടറിയായും. സ. വിമൽ.വി.യെ ട്രഷററായും 19 അംഗ സംസ്ഥാന കമ്മിറ്റി രൂപീകരിച്ചു. ■

# ആൾ കേരളാ ഗ്യാസ് ഏജൻസീസ് തൊഴിലാളി യൂണിയൻ റിലേ സത്യാഗ്രഹം

ആൾ കേരളാ ഗ്യാസ് ഏജൻസീസ് തൊഴിലാളി യൂണിയൻ ഇകഠഡ നേതൃത്വത്തിൽ സെക്രട്ടറിയേറ്റിന് മുന്നിൽ ഫെബ്രുവരി മാസം 20-ന് ആരഭിച്ച റിലേ സത്യാഗ്രഹ സമരം മാർച്ച് മാസം 2 ന് പിൻവലിച്ചു. ബഹു: ലേബർ കമ്മീഷ്ണർ ഓഫീസിൽ 11- മണിക്ക് നടന്ന ചർച്ചയിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് മിനിമം വേജസ് കമ്മറ്റി നടപടി പൂർത്തികരിച്ച് ഗവൺമെൻറിന് സമർപ്പിക്കുന്നതിന് നടപടിയെടുത്തു എന്നത് സംബന്ധിച്ച് രേഖാമൂലം യൂണിയന് ഉറപ്പു നൽകി, ഗവൺമെന്റിന് സമർപ്പിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിലും മിനിമം വേജ് കമ്മറ്റിയുടെ നിരിക്ഷണവും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന ശുപാർശ അംഗീകരിച്ച് കരട് വിഞ്ജാപനം പ്രസിദ്ധികരിക്കുകയും കരട് വിഞ്ജാപനത്തിൻമേൽ തൊഴിലാളി യൂണിയനും തൊഴിലുടമകൾക്കും അക്ഷേപം ബോധിപ്പിക്കാൻ അവസരം നൽകി അന്തിമ വിഞ്ജാപനം പുറപ്പെടുവിക്കുന്നതാണ്.

ഇത്തരം നടപടികൾ രണ്ട് മാസം കൊണ്ട് പൂർത്തികരിക്കുമെന്ന് ലേബർ കമ്മീഷ്ണർ അറിച്ചതിനെ തുടർന്ന് സമരം അവസാനിപ്പിച്ചു. ചർച്ചയിൽ CITU സംസ്ഥാന സെക്രട്ടറി ടികെ രാജൻ, യൂണിയൻ സംസ്ഥാന പ്രസിഡന്റ് സ. വിഎസ് മണി.ജനറൽ സെക്രട്ടറി, പി.ജെ.ആന്റണി എന്നിവർ പങ്കെടുത്തു. ■

# മാനേജ്മെന്റിന്റെ പിടിവാശിക്ക് മുമ്പിൽ മുട്ടുമടക്കാതെ മുത്തൂറ്റ് സമരം തുടരുന്നു



സമരത്തിലേർപ്പെട്ട തൊഴിലാളികൾക്കുവേണ്ടി കേരള എൻജിഒ യൂണിയൻ ശേഖരിച്ച 15 ലക്ഷം രൂപയുടെ ചെക്ക് മുത്തൂറ്റ് യൂണിയൻ ഭാരവാഹികൾക്ക് കൈമാറുന്നു

മുത്തൂറ്റ് യൂണിയൻ സെക്രട്ടറി ഉൾപ്പെടെ 164 ജീവനക്കാരെ അന്യായമായി പിരിച്ച് വിട്ടതിനെതിരെയാണ് ജീവനക്കാർ കഴിഞ്ഞ 74 ദിവസമായി സമരം നടത്തുന്നത്. ഹൈക്കോടതി ഇടപെട്ട് ഒത്തുതീർപ്പുണ്ടാക്കാൻ അഭ്യർത്ഥന നടത്തിയിട്ടും മാനേജ്മെന്റ് വഴങ്ങുന്നില്ല. ട്രേഡ് യൂണിയനെ അംഗീകരിക്കില്ല എന്ന വാശിയാണ് മാനേജ്മെന്റിന്.

മാർച്ച് 3 ന് മദ്ധ്യസ്ഥന്റെ മുമ്പാകെ വീണ്ടും അനുരഞ്ജന ചർച്ച നടത്താൻ ഹൈക്കോടതി നിർദ്ദേശിച്ചിട്ടും ഒത്തുതീർപ്പിന് തയാറായില്ല. എല്ലാ ഭീഷണികളെയും അവഗണിച്ച് ജീവനക്കാർ സമരത്തിൽ ഉറച്ച് നിൽക്കുകയാണ്.

സമരസഹായ സമിതിയുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ഐക്യദാർഢ്യ സമരങ്ങൾ സംഘടിപ്പിച്ചു. വിവിധ സർവ്വീസ് സംഘടനകളും, തൊഴിലാളി സംഘടനകളും സമരത്തിലേർപ്പെട്ട ജീവനക്കാരെ സഹായിക്കുന്നുണ്ട്. ഇത്രയേറെ പിന്തുണയാർജ്ജിച്ച ഒരു സമരം അടുത്തകാലത്തൊന്നും കേരളത്തിൽ നടന്നിട്ടില്ല.

ട്രേഡ് യൂണിയൻ രൂപീകരിക്കാനുള്ള അവകാശം സംരക്ഷിക്കാൻ ജീവനക്കാർ നടത്തുന്ന സമരം വിജയം വരെ തുടരും. മുത്തൂറ്റ് ജീവനക്കാരുടെ സമരത്തെ സഹായിക്കാൻ സംസ്ഥാനത്തെ മുഴുവൻ തൊഴിലാളികളോടും സിഐടിയു അഭ്യർത്ഥിച്ചു.

തൊഴിൽ സംരക്ഷിക്കാൻ ജീവനക്കാർ നടത്തുന്ന സമരത്തിന് ട്രേഡ് യൂണിയനുകൾ നൽകി വരുന്ന പിന്തുണ ശക്തിപ്പെട്ടുവരുന്നു. നിയമ വിരുദ്ധമായി പ്രതികാര പരമായി പുറത്താക്കിയ 164 തൊഴിലാളികളെ അടിയന്തിരമായി തിരിച്ചെടുത്ത് പണിമുടക്ക് ഒത്തുതീർപ്പാക്കണമെന്നും, അല്ലാത്തപക്ഷം സമരം കൂടുതൽ ശക്തിപ്പെടുത്താൻ സംയുക്ത ട്രേഡ് യൂണിയൻ നിർബന്ധിതരാകുമെന്ന് സംയുക്ത ട്രേഡ് യൂണിയൻ സംസ്ഥാന കമ്മിറ്റി അംഗീകരിച്ച പ്രമേയത്തിലൂടെ മുത്തൂറ്റ് മാനേജ്മെൻറിനെ ഓർമ്മപ്പെടുത്തി. ■

## വഴിയോര കച്ചവട തൊഴിലാളി ഫെഡറേഷൻ സംഘടിപ്പിച്ച സമരതെരുവ്



വഴിയോരക്കച്ചവട തൊഴിലാളി ഫെഡറേഷൻ സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ സമരതെരുവ് സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉത്ഘാടനം ചെയ്യുന്നു. ■

അനുസ്മരണം

# സ. കെ വി ജോസ് മാതൃകാ തൊഴിലാളി വർഗ നേതാവ്

കെ പി സഹദേവൻ



കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ വി ജോസ് നമ്മെ വിട്ടു പിരിഞ്ഞു. കേരളത്തിലെ തൊഴിലാളി പ്രസ്ഥാനത്തിന്റെ ഏറ്റവും ശക്തനായ നേതാവായിരുന്നു സ: ജോസ്.

തൃശൂരിൽ ഒരു കച്ചവട സ്ഥാപനത്തിൽ ജോലി ചെയ്തുകൊണ്ടായിരുന്നു അദ്ദേഹം രാഷ്ട്രീയ രംഗത്തും ട്രേഡ് യൂണിയൻ രംഗത്തും പ്രവർത്തനം ആരംഭിച്ചത്. പ്രസിദ്ധമായ നല്ലങ്കര മുക്കാട്ടുകര കർഷക തൊഴിലാളി സമരത്തിൽ അദ്ദേഹം സജീവമായി പങ്കെടുക്കുകയുണ്ടായി. അതിന്റെ ഭാഗമായി അദ്ദേഹത്തിന് പോലീസിന്റെ ക്രൂര മർദ്ദനം ഏൽക്കേണ്ടി വന്നു.

അമച്വർ നാടക രംഗത്ത് സഖാവ് സജീവമായിരുന്നു. നല്ലൊരു കമ്യൂണിസ്റ്റും ഗായകനുമായിരുന്നു. ചെറുപ്പം മുതലേ കമ്യൂണിസ്റ്റ് ആശയം നെഞ്ചിലേറ്റി അതനുസരിച്ച മാതൃകാ ജീവിതമാണ് നയിച്ചുവന്നത്. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ചെയർമാനായി അദ്ദേഹം വളരെക്കാലം പ്രവർത്തിച്ചു. തൊഴിലാളികളുടെ ഏതു പ്രശ്നത്തിനും പരിഹാരം ഉണ്ടാക്കുക എന്നത് അദ്ദേഹം വ്രതമായി എടുത്തിരുന്നു.

കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ അഖിലേന്ത്യാ ട്രഷറർ, കേരളാ ഗവ. ഫാം വർക്കേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി, കേരളാ അഗ്രിക്കൾച്ചറൽ ഫാം വർക്കേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി എന്നീ ചുമതലകൾ അദ്ദേഹം നിർവഹിച്ചിരുന്നു.

സിപിഐഎം തൃശൂർ ജില്ലാ കമ്മിറ്റി അംഗമായും സിഐടിയു സംസ്ഥാന കമ്മിറ്റി അംഗമായും അദ്ദേഹം പ്രവർത്തിച്ചു. മാതൃകാപരമായ ജീവിതമാണ് നയിച്ചത്. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം തൃശൂർ കോർപറേഷന്റെ പൊതു സ്മശാനത്തിലാണ് മൃതദേഹം സംസ്കരിച്ചത്. തൊഴിലാളി വർഗ പ്രസ്ഥാനത്തിന്റെ കരുത്തുറ്റ നേതാവും ഒരു മാതൃകാ കമ്യൂണിസ്റ്റുകാരനുമായി ജീവിച്ചുവന്ന സഖാവിന്റെ വേർപാടിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## സിഐടിയു സംസ്ഥാന സെക്രട്ടറിയേറ്റ്

## കെ വി ജോസിന്റെ നിര്യാണത്തിൽ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു

നിർമ്മാണത്തൊഴിലാളി മേഖലയിലെ തൊഴിലാളികളെ സംഘടിപ്പിച്ച് അവരെ അവകാശബോധമുള്ള തൊഴിലാളിയാക്കി മാറ്റുന്നതിൽ മുൻപന്തിയിൽ നിന്ന സഖാവായിരുന്നു ജോസ്.

സിഐടിയു സംസ്ഥാന കമ്മിറ്റി അംഗമായും,നിർമ്മാണ തൊഴിലാളി ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി, അഖിലേന്ത്യാ ഫെഡറേഷൻ ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചുവരികയായിരുന്നു സഖാവ് ജോസ്. ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനു വേണ്ടി സമർപ്പിത ജീവിതം നയിച്ച ഉജ്ജ്വലമായ സംഘടനയായിരുന്നു സഖാവ് ജോസ്. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാനുമായി കർമ്മമണ്ഡലത്തിൽ സജീവമായി പ്രവർത്തിച്ച് വരികയായിരുന്നു.

സഖാവ് കെ വി ജോസിനെ നിര്യാണം കേരളത്തിലെ തൊഴിലാളിവർഗ പ്രസ്ഥാനത്തിന് അപരിഹാര്യമായ നഷ്ടമാണ്. സഖാവിന്റെ നിര്യാണത്തിൽ സിഐടിയു സംസ്ഥാന സെക്രട്ടറിയേറ്റ് അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

# സെക്രട്ടറിയേറ്റ് പടിക്കൽ ആശാവർക്കർമാരുടെ സമരം




വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ആശാ വർക്കർമാർ സെക്രട്ടറിയേറ്റിലേക്ക് മാർച്ച് സംഘടിപ്പിച്ചു. ആശാ വർക്കേഴ്സ് ഫെഡറേഷൻ (സിഐടിയു) നേതൃത്വത്തിലായിരുന്നു സമരം. സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉത്ഘാടനം ചെയ്തു.

മാസവേതനം 10,000 രൂപയാക്കി ഉയർത്തുക, മാസാമാസം വേതനം വിതരണം ചെയ്യുക, ഉപാധികൾ വച്ചുള്ള വേതനം കുറയ്ക്കൽ ഒഴിവാക്കുക, ഉദ്യോഗസ്ഥ പീഡനം അവസാനിപ്പിക്കുക, ആശാ വർക്കർമാരെ സാമൂഹ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു സമരം.

ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് പി പി പ്രേമ അധ്യക്ഷയായി. വി വി പ്രസന്നകുമാരി, എം ബി പ്രഭാവതി. രജനി മോഹൻ, സജികുമാരി എന്നിവർ സംസാരിച്ചു. സംസ്ഥാന സെക്രട്ടറി എൽ ഗീത സ്വാഗതവും ഗീതാഗോപാൽ നന്ദിയും പറഞ്ഞു.

# എൻഎച്ച് എം സംസ്ഥാന കൺവെൻഷൻ

പഞ്ചായത്ത് ഡിസ്പെൻസറികളിലെ തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്ന് നാഷണൽ ഹെൽത്ത് മിഷൻ സ്റ്റാഫ് യൂണിയൻ (സിഐടിയു) സംസ്ഥാന കൺവെൻഷൻ ആവശ്യപ്പെട്ടു. സർക്കാർ വ്യവസ്ഥ പ്രകാരമുള്ള കുറഞ്ഞ കൂലി ദിവസ വേതനക്കാർക്കും നടപ്പിലാക്കണമെന്നും കൺവെൻഷൻ ആവശ്യമുയർത്തി. സിഐടിയു ജില്ലാ പ്രസിഡന്റ് പി കെ ശശി എംഎൽഎ ഉത്ഘാടനം ചെയ്തു.

**ഭാരവാഹികൾ:** ജോണി ചിന്നപ്പൻ (തിരുവനന്തപുരം) പ്രസിഡന്റ്, പി ലതാദേവി(പാലക്കാട്) - സെക്രട്ടറി, കെ ആർ രാജേഷ് (പാലക്കാട്) - ട്രഷറർ, കെ വേലായുധൻ (കാസർഗോഡ്) സിദ്ദിഖ് അബു (പത്തനംതിട്ട) വൈസ് പ്രസിഡന്റുമാർ, ആർ ഉണ്ണികൃഷ്ണൻ (കോഴിക്കോട്), ജോയിന്റ് സെക്രട്ടറിമാർ.

# ട്രാൻസ്പോർട്ട് തൊഴിലാളികളുടെ രാജ്ഭവൻ മാർച്ച്






ആഡംബര വാഹനങ്ങൾക്ക് പെർമിറ്റ് ഇല്ലാതെ രാജ്യത്ത് എവിടെയും യഥേഷ്ടം ഓടാനവസരം നൽകുന്ന ജനുവരി 7 ന്റെ കേന്ദ്ര വിജ്ഞാപനം പിൻവലിക്കുക, പൊതുഗതാഗതം സംരക്ഷിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കെ.എസ്.ആർ.ടി.എംപ്ലോയീസ് അസോസിയേഷൻ (സി.ഐ.ടി.യു) നേതൃത്വത്തിൽ മാർച്ച് 4 ന് നടത്തിയ രാജ്ഭവൻ മാർച്ചിൽ നൂറുകണക്കിന് ട്രാൻ. തൊഴിലാളികൾ പങ്കെടുത്തു. 22 യാത്രക്കാരിലധികം വഹിക്കാൻ കപ്പാസിറ്റിയുള്ളതും, പുതിയ ബസ് ബോഡി കോഡനുസരിച്ച് നിർമ്മിച്ചിട്ടുള്ളതുമായ എ.സി. ഡീലക്സ് ബസുകളെ കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 66 ൽ നിന്ന് ഒഴിവാക്കിയാണ് കേന്ദ്ര സർക്കാർ വിജ്ഞാപനമിറക്കിയിരിക്കുന്നത്. വാഹനങ്ങളുടെ പെർമിറ്റ് നിർബന്ധമാക്കുന്ന സെക്ഷനിൽ നിന്നാണ് ആഡംബര വാഹനങ്ങളെ ഒഴിവാക്കിയിരിക്കുന്നത്. തിരക്കുള്ള റൂട്ടുകളിലും തിരക്കുള്ള സമയങ്ങളിലും ആഡംബര വാഹനങ്ങൾക്ക് പെർമിറ്റില്ലാതെ ഓടാൻ കഴിയുന്ന അവസരമുണ്ടായാൽ എല്ലാ ആർ.ടി.സി.കളും അടച്ചുപൂട്ടും. സ്വകാര്യ-ബസുകളുടെ നിലനില്പും അപകടത്തിലാവും. ബസ് വ്യവസായം ഇപ്പോൾ തന്നെ വലിയ പ്രതിസന്ധിയിലാണ്. രൂക്ഷമായ ഇന്ധനവില വർദ്ധനവും, സ്പെയർപാർട്ട്സ്, ടയർ തുടങ്ങിയ അനുബന്ധ സാധനങ്ങളുടെ വിലവർദ്ധനയുമാണ് പ്രതിസന്ധിക്ക് പ്രധാന കാരണം. സാമ്പത്തിക മാന്ദ്യം യാത്രക്കാരുടെ എണ്ണത്തിൽ കുറവുണ്ടാക്കുകയും ചെയ്യുന്നു. ഇപ്പോൾ തന്നെ പ്രതിസന്ധിയിലകപ്പെട്ട ആർ.ടി.സി.കൾ ദീർഘദൂര സർവ്വീസുകളിൽ നിന്ന് ലഭിക്കുന്ന വരുമാനം കൊണ്ടാണ് പിടിച്ചുനിൽക്കുന്നത്. ഈ വരുമാനത്തെ ലക്ഷ്യമിട്ട് ആഡംബര വാഹനങ്ങൾ നിരത്തിലിറങ്ങുന്നതോടെ ആർ.ടി.സി.കൾ അടച്ചുപൂട്ടുകയല്ലാതെ മറ്റു മാർഗ്ഗമില്ല. പെർമിറ്റില്ലാതെ നിരത്തിലിറങ്ങാനുള്ള അവസരം ലഭിക്കുന്നതോടെ നിരക്ക് നിശ്ചയിക്കുന്നതിനുള്ള അവസരവും വാഹന ഉടമകൾക്ക് ലഭിക്കും. തിരക്കിനനുസരിച്ച് യാത്രക്കാരെ കൊള്ളയടിക്കാനുള്ള അവസരംകൂടിയാണിത്.

പൊതുഗതാഗതത്തെ തികഞ്ഞ അരാജകത്വത്തിലേക്ക് നയിക്കുന്ന കേന്ദ്ര വിജ്ഞാപനത്തിനെതിരെ കെ.എസ്.ആർ.ടി.ഇ.എ. സംഘടിപ്പിച്ച സംസ്ഥാന സമരപ്രചരണ ജാഥ ഫെബ്രുവരി 12 ന് കോഴിക്കോട് വെച്ച് സി.ഐ.ടി.യു. സംസ്ഥാന ജനറൽ സെക്രട്ടറി സ.എളമരം കരീം എം.പി. ഉദ്ഘാടനം ചെയ്തു. മാർച്ച് 4 ന് നടന്ന രാജ്ഭവൻ മാർച്ച് സി.ഐ.ടി.യു. സംസ്ഥാന പ്രസിഡന്റ് സ.ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. ആൾ ഇന്ത്യാ റോഡ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷൻ ദേശീയ ജനറൽ സെക്രട്ടറി സ.കെ.കെ.ദിവാകരൻ അഭിവാദ്യം ചെയ്തു. അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് സ.വി.ശിവൻകുട്ടി അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സ.സി.കെ.ഹരികൃഷ്ണൻ സ്വാഗതവും, ട്രഷറർ സ.പി.ഗോപാലകൃഷ്ണൻ കൃതജ്ഞതയും രേഖപ്പെടുത്തി.

# ബ്യൂട്ടി പാർലർ തൊഴിലാളി സെക്രട്ടറിയേറ്റ് മാർച്ചും ധർണയും

ബ്യൂട്ടീഷന്മാർക്ക് ഇഎസ്ഐ ഏർപ്പെടുത്തുക, ബ്യൂട്ടി പാർലർ തുടങ്ങാൻ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ ലൈസൻസ് അനുവദിക്കുക, ബ്യൂട്ടീഷന്മാർ വധൂ-വരന്മാരെ അണിയിച്ചൊരുക്കുന്നത് സംഗീത- നാടക അക്കാദമി ചമയ കലകളുടെ പട്ടികയിൽ ഉൾപ്പെടുത്തുക, തൊഴിൽക്കരം, ലൈസൻസ് ഫീസ് എന്നീ നികുതികൾ ലഘൂകരിക്കുക, വ്യാജ കോസ്മെറ്റിക്കുകളുടെ പരിശോധന കർശനമാക്കുക, ഷോർട് ടേം ബ്യൂട്ടീഷൻ കോഴ്സുകൾ ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങൾ ബ്യൂട്ടീഷന്മാർ ഉന്നയിച്ച്, കേരളാ സംസ്ഥാന ബ്യൂട്ടീഷൻസ് അസോസിയേഷൻ നേതൃത്വത്തിൽ ബ്യൂട്ടി പാർലർ തൊഴിലാളികൾ ഫെബ്രുവരി 28 ന് സെക്രട്ടറിയേറ്റ് മാർച്ചും ധർണയും നടത്തി.




സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നുമായി തൊഴിലാളികൾ സമരത്തിന് എത്തിച്ചേർന്നിരുന്നു. സിഐടിയു സംസ്ഥാന പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദൻ ധർണ ഉത്ഘാടനം ചെയ്തു. അസോസിയേഷൻ പ്രസിഡന്റ് അഡ്വ. സ. സിഎസ് സുജാത എക്സ് എംപി അധ്യക്ഷയായി. സിഐടിയു സംസ്ഥാന സെക്രട്ടറി സ. വി. ശിവൻകുട്ടി സംഘടനാ വിശദീകരണം നടത്തി.

## റെയിൽവെ സ്വകാര്യവൽക്കരണത്തിനെതിരെ ഡിവിഷണൽ ഓഫീസിനു മുന്നിൽ ധർണ

സ്വകാര്യവൽക്കരണ നീക്കം ഉപേക്ഷിക്കുക, ട്രേഡ് യൂണിയൻ സ്വാതന്ത്ര്യം ഉറപ്പാക്കുക, സമയബന്ധിതമായി സ്ഥാനക്കയറ്റം നൽകുക, റഫറൽ ആശുപത്രി സൗകര്യം പുനസ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു ധർണ നടത്തിയത്. ധർണ സിഐടിയു സംസ്ഥാന സെക്രട്ടറി കെ എസ് സുനിൽകുമാർ ഉത്ഘാടനം ചെയ്തു. ഡോ. എ സമ്പത്ത്, മാത്യു സി അശോക്, സുശോഭൻ തുടങ്ങിയവർ സംസാരിച്ചു.



## നവമാധ്യമ രംഗത്ത് സിഐടിയു കേരള സംസ്ഥാന കമ്മറ്റി സജീവമായി.

മുൻപ് ഫെയ്സ്ബുക്കിലും വെബ്സൈറ്റിലും മാത്രമായിരുന്ന സിഐടിയുവിന്റെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ ഇപ്പോൾ ട്വിറ്റെർ, ഇൻസ്റ്റാഗ്രാം, യൂട്യൂബ്, ഹലോ തുടങ്ങിയ വിവിധ രംഗങ്ങളിൽ ലഭ്യമാണ്. കൂടാതെ വെബ്സൈറ്റിൽ ഏറ്റവും പുതിയ വാർത്തകളും ആർട്ടിക്കിളുകളും ലഭ്യമാണ്. എല്ലാ സോഷ്യൽ മീഡിയ രംഗങ്ങളിലും citukerala എന്ന് സെർച്ച് ചെയ്യുമ്പോൾ ഒഫീഷ്യൽ അക്കൗണ്ടുകൾ ലഭ്യമാകും.



വെബ്സൈറ്റ് : www.citukerala.org
ഫെയ്സ്ബുക്ക് : https://www.facebook.com/citukeralastate/
ട്വിറ്റർ : https://twitter.com/CituKerala?s=09
യൂട്യൂബ് : https://www.youtube.com/channel/UCW5EqbHSOlTSHP1KbX1f8gg
ഇൻസ്റ്റാഗ്രാം : https://instagram.com/citukerala?igshid=1uv5l6fwndozm
ഹലോ : http://m.heloapp.com/al/fSvmRpUSc